VOL NO: 03 | ISSUE 51

# നേർപഥം

വാരിക

www.nerpatham.com | mail@nerpatham.com

2019 DECEMBER 21 | ₹12

## സഹകരണം മനുഷ്യത്വത്തിന്റെ അടയാളം

ദാരിദ്ര്യവും സമ്പന്നതയും ദൈവിക പരീക്ഷണമാണ്. ദാരിദ്ര്യം അനുഭവിക്കുന്നവർ ആ വിഷമാവസ്ഥയിലും സ്രഷ്ടാവിനെ മറക്കാതിരിക്കാൻ ശ്രമിക്കേണ്ടതുണ്ട്. ധനികൻ തന്റെ സമ്പന്നതയിൽ മതിമറന്ന് സ്രഷ്ടാവിനെ ധിക്കരിക്കാതിരിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യേണ്ടതുണ്ട്. തന്റെ ധനം കൊണ്ട് നരകത്തിലെത്തിച്ചേരാനും സ്വർഗത്തിലെത്തിച്ചേരാനും കഴിയുമെന്ന് അവൻ ഗ്രഹിക്കണം. അന്യായമായി സമ്പാദിക്കുകയും അധാർമികതയുടെ മാർഗത്തിൽ ചെലവഴിക്കുകയും ചെലവഴിക്കേണ്ട മാർഗങ്ങളെ അവഗണിക്കുകയും ചെയ്താൽ ധനംകൊണ്ടുള്ള പരീക്ഷണത്തിൽ അവൻ പരാജിതനാണെന്ന് വരുന്നു.



## പൗരത്വത്തിന്റെ മതവും രാഷ്ട്രീയവും

രാജ്യത്തിന്റെ മതേതര സങ്കൽപത്തിന്റെയും സഹിഷ്ണുതാ മനോഭാവത്തിന്റെയും കടയ്ക്കൽ കത്തിവെച്ചു കൊണ്ട് പൗരത്വ ഭേദഗതി ബിൽ ലോകസഭ പാസാക്കിയിരിക്കുകയാണ്. എണ്ണബലവും തിണ്ണബലവുമുപയോഗിച്ച് പൗരന്മാരുടെ അടിസ്ഥാനവകാശങ്ങൾ ഭരണാധികാരികൾ തന്നെ നിഷേധിക്കാൻ മുൻകയ്യെടുക്കുമ്പോൾ തലമുറകളായി കാത്തു സൂക്ഷിച്ച നാടിന്റെ അന്തസ്സും ആഭിജാത്യവും തകർന്ന് തരിപ്പണമാവുകയാണെന്ന സത്യം പറയാതെ വയ്യ.

|| ജാതീയത: ചില സമകാലിക ചിന്തകൾ

|| വെല്ലുവിളികളെ അവസരങ്ങളായി കാണുക

|| മൂന്നാം ഖലീഫയുടെ ക്വുർആൻ ക്രോഡീകരണം

|| അവർ കത്തിച്ചു; ജനഹൃദയങ്ങളിൽ അത് ആളിക്കത്തി

Let's scaffold to survive

Relief .......without boundaries

# WISDOM FLOOD RELIEF

## Rs.10 Crore Wisdom Project for Flood Relief

Dear Sir,
Assalamu Alaikum..!
In the wake of recent flood in Kerala, the State level meeting of Wisdom Islamic Organisation, held on 15th August 2019, has resolved to implement a Rs.10 Crore Project for Flood Relief.

We are preparing a detailed plan as per the reports recieved from different districts for Construction of houses, Repair of houses, Cleaning and repairing the wells, Supply of food, dress, home appliances, school kits and loss of business and agriculture etc.

A joint effort is very much essential for the successful implementation of the above project. You can participate in the project by taking up any of the above projects fully or partially or otherwise try to get sponsors for the same.

It is also resolved to donate the income of two days of each Wisdom member to this noble venture. The details will be available soon.

May the Almighty empower all of us for the successful implementation of all our plans... (Aameen)


The Account details for transferring the Relief fund:

Wisdom Islamic Organization
Ac/No: 37489072044
State Bank of India
Palayam Branch
IFS CODE : SBIN0008635

Mob: 9567 070 031 - Whatsapp Only

official WISDOM ISLAMIC ORGANIZATION

C.V. Complex, P.V. Swami Road,
Kozhikode - 673002, Ph: 0495 4019437




നേർപഥം
വാരിക
0153 / 2019 ഡിസംബർ 21 / 1441 റബീഉൽ ആഖിർ 24 / പുസ്തകം 3 / ലക്കം 51

# പൗരത്വത്തിന്റെ മതവും രാഷ്ട്രീയവും

സുഫ്‌യാൻ അബ്ദുസ്സലാം / 10

**മുഖമൊഴി**

സഹകരണം മനുഷ്യത്വത്തിന്റെ അടയാളം / 05
എഡിറ്റർ

**ലേഖനം**

അവർ കത്തിച്ചു;
ജനഹൃദയങ്ങളിൽ അത് ആളിക്കത്തി / 15
സജ്ജാദ് ബിൻ അബ്ദു റസാക്വ്

വെല്ലുവിളികളെ അവസരങ്ങളായി കാണുക / 18
നബീൽ പയ്യോളി

അനുപമമായ ശിക്ഷണം / 20
അബ്ബാസ് ചെറുതുരുത്തി

ജാതീയത: ചില സമകാലിക ചിന്തകൾ / 26
അൽത്താഫ് അമ്മാട്ടിക്കുന്ന്

മൂന്നാം ഖലീഫയുടെ കാലത്തെ
ക്വുർആൻ ക്രോഡീകരണം / 29
ശമീർ മദീനി

**ജാലകം**

നാളേക്ക് ബാക്കിവെക്കുക / 06
കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ

**ക്വുർആൻ പാഠം**

പെരുമാറ്റം നന്നാക്കിയാൽ... / 09
സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി

**കൂട്ടായ്മ**

ഇസ്‌ലാം: നിർഭയത്വത്തിന്റെ നേർവഴി / 23
ടി.കെ.അശ്‌റഫ്

**ക്വുർആൻ ദർശനം**

ഖലം (പേന) / 32
അബ്ദുറഹ്മാൻ നാസിർ അസ്സഅദി

**കാഴ്ച**

നന്മയുടെ ശത്രുക്കൾ / 34
ഷാജഹാൻ സുറുമ, എടത്തനാട്ടുകര

Printed, published and owned by K. Sajjad | Printed at Sprint Offset Printers | Kozhikode
Published at Kozhikode | 673002 | Editor: Usman Palakkazhi | Chief Editor: Anil Primrose
Web Editor: Haseeb Elayur | Design, Cover & Layout: Elan Creativo
Nerpatham Weekly | PB No: 597 | EKP Complex | Kallai Road | Kozhikkode 2 | Kerala | India | Ph: 0495 4019437
mail@nerpatham.com | www.nerpatham.com | Facebook: www.facebook.com/nerpatham weekly

## വായനക്കാർ എഴുതുന്നു




# ശിക്ഷിക്കും മുമ്പ്...

**ഓ**രോ ബലാത്സംഗ വാർത്തയോടനുബന്ധിച്ചും ചർച്ചകളിൽ ഉയർന്നുവരുന്ന ആവശ്യമാണ് പ്രതികൾക്ക് ഇസ്‌ലാമിക രാജ്യങ്ങളിലെ ശിക്ഷ നടപ്പാക്കണം എന്നത്. മുസ്‌ലിംകളല്ലാത്തവർ തന്നെയാണ് ഇത്തരം ആവശ്യമുന്നയിച്ച് പലപ്പോഴും രംഗത്ത് വരാറുള്ളത്..

ആന്ധ്രപ്രദേശിൽ നാലു പ്രതികളെ പോലീസ് വെടിവച്ചു കൊന്നതിനെയും അതിനോട് അനുബന്ധിച്ചുമുള്ള ചർച്ചകൾ കണ്ടു. ഇത് പോലെ നിയമപാലകർ ശിക്ഷ നടപ്പിലാക്കുന്നതല്ല ഇസ്‌ലാമിക രാജ്യങ്ങളിലെ ശിക്ഷ എന്നതാണ് ആദ്യം മനസ്സിലാക്കേണ്ടത്. സത്യസന്ധമായി അന്വേഷണം പൂർത്തിയാക്കി പ്രതികളാണെന്ന് ഉറപ്പിച്ച ശേഷം മാത്രമാണ് ബലാത്സംഗമോ മറ്റു കുറ്റകൃത്യമോ നടത്തിയവർക്ക് ആ രാജ്യങ്ങളിൽ മാതൃകാപരമായ ശിക്ഷ നടപ്പിലാക്കാറുള്ളത്. ആ നടപടികൾ ഏറ്റവും വേഗത്തിലായിരിക്കും എന്ന് മാത്രം. കുറ്റവാളിയുടെ 'മനുഷ്യാവകാശത്തെ'ക്കാൾ ഇരയുടെയും കുടുംബത്തിന്റെയും നീതിക്കാണ് അവിടെ പ്രാധാന്യം നൽകാറുള്ളത്. ശിക്ഷ വിധിക്കുന്നത് കോടതിയാണ്. അതിന്റെ അടിസ്ഥാനത്തിലേ വിധി നടപ്പിലാക്കൂ. പൊതുജനമോ പൊലീസോ അതേറ്റെടുത്താൽ, അത്തരത്തിലൊരു കീഴ്‌വഴക്കത്തിന് സ്വീകാര്യത ലഭിച്ചാലുണ്ടാകുന്ന അപകടങ്ങൾ ചിന്തിക്കാവുന്നതിലും അപ്പുറമാണ്.

'ശിക്ഷ' നൽകുക എന്നതല്ല ആത്യന്തിക പരിഹാരമായി ഇസ്‌ലാം മുന്നോട്ട് വെക്കുന്നത് എന്ന് നാം മനസ്സിലാക്കേണ്ടതുണ്ട്. കുറ്റകൃത്യം നടക്കാതിരിക്കാനുള്ള കരുതലുകൾക്കാണ് ഇസ്‌ലാം പ്രാധാന്യം നൽകുന്നത്. അത്തരം കരുതലുകൾ എല്ലാം മറികടന്ന് വീണ്ടും ഒരുത്തൻ തെറ്റ് ചെയ്താലുള്ള അവസാന നടപടി മാത്രമാണ് ഇസ്‌ലാമിൽ ശിക്ഷ! അത് പരസ്യമായി നടപ്പിലാക്കുന്നത് സമൂഹത്തിന് കൃത്യമായ ഒരു സന്ദേശം നൽകുവാൻ കൂടിയാണ്. മറ്റാർക്കും അത്തരത്തിൽ ചിന്തിക്കാൻ തോന്നാത്ത തരത്തിൽ മാതൃകാപരമായി ശിക്ഷിപ്പെടേണ്ടതിന്റെ ആവശ്യം നമ്മുടെ നാട്ടിൽ പീഡനം നടത്തി തടിച്ചുകൊഴുത്തു നടക്കുന്ന പ്രതികൾ വിളിച്ചു പറഞ്ഞുകൊണ്ടിരിക്കുന്നുണ്ട്.

പലപ്പോഴും പീഡനങ്ങൾ നടന്നുകഴിഞ്ഞാൽ എത്ര കഠിനമായ ശിക്ഷ നൽകാം എന്നതിലേക്ക് ചുരുങ്ങുകയാണ് നമ്മുടെ ചർച്ചകൾ. പീഡനങ്ങൾ നടക്കാതിരിക്കാൻ എന്ത് ചെയ്യണം എന്നതിലേക്ക് നമ്മുടെ ചർച്ചകൾ പുരോഗമിക്കുന്നില്ല. അഥവാ നമ്മൾ ചർച്ച ചെയ്യുന്നത് വ്യവസ്ഥിതി മാറ്റത്തെ പറ്റി മാത്രമാണ്, മനഃസ്ഥിതി മാറ്റത്തെ പറ്റി നമ്മൾ ചിന്തിക്കുന്നുപോലുമില്ല!

പീഡനത്തിനുള്ള എല്ലാ അവസരങ്ങളും അവസ്ഥകളും മനഃസ്ഥിതി മാറ്റത്തിലൂടെ ഇല്ലായ്മ ചെയ്യുകയാണ് ഇസ്‌ലാം. മാത്രമല്ല, അന്യ സ്ത്രീയെ അനാവശ്യമായി നോക്കുന്നതോ സ്പർശിക്കുന്നതോ പോലും വിലക്കി. ലൈംഗിക കുറ്റകൃത്യങ്ങളിലേക്ക് പോകാതിരിക്കാനുള്ള എല്ലാവിധ നിയമങ്ങളും പുരുഷന് ബാധകമാക്കി. അശ്ലീലം കാണുന്നതോ സംസാരിക്കുന്നതോ പോലും ഗൗരവകരമായ പാപമായി പഠിപ്പിച്ചു. മനസ്സിൽ രോഗമുള്ള പുരുഷന്മാരിൽ നിന്ന് സ്ത്രീയെ സുരക്ഷിതയാക്കാൻ ഏറ്റവും മാന്യവും സുരക്ഷിതവുമായ വസ്ത്രധാരണം പാലിക്കാൻ അവളോട് ആവശ്യപ്പെട്ടു. ഏറ്റവും മാന്യമായ രീതിയിൽ ലൈംഗികത ആസ്വദിക്കുവാൻ ദാമ്പത്യജീവിതത്തിന്റെ ആവശ്യകത പഠിപ്പിച്ചു.

ഇങ്ങനെ വ്യഭിചാരത്തിലേക്ക് എത്തിപ്പെടുന്ന സാഹചര്യങ്ങളെല്ലാം പൂർണമായും ഇല്ലായ്മ ചെയ്ത്, സുരക്ഷിതവും സമാധാനപൂർണവുമായ സാമൂഹ്യ അന്തരീക്ഷം സൃഷ്ടിച്ച ശേഷമാണ്; അഥവാ മനഃസ്ഥിതി മാറ്റത്തിനും വ്യവസ്ഥിതി മാറ്റത്തിനും ശേഷമാണ് കുറ്റവാളികൾക്ക് ഏറ്റവും മാതൃകാപരമായ ശിക്ഷ നൽകാൻ ഇസ്‌ലാം കൽപിക്കുന്നത്.

പീഡനപ്രതികൾക്ക് ഏറ്റവും അർഹമായ ശിക്ഷ ലഭിക്കാൻ ആഗ്രഹിക്കുന്നതോടൊപ്പം എല്ലാവരും ശ്രമിക്കേണ്ടതും ഈ മനഃസ്ഥിതി മാറ്റത്തിന് വേണ്ടിയാണ്. നമുക്ക് നമ്മിൽ നിന്ന് തുടങ്ങാം, സ്ത്രീയെ കേവലമൊരു ഉപഭോഗ വസ്തുവായി കാണുന്നതിൽ നിന്നും, അവളെയൊരു പച്ചമനുഷ്യനായി, എന്നെപ്പോലെ അസ്തിത്വവും വ്യക്തിത്വവുമുള്ള മനുഷ്യനായി കാണാൻ എനിക്ക് സാധിക്കുന്നുണ്ടോ എന്ന സ്വയം പരിശോധനയിൽ നിന്ന് നമുക്ക് തുടങ്ങാം...

**-അബ്ദുല്ല ബാസിൽ സി.പി**

മുഖമൊഴി

# സഹകരണം മനുഷ്യത്വത്തിന്റെ അടയാളം

മലയാളികൾ നന്മയുടെ കാര്യത്തിൽ ലോകത്തിനു തന്നെ മാതൃകയാകും ചിലപ്പോൾ. രണ്ട് പ്രളയക്കെടുതികൾ അതിന്റെ ഉത്തമോദാഹരണങ്ങളാണ്. കൊടും ദുരിതത്തിലകപ്പെട്ടവരെ ജാതി, മത, പാർട്ടി വ്യത്യാസമില്ലാതെ കായികമായും സാമ്പത്തികമായും അകമഴിഞ്ഞ് സഹായിക്കുവാൻ മലയാളികൾ തയ്യാറായത് വിദേശ മാധ്യമങ്ങൾ പോലും വൻ പ്രാധാന്യത്തോടെ ലോകത്തെ അറിയിച്ചത് നാം കണ്ടതാണ്. സംസ്ഥാന ഗവൺമെന്റും വിവിധ സംഘടനകളും എല്ലാം നഷ്ടപ്പെട്ടവരുടെ പുനരധിവാസത്തിനായി കോടികളുടെ പദ്ധതികൾ പ്രഖ്യാപിച്ചു. അവയുടെ പ്രവർത്തനം നടന്നുകൊണ്ടിരിക്കുകയാണ്.

പരസ്പര സഹകരണത്തോടെ ജീവിക്കേണ്ടവരാണ് മനുഷ്യർ. ധനികരും ദരിദ്രരുമെല്ലാം പരാശ്രയം ആവശ്യമില്ലാത്ത, എല്ലാവർക്കും ആശ്രയമായ അല്ലാഹുവിന്റെ സൃഷ്ടികളാണ്. മനുഷ്യരുടെ നിലനിൽപും പരസ്പരാശ്രയത്തിലൂടെയാണ്. ധനികൻ ധനവായിത്തീർന്നതിനു പിന്നിൽ ഒരുപാട് പാവങ്ങളുടെ അധ്വാനമുണ്ടാകും. ദരിദ്രർക്ക് തങ്ങളുടെ ഉപജീവനമാർഗം കണ്ടെത്താൻ കഴിയുന്നത് ധനികരുള്ളത് കൊണ്ടാണ്.

പ്രകൃതിദുരന്തങ്ങൾ പോലുള്ളവയുണ്ടാകുമ്പോൾ മാത്രമല്ല മനുഷ്യത്വം ഉണരേണ്ടതും സഹായഹസ്തം നീട്ടേണ്ടതും. രോഗങ്ങൾ കൊണ്ടും പട്ടിണിയാലും കിടപ്പാടമില്ലാതെയുമൊക്കെ കഷ്ടപ്പെടുന്നവർ സമൂഹത്തിൽ എമ്പാടുമുണ്ട്. അവരെ സഹായിക്കുവാനുള്ള സന്നദ്ധതയും സന്മനസ്സും പ്രധാനമാണ്. മുസ്‌ലിംകളെ സംബന്ധിച്ചിടത്തോളം അത് അവരുടെ ബാധ്യതയാണ്.

ദാരിദ്ര്യവും സമ്പന്നതയും ദൈവിക പരീക്ഷണമാണ്. ദാരിദ്ര്യം അനുഭവിക്കുന്നവർ ആ വിഷമാവസ്ഥയിലും സ്രഷ്ടാവിനെ മറക്കാതിരിക്കാൻ ശ്രമിക്കേണ്ടതുണ്ട്. ധനികൻ തന്റെ സമ്പന്നതയിൽ മതിമറന്ന് സ്രഷ്ടാവിനെ ധിക്കരിക്കാതിരിക്കുകയും അവനോട് നന്ദി കാണിക്കുകയും ചെയ്യേണ്ടതുണ്ട്. തന്റെ ധനം കൊണ്ട് നരകത്തിലെത്തിച്ചേരാനും സ്വർഗത്തിലെത്തിച്ചേരാനും കഴിയുമെന്ന് അവൻ ഗ്രഹിക്കണം. അന്യായമായി സമ്പാദിക്കുകയും അധാർമികതയുടെ മാർഗത്തിൽ ചെലവഴിക്കുകയും ചെലവഴിക്കേണ്ട മാർഗങ്ങളെ അവഗണിക്കുകയും ചെയ്താൽ ധനംകൊണ്ടുള്ള പരീക്ഷണത്തിൽ അവൻ പരാജിതനാണെന്ന് വരുന്നു.

അഗതികളും അശരണരും അനാഥരുമായവരോട് അങ്ങേയറ്റം അനുഭാവം പുലർത്തുവാൻ കൽപിച്ച മതമാണ് ഇസ്‌ലാം. അവർക്കു വേണ്ടി ചെലവഴിക്കുന്നതിനെ 'അല്ലാഹുവിന്റെ മാർഗ'ത്തിലുള്ള ചെലവഴിക്കലായാണ് ഇസ്‌ലാം പരിഗണിക്കുന്നത്. സ്രഷ്ടാവിന്റെ പ്രതിഫലം ആഗ്രഹിച്ചുകൊണ്ട് അവന്റെ മാർഗത്തിൽ ചെലവഴിക്കുന്നവർക്ക് മഹത്തായ പ്രതിഫലമുണ്ടെന്ന് ഇസ്‌ലാം അറിയിക്കുന്നു. വിശുദ്ധ ക്വുർആൻ പറയുന്നു: "അല്ലാഹുവിന്റെ മാർഗത്തിൽ തങ്ങളുടെ ധനം ചെലവഴിക്കുന്നവരെ ഉപമിക്കാവുന്നത് ഒരു ധാന്യമണിയോടാകുന്നു. അത് ഏഴു കതിരുകൾ ഉൽപാദിപ്പിച്ചു. ഓരോ കതിരിലും നൂറ് ധാന്യമണിയും. അല്ലാഹു താനുദ്ദേശിക്കുന്നവർക്ക് ഇരട്ടിയിരട്ടിയായി നൽകുന്നു..." (2:261).

സത്യമതത്തിനു വേണ്ടിയും സഹജീവികൾക്കു വേണ്ടിയും ചെലവഴിക്കുമ്പോൾ അത് തങ്ങൾക്കു വേണ്ടിയുള്ള ചെലവഴിക്കൽ തന്നെയാണ്. അഥവാ അതിന്റെ പ്രതിഫലം ചെലവഴിക്കുന്നവർക്കു തന്നെയാണ് എന്നും ക്വുർആൻ ഉണർത്തുന്നു: "നിങ്ങൾ ധനം ചെലവഴിക്കുന്നുവെങ്കിൽ അത് സ്വന്തം നന്മയ്ക്ക് തന്നെയാണ്. അല്ലാഹുവിന്റെ പ്രീതി കാംക്ഷിച്ചല്ലാതെ നിങ്ങൾ ചെലവഴിക്കുന്നില്ലല്ലോ. നിങ്ങളെന്ത് ചെലവഴിച്ചാലും അതിന്റെ പ്രതിഫലം നിങ്ങൾക്ക് പൂർണമായും നൽകപ്പെടുന്നതാണ്. നിങ്ങളോട് അൽപം പോലും അനീതി കാണിക്കുകയില്ല" (2:272).

കുഞ്ഞിമുഹമ്മദ് മദനി പറപ്പൂർ
cparappur@gmail.com



# നാളേക്ക് ബാക്കിവെക്കുക

**ജീ**വിതത്തിന്റെ രണ്ടറ്റം കൂട്ടിമുട്ടിക്കാൻ വേണ്ടി പത്താംവയസ്സിൽ തന്നെ ഒരു വ്യാപാരിയുടെ കടയിൽ തൊഴിലാളിയായി ജീവിതം ആരംഭിച്ച ഒരു കുട്ടിയുടെ ജീവിത കഥയുണ്ട്. യഹ്‌യ ഇബ്നു ശറഫ് എന്നാണ് അദ്ദേഹത്തിന്റെ പേര്. പുരാതന സിറിയാ രാജ്യത്തിലെ 'ഹൂറാൻ' ദേശത്ത് 'നവ' എന്ന ഗ്രാമത്തിൽ ഏഴുന്നൂറു കൊല്ലങ്ങൾക്ക് മുമ്പ് ജീവിച്ചിരുന്ന ആ വ്യക്തി 'ഇമാം നവവി' എന്ന പേരിൽ പ്രസിദ്ധനായി.

നാൽപത്തിയാറു വയസ്സുവരെ (ഹിജ്റ 631-676, ക്രിസ്താബ്ദം 1277ൽ മരണം) മാത്രമെ അദ്ദേഹം ജീവിച്ചിരുന്നുള്ളൂ! ഇത്രയും കുറഞ്ഞ ആയുസ്സിനിടയ്ക്ക് അദ്ദേഹം എഴുതിയ ഒട്ടനേകം ഗ്രന്ഥങ്ങൾ ഇന്നും ലോകത്ത് പ്രൈമറി ക്ലാസിലെ കുട്ടികൾ മുതൽ മഹാ പണ്ഡിതന്മാർവരെ പഠിച്ചുകൊണ്ടിരിക്കുന്നു. അമ്പതിലധികം ബൃഹത്തായ ഗ്രന്ഥങ്ങൾ അദ്ദേഹം മുസ്‌ലിം ലോകത്തിന് സമർപ്പിച്ചു. ഹദീഥ്, ഭാഷ, ചരിത്രം, കർമശാസ്ത്രം എന്നീ അടിസ്ഥാന വിഷയങ്ങളാണ് അവയെല്ലാം.

ചരിത്രകാരന്മാർ അത്ഭുതത്തോടെ പറയുന്നത്, ഇത്രയും കാലത്തിനിടക്ക് അദ്ദേഹം സ്വന്തം കൈകൊണ്ടെഴുതിയ പുസ്തകങ്ങൾ ഒന്നിച്ചെടുത്താൽ അദ്ദേഹം ജനിച്ച ദിവസം തൊട്ട് മരിച്ച ദിവസം വരെയുള്ള നാൽപ്പത്തിയാറു വർഷത്തിൽ ഒരോ ദിവസവും രണ്ട് ക്വുർറാസ വീതം വീതിക്കാൻ കഴിയുമെന്നാണ്. ഒരു ക്വുർറാസ എന്നാൽ എട്ടു പേജുള്ള ഒരു ഫോൾഡർ എന്നാണ് കണക്കാക്കപ്പെടുന്നത്. അപ്പോൾ ഓരോ ദിവസവും 16 പേജ് എഴുതിയ പോലെയാണ് അദ്ദേഹം ജീവിതകാലത്ത് രചിച്ച പേജുകളുടെ എണ്ണം! ചെറുപ്പകാലം, ദിനചര്യകൾ, പ്രാർഥനകൾ, തൊഴിൽ തുടങ്ങി എല്ലാ അത്യാവശ്യങ്ങളും കഴിഞ്ഞ ശേഷം ഇത്രയധികം എഴുതിയിട്ടുണ്ടെങ്കിൽ അദ്ദേഹം സമ്പാദിച്ച അറിവിന്റെ ആഴം എത്രയായിരിക്കും! അദ്ദേഹത്തിന്റെ അധ്വാനം എത്ര വലുതായിരിക്കും! അദ്ദേഹം തന്റെ സമയം എത്ര ശ്രദ്ധയോടെയായിരിക്കും ചെലവഴിച്ചിട്ടുണ്ടാകുക!

ശർഹു മുസ്‌ലിം, റൗദതുത്ത്വാലിബീൻ, മിൻഹാജുത്ത്വാലിബീൻ, രിയാദുസ്സ്വാലിഹീൻ, അൽഅദ്കാർ, അത്തിബ്‌യാൻ, അത്തഹ്‌രീർ, അൽഈളാഹ് തുടങ്ങിയ വൻഗ്രന്ഥങ്ങളാണ് വിവിധ വിഷയങ്ങളിലായി അദ്ദേഹം രചിച്ചത്. ഇതിനിടയ്ക്ക് അധ്യാപകനായും ഉന്നത സ്ഥാപനങ്ങളുടെ മേധാവിയായും ഒരാളെയും ഭയപ്പെടാത്ത പ്രബോധകനായും ഒട്ടു കുറവല്ലാത്ത വിധം പ്രവർത്തിച്ചിരുന്നു.

നവവി ഇമാമിന്റെ ജീവിതത്തിലേക്ക് ഇങ്ങനെ ഒരു എത്തിനോട്ടം നടത്തിയത് നമ്മുടെ സമയത്തെയും ആയുഷ്‌കാലത്തെയും എങ്ങനെ പ്രയോജനപ്പെടുത്തണമെന്ന് സൂചിപ്പിക്കാനാണ്. 60/70 വയസ്സാണ് ശരാശരി നമ്മുടെ ആയുഷ്‌കാലം. അലിയ്യുബ്‌നു അബീത്വാലിബിൽ ﷺ നിന്ന് ഉദ്ധരിക്കപ്പെട്ടതെന്ന് പറയപ്പെടുന്ന ഒരു കവിതയുണ്ട്. അതിന്റെ സാരം ഇങ്ങനെയാണ്:


അറുപതാണ്ട് ജീവിതത്തിൽ
പകുതിയും രാത്രിയുറക്കമായി കഴിഞ്ഞു
ബാക്കിയാം പകുതിയശ്രദ്ധനായി
ഇടത്തും വലത്തും നടന്നു പൊലിഞ്ഞു
മൂന്നിലൊന്ന് കാലം തൊഴിലും ത്വരയും
മനക്കോട്ടകൾ കെട്ടിയും തുലഞ്ഞു
ബാക്കിയുള്ള കാലം നരയും രോഗവുമായി
വിടപറയാനുള്ള ദുഃഖത്തിലലിഞ്ഞു
കൊതിക്കുന്നതബദ്ധമാണധികം ജീവിക്കുവാൻ
ഇതാണ് റബ്ബിന്റെ വിഹിതമെന്നറിഞ്ഞോ...


ആറ്റികുറിക്കി നോക്കിയാൽ കാര്യഗൗരവമായി ജീവിക്കാൻ കുറച്ചേ അവസരമുള്ളൂ. ഈ അവസരവും കൂടി വെറുതെ കളഞ്ഞാൽ നാമെത്ര നഷ്ടക്കാരാണെന്ന് ഓർക്കുക!

ഈ കുറഞ്ഞ സമയംകൊണ്ടു വേണം ശാശ്വതമായ പരലോകത്ത് രക്ഷപ്പെടാൻ. ക്ഷണികമായ ഈ ജീവിതത്തിൽ നമുക്ക് ലഭിക്കുന്ന ഓരോ നിമിഷ നേരവും ശാശ്വതമായ പരലോകത്തിൽ അനേകവർഷങ്ങൾക്ക് തുല്യമായേക്കാം. ഇവിടുത്തെ കുറഞ്ഞ നേരത്തെ നന്മ ചെയ്താൽ പരലോകത്ത് ദീർഘ കാലത്തെ പ്രതിഫലത്തിന് കാരണമാകും. അഥവാ ഇവിടുത്തെ കുറഞ്ഞ സമയ നഷ്ടം പരലോകത്തെ ദീർഘകാലത്തെ സ്വർഗ ജീവിതത്തിന്റെ നഷ്ടമാകാം. അതിനാൽ ആയുസ്സിൽ ലഭിക്കുന്ന സമയത്തെ നാം പ്രയോജനപ്പെടുത്തണം.

ആയുഷ്‌കാലത്തെ പ്രയോജനപ്രദമാക്കണം എന്നാണ് ഇത്രയും പറഞ്ഞത് കൊണ്ട് ഉദ്ദേശിക്കുന്നത്. നബി ﷺ പ്രാർഥിക്കാറുണ്ടായിരുന്നതായി അബൂഹുറയ്‌റ ﷺ ഉദ്ധരിച്ച പ്രസിദ്ധമായ ഒരു പ്രാർഥനയുണ്ട്. അതിന്റെ അർഥം ഇപ്രകാരമാണ്:

"അല്ലാഹുവേ, എന്റെ മതം എനിക്ക് നല്ലതാക്കിത്തരേണമേ, അതാണ് എന്റെ മുഴുവൻ കാര്യങ്ങളുടെയും അവലംബം. എന്റെ ഇഹലോകം എനിക്ക് നന്നാക്കിത്തരേണമേ, അവിടെയാണ് എനിക്ക് ജീവിക്കാനുള്ളത്. എന്റെ പരലോകവും എനിക്ക് നല്ലതാക്കിത്തീർക്കേണമേ, അവിടേക്കാണെന്റെ മടക്കം. എന്റെ ആയുഷ്‌കാലമത്രയും നന്മ വർധിപ്പിക്കാനുതകുന്ന അവസരമാക്കേണമേ. എന്റെ മരണം എല്ലാ തിന്മയിൽ നിന്നും രക്ഷയാക്കേണമേ"
(മുസ്‌ലിം).






**ചരിത്രകാരന്മാർ അത്ഭുതത്തോടെ പറയുന്നത്, ഇമാം നവവി സ്വന്തം കൈകൊണ്ടെഴുതിയ പുസ്തങ്ങൾ ഒന്നിച്ചെടുത്താൽ അദ്ദേഹം ജനിച്ച ദിവസം തൊട്ട് മരിച്ച ദിവസം വരെയുള്ള നാൽപ്പത്തിയാറു വർഷത്തിൽ ഒരോ ദിവസവും രണ്ട് ക്വുർറാസ വീതം വീതിക്കാൻ കഴിയുമെന്നാണ്. ഒരു ക്വുർറാസ എന്നാൽ എട്ടു പേജുള്ള ഒരു ഫോൾഡർ എന്നാണ് കണക്കാക്കപ്പെടുന്നത്. അപ്പോൾ ഓരോ ദിവസവും 16 പേജ് എഴുതിയ പോലെയാണ് അദ്ദേഹം ജീവിതകാലത്ത് രചിച്ച പേജുകളുടെ എണ്ണം! ചെറുപ്പകാലം, ദിനചര്യകൾ, പ്രാർഥനകൾ, തൊഴിൽ തുടങ്ങി എല്ലാ അത്യാവശ്യങ്ങളും കഴിഞ്ഞ ശേഷം ഇത്രയധികം എഴുതിയിട്ടുണ്ടെങ്കിൽ അദ്ദേഹം സമ്പാദിച്ച അറിവിന്റെ ആഴം എത്രയായിരിക്കും! അദ്ദേഹത്തിന്റെ അധ്വാനം എത്ര വലുതായിരിക്കും! അദ്ദേഹം തന്റെ സമയം എത്ര ശ്രദ്ധയോടെയായിരിക്കും ചെലവഴിച്ചിട്ടുണ്ടാകുക!**

കേവലം മതത്തിലെ ഒരു അംഗമായിട്ടു പ്രയോജനമില്ല. യഥാർഥ മതം തിരിച്ചറിഞ്ഞ് അതു പ്രകാരം ജീവിക്കുന്ന മത വിശ്വാസികളായിരിക്കണം നാം. എങ്ങനെയെങ്കിലും തിന്ന്, കുടിച്ച്, പ്രജനനം നടത്തി ജീവിച്ചു തീർക്കുന്ന ഒരു ആയുഷ്കാലമല്ല മനുഷ്യന് വേണ്ടത്. കുടുംബത്തിനും നാടിനും സമൂഹത്തിനും പ്രയോജനപ്പെടുന്ന, നന്മകൾ അടുത്ത തലമുറക്ക് ബാക്കിവെക്കുന്ന ജീവിതം നയിക്കാൻ നാം ശ്രമിക്കണം. ഈ ജീവിതം അവസാനിക്കുന്നിടത്ത് പരലോക ജീവിതം തുടങ്ങുന്നു. അവിടെയും നന്മ നിറഞ്ഞ കാലമായിരിക്കണം. നമ്മുടെ ആയുസ്സ് എത്ര നീളുന്നുവോ അത്രയും നമുക്ക് വേണ്ടിയും നമ്മുടെ കുടുംബത്തിനും സമൂഹത്തിനും വേണ്ടിയും നന്മ ചെയ്യാനുള്ള അവസരം നാം ഉണ്ടാക്കണം. തിന്മയിൽ നിന്നുള്ള മോചനമായിരിക്കുകയും വേണം. ഇതാണ് ഈ പ്രാർഥനയുടെ പൊരുൾ.

അർഥവത്തായ ജീവിതം എന്നു പറയുന്നത് ഇതാണ്: "സ്വത്തും സന്താനങ്ങളും ഐഹികജീവിതത്തിന്റെ അലങ്കാരമാകുന്നു. എന്നാൽ നിലനിൽക്കുന്ന സൽകർമങ്ങളാണ് നിന്റെ രക്ഷിതാവിങ്കൽ ഉത്തമമായ പ്രതിഫലമുള്ളതും ഉത്തമമായ പ്രതീക്ഷ നൽകുന്നതും"(ക്വുർആൻ 18:46).

ഇതിലെ നിലനിൽക്കുന്ന കർമങ്ങൾ എന്നതിന് വിശാലമായ അർഥമുണ്ട്. നാളെ പരലോകത്ത് നഷ്ടപ്പെടാതെ നമുക്ക് പ്രയോജനപ്പെടുന്ന സൽകർമങ്ങൾ, നാം മരിച്ചാൽ നാടിനും സമൂഹത്തിനും സർവോപരി ദീനിനും പ്രയോജനപ്പെടുന്ന മക്കൾ, കുടുംബം, നമ്മുടെ സേവന പ്രവർത്തനങ്ങൾ, രചനകൾ, നാം ജീവിച്ച കാലത്ത് നടപ്പിലാക്കിയ നല്ല കാര്യങ്ങൾ, എന്നും നിലനിൽക്കുന്ന ദാനധർമങ്ങൾ എന്നിങ്ങനെ അർഥ വ്യാപ്തിയുള്ള പദമാണിത്. നാം മരിച്ചാലും നമുക്ക് നന്മകൾ ലഭിച്ചുകൊണ്ടിരിക്കുന്നതെല്ലാം ഈ പരിധിയിൽ വരുന്നു.

അപ്പോൾ നമ്മുടെ സ്വന്തം ജീവിതകാലം നന്നായാൽ പോരാ, ഭാര്യാമക്കൾക്കും മതാപിതാക്കൾക്കും നൽകേണ്ട സ്നേഹവും നമ്മുടെ സാന്നിധ്യവും ശിക്ഷണവും കൊണ്ട് ജീവിതം ധന്യമാക്കണം. വായിച്ചും പഠിച്ചും അറിവുകൾ പകർന്നു കൊടുത്തും നാം നാളേക്കുവേണ്ടി നല്ലത് സമ്പാദിച്ചു വെക്കണം. ഇമാം നവവിയെ പോലുള്ള പണ്ഡിതശ്രേഷ്ഠർ ബാക്കിവെച്ച അറിവിന്റെ അക്ഷരങ്ങൾ തലമുറകൾക്ക് വെളിച്ചം നൽകുന്നു. കഴിഞ്ഞ നല്ല തലമുറ ചെയ്തുവെച്ച പ്രബോധന പ്രവർത്തനങ്ങളുടെ വെളിച്ചത്തിലാണ് നാം ഇന്ന് നടക്കുന്നത്. അവർ തറയിട്ടു പടുത്തുയർത്തിയ അടിത്തറയിന്മേലാണ് നാം മുന്നോട്ട് പോകുന്നത്. നമുക്കും ഇതുപോലെ നമ്മുടെ കുടുംബത്തിനും രാജ്യത്തിനും നന്മകൾ ബാക്കിവെച്ച് യാത്രയാവാൻ കഴിയണം- അല്ലാഹു അനുഗ്രഹിക്കട്ടെ. ●

സിറാജുൽ ഇസ്‌ലാം ബാലുശ്ശേരി
abooyahyakfn@gmail.com

ഖുർആൻ പാഠം

# പെരുമാറ്റം നന്നാക്കിയാൽ ദാമ്പത്യം ഇമ്പമുള്ളതാകും

**ജീ**വിതത്തിന് ഏറെ ആനന്ദവും സന്തോഷവും പ്രദാനം ചെയ്യുന്ന സംവിധാനമാണ് കുടുംബ ജീവിതം. കൂടുമ്പോൾ ഇമ്പമുണ്ടാകുന്നതാണ് കുടുംബം എന്ന് പറയാറുണ്ട്. മനുഷ്യജീവിതത്തിലെ ഏറെ ആഹ്ലാദം നിറഞ്ഞ ഒരു ജീവിത കാലഘട്ടമാണ് ദാമ്പത്യജീവിതം സമ്മാനിക്കുന്നത്.

എന്നാൽ ഏറെ സന്തോഷം നൽകുന്ന വൈവാഹിക ജീവിതം തന്നെ പലപ്പോഴും പലർക്കും ജീവിതത്തിലെ വലിയ ഭാരമായും ദുഃഖ ഹേതുവുമായി മാറാറുണ്ട്. ജീവിതത്തിലെ വലിയ ഒരു പ്രതിസന്ധിയായി അത് പരിണമിക്കാറുമുണ്ട്. എന്താണ് അതിനുള്ള പ്രധാനപ്പെട്ട കാരണം? കാരണങ്ങളിലൊന്ന് ഭർത്താക്കൻമാർ ഭാര്യമാരോടും ഭാര്യമാർ ഭർത്താക്കന്മാരോടും മോശമായി പെരുമാറുന്നു എന്നതാണ്. കാരണങ്ങൾ എമ്പാടുമുണ്ട്. പക്ഷേ, വളരെ പ്രധാനപ്പെട്ട ഒരു കാരണം പരസ്പരമുള്ള പെരുമാറ്റത്തിലുള്ള ദൂഷ്യമാണ്. ഈ പ്രശ്നത്തിനുള്ള ഏറ്റവും ശരിയായ പരിഹാരമാർഗം പരിശുദ്ധ ക്വുർആൻ നിർദേശിക്കുന്നതായി നമുക്ക് കാണാൻ സാധിക്കും:

"നിങ്ങൾ അവരോട് ഏറ്റവും നല്ല രൂപത്തിൽ പെരുമാറുക. ഇനി നിങ്ങൾ അവരെ വെറുക്കുകയാണെങ്കിൽ, നിങ്ങൾ ഒരു കാര്യത്തെ വെറുക്കുകയും അതേ കാര്യത്തിൽ അല്ലാഹു ധാരാളം നന്മകൾ സ്ഥാപിക്കുകയും ചെയ്തേക്കാം" (ക്വുർആൻ 4:19).

ഏറ്റവും നല്ല രീതിയിൽ, നിങ്ങൾ നിങ്ങളുടെ ഇണകളോട് പെരുമാറണം എന്നാണ് ഈ വചനത്തിലൂടെ അല്ലാഹു മുസ്‌ലിംകളോട് പറയുന്നത്. ചിലപ്പോൾ നിങ്ങൾക്ക് അവരോട് എന്തെങ്കിലും കാരണംകൊണ്ട് വെറുപ്പ് തോന്നിയേക്കാം. എന്നാൽ അറിയുക; നിങ്ങൾ ആ വെറുക്കുന്ന കാര്യത്തിൽ ഒരു പക്ഷേ, അല്ലാഹു ധാരാളം നന്മകൾ ഉണ്ടാക്കിയേക്കാം. അത് നിങ്ങൾക്ക് അറിയില്ല. നല്ല സ്വഭാവം ഭാര്യയിൽ നിന്ന് ഉണ്ടാകാം. ചിലപ്പോൾ മോശമായ, നമുക്ക് ഇഷ്ടപ്പെടാത്ത സ്വഭാവവും ഉണ്ടാകാം. ഏത് മനുഷ്യനാണ് തെറ്റു പറ്റാത്തവനായുള്ളത്? ഏത് മനുഷ്യനിലാണ് പൂർണതയുള്ളത്? ആർക്കും പരിപൂർണനാകാൻ കഴിയില്ല; മഹാന്മാരായ പ്രവാചകന്മാർക്കല്ലാതെ. സ്വഭാവത്തിലും പെരുമാറ്റത്തിലും സംസാരത്തിലുമെല്ലാം ഇഷ്ടമില്ലാത്തത് കണ്ടേക്കാം. നമുക്ക് ഇഷ്ടമുള്ളത് മാത്രം ഇണയിൽനിന്ന് പ്രതീക്ഷിക്കുന്നത് ശരിയല്ല. അത് അസാധ്യമാണ്. അതെല്ലാം പരിഗണിച്ചുകൊണ്ടും സഹിച്ചുകൊണ്ടും നല്ല രൂപത്തിലുള്ള സഹകരണമാണ് വൈവാഹിക ജീവിതത്തിൽ വേണ്ടത്.

അല്ലാഹു പറയുന്നു: "സ്ത്രീകൾക്ക് ബാധ്യതകൾ ഉള്ളത് പോലെ തന്നെ അവർക്ക് മാന്യമായ അവകാശങ്ങളുമുണ്ട്" (2:228).

എന്താണ് ഈ വചനത്തിൽ പറയുന്നത്? എനിക്ക് എന്റെ ഭാര്യയിൽ നിന്ന് ചില അവകാശങ്ങൾ ലഭിക്കേണ്ടതു പോലെത്തന്നെ അവൾക്ക് ഞാൻ നൽകേണ്ടതായ ചില അവകാശങ്ങളുണ്ട്. ഇതേ ചിന്ത ഭാര്യക്കും ഉണ്ടായാൽ ആ ദാമ്പത്യജീവിതത്തിൽ സന്തോഷമുണ്ടാകും.

വിശുദ്ധ ക്വുർആൻ മുന്നോട്ടുവെക്കുന്ന ഉന്നതമായ ഈ പാഠങ്ങൾ നമ്മുടെ ജീവിതത്തിൽ പകർത്താൻ നാം തയ്യാറായാൽ കുടുംബജീവിതം മനോഹരമാക്കിത്തീർക്കാൻ നമുക്ക് സാധിക്കും. ദാമ്പത്യജീവിതത്തിന്റെ ഇഴയടുപ്പത്തിനും സുഗമമായ മുന്നോട്ടു പോക്കിനും സഹായിക്കുന്ന ഒരു പ്രവാചക വചനമുണ്ട്; ലോകത്തെ പുരുഷന്മാരെല്ലാം അത് ഉൾക്കൊണ്ടിരുന്നെങ്കിൽ എന്ന് നാം ആഗ്രഹിച്ചുപോകുന്ന വചനം: "നിങ്ങളിൽ ഏറ്റവും മാന്യൻ സ്വന്തം ഭാര്യയോട് ഏറ്റവും നന്നായി പെരുമാറുന്നവനാണ്."

ഭാര്യയോട് കടിച്ചുകീറുന്ന സ്വഭാവം കാണിക്കുകയും എന്നാൽ മറ്റുള്ളവരോട്, വിശിഷ്യാ മറ്റുള്ള സ്ത്രീകളോട് ഏറ്റവും മാന്യമായി സംസാരിക്കുകയും ചെയ്യുന്ന ചിലരുണ്ട്. സമൂഹത്തിൽ മാന്യമായി പെരുമാറുന്ന, സ്വന്തം ഭാര്യയോട് അമാന്യമായി പെരുമാറുന്ന വ്യക്തി മാന്യനല്ല ഇസ്‌ലാമിക ദൃഷ്ടിയിൽ എന്ന് സാരം.



**സുഫ്‌യാൻ അബ്ദുസ്സലാം**
sufyanasalam@gmail.com



# പൗരത്വത്തിന്റെ മതവും രാഷ്ട്രീയവും

**രാജ്യത്തിന്റെ മതേതര സങ്കൽപത്തിന്റെയും സഹിഷ്ണുതാ മനോഭാവത്തിന്റെയും കടയ്ക്കൽ കത്തിവെച്ചു കൊണ്ട് പൗരത്വ ഭേദഗതി ബിൽ ലോകസഭ പാസാക്കിയിരിക്കുകയാണ്. എണ്ണബലവും തിണ്ണബലവുമുപയോഗിച്ച് പൗരന്മാരുടെ അടിസ്ഥാനവകാശങ്ങൾ ഭരണാധികാരികൾ തന്നെ നിഷേധിക്കാൻ മുൻകയ്യെടുക്കുമ്പോൾ തലമുറകളായി കാത്തു സൂക്ഷിച്ച നാടിന്റെ അന്തസ്സും ആഭിജാത്യവും തകർന്ന് തരിപ്പണമാവുകയാണെന്ന സത്യം പറയാതെ വയ്യ.**

രാജ്യത്തിന്റെ മതേതരത്വത്തിന്റെയും വൈവിധ്യത്തിന്റെയും പ്രതിച്ഛായക്ക് മങ്ങലേൽപിച്ചും മുസ്‌ലിം വിരുദ്ധ വർഗീയത ഉയർത്തിപ്പിടിച്ചും പൗരത്വ ഭേദഗതി ബിൽ ലോകസഭ പാസാക്കിയിരിക്കുകയാണ്. പ്രതിപക്ഷത്തിന്റെ കരുത്തുറ്റ എതിർപ്പുകളെ മൃഗീയ ഭൂരിപക്ഷത്തിന്റെ ബലത്തിൽ മറികടന്നുകൊണ്ടാണ് ബിൽ പാസാക്കാനായത്. പ്രതിപക്ഷ എംപിമാർ ചോദിച്ച ചോദ്യങ്ങൾക്കൊന്നും മറുപടി നൽകാൻ സാധിക്കാതെ രാജ്യത്തിന്റെ ഭരണ സാരഥ്യം വഹിക്കുന്നവർ വിറങ്ങലിച്ചു നിൽക്കുന്ന കാഴ്ച അതിദയനീയമായിരുന്നു. എണ്ണബലവും തിണ്ണബലവുമുപയോഗിച്ച് ബിൽ പാസാക്കാൻ ഭരണപക്ഷത്തിന് സാധിച്ചുവെങ്കിലും ആശയപരമായ വിജയം പ്രതിപക്ഷം ഉൾക്കൊള്ളുന്ന മതേതരത്വത്തിന് തന്നെയായിരുന്നുവെന്നത് പ്രതീക്ഷ നൽകുന്നു.

ലോകത്തിന്റെ മുമ്പിൽ എക്കാലവും മാനവികതയുടെ കുപ്പായമണിഞ്ഞ് ജാതി, മത, വർഗ പരിഗണനകളില്ലാതെ എല്ലാ വിഭാഗം ജനങ്ങളെയും ഉൾക്കൊള്ളാനുള്ള സന്മനസ്സും സന്നദ്ധതയും കാണിച്ച മഹത്തായ ഇന്ത്യയുടെ നെഞ്ചകത്തിലൂടെ വർഗീയതയുടെ കഠാര ഇറക്കി രാജ്യത്തെ മതത്തിന്റെ പേരിൽ ഭിന്നിപ്പിക്കാനുള്ള നേരത്തെ തയ്യാറാക്കപ്പെട്ട തിരക്കഥയുടെ ആവിഷ്‌കാരമാണ് ലോകസഭയുടെ വെള്ളിത്തിരയിൽ കഴിഞ്ഞ ദിവസങ്ങളിൽ അരങ്ങേറിയത്. ലോകത്തെ ഏതു മണ്ണിൽ ജനിച്ചാലും അവരെ സ്വീകരിക്കാനുള്ള വിശാലമായ കാഴ്ചപ്പാടുകൾ പുലർത്തുകയും സകല മതങ്ങളുടെയും കളിത്തൊട്ടിലായും പൂങ്കാവനമായും ലോകം പാടിപ്പുകഴ്ത്തുകയും ചെയ്ത മഹാ രാജ്യത്തിന്റെ യശസ്സും ആഭിജാത്യവും നൈർമല്യവും തകർന്നടിയുന്ന പരിതാപകരമായ കാഴ്ചയാണ് ഡിസംബർ 10 തിങ്കളാഴ്ച ലോകസഭയിൽ കണ്ടത്. 'പൗരത്വ ഭേദഗതി ബിൽ' എന്ന പേരിനെക്കാൾ 'വർഗീയ പൗരത്വ ബിൽ' എന്നായിരിക്കും ആഭ്യന്തര മന്ത്രി അമിത് ഷാ അവതരിപ്പിച്ച ബില്ലിനെ ഏറ്റവും മിതമായ രീതിയിൽ വിശേഷിപ്പിക്കാൻ സാധിക്കുക.

മറ്റു രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേക്ക് കടന്നുവരുന്ന അഭയാർഥികളും അല്ലാത്തവരുമായ ആളുകൾക്ക് രാജ്യത്തെ അംഗീകൃത നിയമങ്ങൾ അനുസരിച്ച് ഇന്ത്യയുടെ പൗരത്വം നൽകുന്നത് രാജ്യത്തിന്റെ ഭരണഘടനയ്ക്കോ രാജ്യം അംഗീകരിച്ചുവന്ന മൂല്യങ്ങൾക്കോ എതിരല്ല. അഭയാർഥികളെ ഒട്ടേറെ സ്വീകരിച്ച പാരമ്പര്യമാണ് നമ്മുടെ ഇന്ത്യക്കുള്ളത്. പക്ഷേ, അത് അഭയാർഥികളുടെ മതമോ ജാതിയോ വർണമോ വർഗമോ നോക്കിയിട്ടല്ല. എല്ലാവരെയും ഒറ്റക്കെട്ടായി കണ്ടുകൊണ്ട് തന്നെ പൗരത്വം നൽകണോ അഭയം നൽകണോ തുടങ്ങിയ കാര്യങ്ങളിൽ വിവേചനപരമായ യാതൊന്നും തന്നെ ഇക്കാലമത്രയും രാജ്യം അടിസ്ഥാന നിബന്ധനകളായി സ്വീകരിച്ചിട്ടില്ല. ഇപ്പോഴത്തെ പൗരത്വ ഭേദഗതിക്ക് പിന്നിലുള്ള അജണ്ട വളരെ വ്യക്തമാണ്. ആർ. എസ്. എസ്. എന്നും ശത്രുക്കളായി കണ്ടുവരുന്ന മുസ്‌ലിം സമുദായത്തിനിടയിൽ ഭീതി ജനിപ്പിക്കുകയും അവർ ഇന്ത്യക്കാരല്ലെന്നു വരുത്തിത്തീർക്കുകയും ചെയ്തുകൊണ്ട് അന്യതാബോധം മുസ്‌ലിം സമൂഹത്തിൽ വളർത്തിയെടുക്കുകയാണ് ആർ. എസ്. എസും മോഡി-അമിത്ഷാ അച്ചുതണ്ടുകളും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഹിന്ദു സമുദായത്തെ പ്രീണിപ്പിച്ച് അധികാരം എക്കാലത്തേക്കും നിലനിർത്താനുള്ള കുതന്ത്രവും ഇതിന്റെ പിന്നിലുണ്ട്. എന്നാൽ ഹൈന്ദവ സമുദായത്തിൽ പെട്ട മതേതരത്വത്തെ മുറുകെപ്പിടിക്കുന്ന മഹാഭൂരിപക്ഷത്തിന്റെ പിന്തുണ ഈ ബില്ലിന് ഇല്ലെന്നു വ്യക്തമാക്കുന്ന പ്രകടനങ്ങളാണ് ലോകസഭക്ക് അകത്തും പുറത്തും ദർശിക്കാൻ സാധിച്ചത്.

മുസ്‌ലിം ലീഗ് അതിന്റെ ചരിത്രപരമായ ദൗത്യം നിർവഹിച്ചപ്പോൾ കോൺഗ്രസ്, തൃണമൂൽ കോൺഗ്രസ്, എൻ.സി.പി, സമാജ് വാദി പാർട്ടി, ബി.എസ്.പി, ഡി.എം.കെ, ആർ.എസ്.പി, സി.പി.എം തുടങ്ങിയ പാർട്ടികളിലെ പ്രമുഖരായ പാർലമെന്റ് അംഗങ്ങൾ അതിരൂക്ഷമായ വിമർശനങ്ങളിലൂടെ അമിത് ഷായുടെ വാ മൂടിക്കെട്ടുകയായിരുന്നു. പ്രതിപക്ഷത്തിന്റെ മികച്ച പ്രകടനം വ്യക്തമാക്കുന്നത് ഹൈന്ദവ സമുദായത്തിലെ മഹാഭൂരിപക്ഷത്തിന്റെ പിന്തുണ ഈ ബില്ലിനില്ല എന്ന സത്യമാണ്. ഏറെക്കാലം ബി.ജെ.പിയുമായി ശയനം നടത്തിയ ശിവസേന പോലും ബില്ലിനെ അനുകൂലിക്കാൻ എത്തിയില്ല. അവരുടെ മുഖപത്രത്തിൽ അതിശക്തമായ വിമർശനങ്ങൾ ഉന്നയിക്കുകയും ചെയ്തു. ഹിന്ദുക്കളെയും മുസ്‌ലിംകളെയും അദൃശ്യമായി വിഭജിക്കാനുള്ള ഗൂഢപദ്ധതിയാണ് ബില്ലിലൂടെ സർക്കാർ നടപ്പാക്കുന്നതെന്നും ശിവസേന ആരോപിച്ചു. അനധികൃത കുടിയേറ്റക്കാരിലെ ഹിന്ദുക്കളെ മാത്രം സ്വീകരിക്കുന്നത് വലിയ ഭവിഷ്യത്ത് വിളിച്ചുവരുത്തുമെന്നും ശിവസേന പറഞ്ഞു.



പൗരത്വത്തിനു മതത്തിന്റെയോ രാഷ്ട്രീയത്തിന്റെയോ മുഖമല്ല നൽകേണ്ടത്, മറിച്ച് അതിനു മനുഷ്യത്വത്തിന്റെയും കാരുണ്യത്തിന്റെയും സമസൃഷ്ടിസ്നേഹത്തിന്റെയും വർണങ്ങൾ നൽകുകയും ആർദ്രതയിൽ അധിഷ്ഠിതമായ അടിത്തറകൾ പാകുകയുമാണ് വേണ്ടത്. മതവും ജാതിയും വർഗവും വർണവുമൊന്നും ഒരു ജാനാധിപത്യ മതേതര സംവിധാനത്തിൽ പൗരത്വത്തിന് പരിഗണിക്കേണ്ട ഘടകങ്ങളല്ല. ഉദാത്തമായ മാനുഷിക ബന്ധങ്ങളിൽ കോർത്തിണക്കപ്പെട്ട വിവിധ വർണങ്ങളിലുള്ള മുത്തുമണികളായി ഓരോ പൗരനെയും കാണാൻ കഴിയണം. ഒരു മനുഷ്യനായി പിറന്നതിനു ശേഷം മാത്രമെ ഏതൊരാളും ഏതെങ്കിലും ഒരു രാജ്യത്തിലേക്ക് ചേർക്കപ്പെടുന്ന പൗരനായിത്തീരൂ. അതുകൊണ്ടുതന്നെ ഒരാൾ ഏതെങ്കിലും ഒരു രാജ്യത്തിന്റെ പൗരനായി രജിസ്റ്റർ ചെയ്യപ്പെട്ടില്ലെങ്കിൽ പോലും ജീവിക്കാനും ജനിച്ച മണ്ണിനെ ഉപയോഗപ്പെടുത്താനുമുള്ള അവകാശം ഏതൊരു മനുഷ്യനുമുണ്ട് എന്ന അടിസ്ഥാന യാഥാർഥ്യം അംഗീകരിക്കപ്പെടേണ്ടതുണ്ട്. ജനിച്ച മണ്ണേതാണെന്നോ മാതാപിതാക്കൾ ആരാണെന്നോ ഒരാൾക്ക് അറിയില്ല എന്ന കാരണത്താൽ ആ വ്യക്തിയുടെ അസ്തിത്വത്തെ നിഷേധിക്കുകയും ജീവിച്ചുവരുന്ന നാട്ടിൽ നിന്നും അയാളെ ആട്ടിയോടിക്കുകയും ചെയ്യുന്നത് സ്വാഭാവിക നീതിയുടെ നിഷേധമാണ്. അഡ്രസ് ഇല്ലാത്ത ആളുകൾക്ക് അഡ്രസ് നൽകുകയും അവരുടെ ജീവിത നിലവാരവും സൗകര്യവും ഉയർത്തിക്കൊണ്ടുവരാനുള്ള നടപടികൾ ആസൂത്രണം ചെയ്യുകയുമാണ് ഉത്തരവാദപ്പെട്ട ഭരണകൂടങ്ങൾ ചെയ്യേണ്ടത്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ഇപ്പോഴും പ്രത്യേക പൗരത്വം ഇല്ലാത്ത ജനങ്ങളും ഗോത്രവിഭാഗങ്ങളുമുണ്ട്. പക്ഷേ, മിക്ക രാജ്യങ്ങളും അവർക്ക് പൗരത്വം നൽകിയില്ലെങ്കിലും ജീവിക്കുവാനും അധ്വാനിക്കുവാനും ജോലി ചെയ്യുവാനുമുള്ള സ്വാതന്ത്ര്യം അനുവദിച്ചു കൊടുക്കുകയും അവരെ ആ നാട്ടുകാരായി അംഗീകരിക്കാനുമുള്ള സൗമനസ്യം കാണിക്കുകയും ചെയ്യുന്നുണ്ട് എന്ന കാര്യം വിസ്മരിച്ചുകൂടാ.

**മറ്റു രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലേക്ക് കടന്നുവരുന്ന അഭയാർഥികളും അല്ലാത്തവരുമായ ആളുകൾക്ക് രാജ്യത്തെ അംഗീകൃത നിയമങ്ങൾ അനുസരിച്ച് ഇന്ത്യയുടെ പൗരത്വം നൽകുന്നത് രാജ്യത്തിന്റെ ഭരണഘടനയ്ക്കോ രാജ്യം അംഗീകരിച്ചുവന്ന മൂല്യങ്ങൾക്കോ എതിരല്ല. അഭയാർഥികളെ ഒട്ടേറെ സ്വീകരിച്ച പാരമ്പര്യമാണ് നമ്മുടെ ഇന്ത്യക്കുള്ളത്. പക്ഷേ, അത് അഭയാർഥികളുടെ മതമോ ജാതിയോ വർണമോ വർഗമോ നോക്കിയിട്ടല്ല. എല്ലാവരെയും ഒറ്റക്കെട്ടായി കണ്ടുകൊണ്ട് തന്നെ പൗരത്വം നൽകണോ അഭയം നൽകണോ തുടങ്ങിയ കാര്യങ്ങളിൽ വിവേചനപരമായ യാതൊന്നും തന്നെ ഇക്കാലമത്രയും രാജ്യം അടിസ്ഥാന നിബന്ധനകളായി സ്വീകരിച്ചിട്ടില്ല. ഇപ്പോഴത്തെ പൗരത്വ ഭേദഗതിക്ക് പിന്നിലുള്ള അജണ്ട വളരെ വ്യക്തമാണ്. ആർ. എസ്. എസ്. എന്നും ശത്രുക്കളായി കണ്ടുവരുന്ന മുസ്ലിം സമുദായത്തിനിടയിൽ ഭീതി ജനിപ്പിക്കുകയും അവർ ഇന്ത്യക്കാരല്ലെന്നു വരുത്തിത്തീർക്കുകയും ചെയ്തുകൊണ്ട് അന്യതാബോധം മുസ്ലിം സമൂഹത്തിൽ വളർത്തിയെടുക്കുകയാണ് ആർ. എസ്. എസും മോഡി –അമിത്ഷാ അച്ചുതണ്ടുകളും ഇപ്പോൾ ചെയ്തുകൊണ്ടിരിക്കുന്നത്. ഹിന്ദു സമുദായത്തെ പ്രീണിപ്പിച്ച് അധികാരം എക്കാലത്തേക്കും നിലനിർത്താനുള്ള കുതന്ത്രവും ഇതിന്റെ പിന്നിലുണ്ട്.**

അഫ്ഗാനിസ്ഥാൻ, പാകിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽ നിന്നും ഇന്ത്യയിലെത്തുന്ന മുസ്ലിംകളല്ലാത്ത കുടിയേറ്റക്കാർക്ക് പൗരത്വം നൽകാമെന്നാണ് ബില്ലിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. ലോകസഭയിൽ അടിയന്തര പ്രമേയത്തിന് അനുമതി തേടിയ മുസ്ലിം ലീഗ് ദേശീയ ജനറൽ സിക്രട്ടറി പി. കെ കുഞ്ഞാലിക്കുട്ടി എം. പി മുസ്ലിംകളെ ഇതിൽ നിന്നും ഒഴിവാക്കിയ നടപടി ഭരണഘടനാ വിരുദ്ധവും തുല്യതയും സമത്വവും പ്രഖ്യാപിക്കുന്ന പതിനാലാം അനുച്ഛേദവും എടുത്തുകാണിച്ചപ്പോൾ ആഭ്യന്തര മന്ത്രിയുടെ മറുപടി തീർത്തും തെറ്റിദ്ധരിപ്പിക്കുന്നതായിരുന്നു. മുസ്ലിം എന്ന ഒരു പ്രയോഗം പോലും ബില്ലിൽ ഇല്ലെന്നാണ് അമിത്ഷാ പറഞ്ഞത്. വിവിധ മതവിഭാഗങ്ങളുടെ പേരുകൾ എണ്ണിപ്പറയുകയും മുസ്ലിം എന്ന പദം ഇല്ലാതിരിക്കുകയും ചെയ്യുമ്പോൾ എന്താണ് മനസ്സിലാക്കേണ്ടത്? ആഭ്യന്തര മന്ത്രിയുടെ മുഖത്ത് നോക്കി ചങ്കൂറ്റത്തോടെ മറുപടി കൊടുത്ത കുഞ്ഞാലിക്കുട്ടി മുസ്ലിം സമുദായത്തെ പ്രത്യേകമായി ഉദ്ദേശിച്ചുകൊണ്ട് തന്നെയാണ് ഈ ബില്ലെന്ന് തറപ്പിച്ചുപറഞ്ഞപ്പോൾ അമിത്ഷാക്ക് സീറ്റിൽ ഇരിക്കേണ്ടി വരികയാണുണ്ടായത്. അമിത്ഷാ കണ്ണടച്ചാൽ അമിത്ഷാക്ക് മാത്രമെ ഇരുട്ടാവൂ എന്ന് തിരിച്ചറിയാൻ രാജ്യത്തിന്റെ ആഭ്യന്തര മന്ത്രിക്ക് സാധിക്കേണ്ടതുണ്ട്.

രാജ്യത്തിന്റെ ഭരണഘടനയുടെ അന്തസ്സത്ത എന്താണെന്ന് പ്രധാനമന്ത്രിയും ആഭ്യന്തര മന്ത്രിയും ഗൃഹപാഠം ചെയ്തു പഠിക്കേണ്ടതുണ്ട്. ഭരണഘടനയുടെ രണ്ടാം ഭാഗം പൗരത്വത്തെ കുറിച്ചാണ് വി




**മുസ്‌ലിം വിരോധമാണ് ഈ ബില്ലിന്റെ പ്രത്യക്ഷ മുഖം. അതോടൊപ്പം രാജ്യത്തെ മതന്യൂനപക്ഷങ്ങൾക്കിടയിൽ ഭിന്നത വർധിപ്പിക്കാനുള്ള കുടിലതന്ത്രം കൂടി ഈ ബില്ലിന് പിറകിലുണ്ട് എന്ന് കരുതേണ്ടിയിരിക്കുന്നു. നെഹ്റുവും പട്ടേലും ആസാദുമെല്ലാം രാജ്യത്തെ ജനങ്ങളെ ഐക്യത്തിലൂടെ നയിക്കാൻ ആവശ്യമായ നിയമങ്ങളുണ്ടാക്കിയ സമുച്ചയമാണ് ഇന്ത്യൻ പാർലമെന്റ്. അവിടെയാണ് മോദിയും അമിത്ഷായും ചേർന്ന് രാജ്യത്തെ ജനങ്ങളെ ഭിന്നിപ്പിക്കാനും ഒരു സമുദായത്തെ ഉന്മൂലനം ചെയ്യാനുമുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നതെന്നോർക്കുമ്പോൾ ലജ്ജ തോന്നുന്നു.**

ശദീകരിക്കുന്നത്. Citizenship എന്ന തലക്കെട്ടിൽ ആരംഭിക്കുന്ന 5 മുതൽ 11 വരെയുള്ള അനുച്ഛേദങ്ങളാണുള്ളത്. ഈ അനുച്ഛേദങ്ങൾ എപ്രകാരമാണ് ഒരാൾ പൗരത്വത്തിനു യോഗ്യനാവുന്നതെന്ന കാര്യങ്ങളാണ് വിശദീകരിക്കുന്നത്. ഇന്ത്യൻ പൗരത്വ നിയമം എന്നാണ് ഈ അനുച്ഛേദങ്ങൾ അറിയപ്പെടുന്നത്. മാതാപിതാക്കൾ ഏത് രാജ്യക്കാരാണെങ്കിലും ഇന്ത്യയിൽ ജനിക്കുകയും വാസമുറപ്പിക്കുകയും ചെയ്തവർ (5A), ഇന്ത്യയിൽ ജനിച്ച മാതാപിതാക്കളുടെ കുട്ടികൾ (5B), ഭരണഘടന നിലവിൽ വരുന്നതിന് അഞ്ചു വർഷം മുമ്പ് മുതൽ ഇന്ത്യയിൽ സ്ഥിരതാമസമാക്കിയവർ (5C) എന്നിവരാണ് പൗരത്വത്തിനു യോഗ്യരായവർ. 1955 ലെ ഇന്ത്യൻ പൗരത്വ നിയമങ്ങളിലെ പ്രധാന വകുപ്പുകളാണ് ഇവ. പൗരത്വ യോഗ്യതക്ക് മാനദണ്ഡമായി ഇവിടെയെവിടെയും ഒരു മതമോ ജാതിയോ വർഗമോ വർണമോ പരിഗണിച്ചിട്ടില്ല. കാരണം മനുഷ്യൻ എന്ന മാനദണ്ഡത്തിനപ്പുറം മറ്റൊരു മാനദണ്ഡവും പൗരത്വത്തെ നിർവചിക്കാൻ ഉപയോഗിക്കാൻ പറ്റില്ലെന്ന ഭരണഘടനാശിൽപികൾ സ്വീകരിച്ച നിലപാടാണ് ഭരണഘടനയുടെ ആത്മാവ്. മാത്രവുമല്ല, ഭരണഘടനയുടെ മൂന്നാം ഭാഗമായ മൗലികാവകാശങ്ങൾക്ക് വിരുദ്ധമായ ഒന്നും തന്നെ ഒരു പൗരന്റെ കാര്യത്തിലും അടിച്ചേൽപിക്കാൻ സാധിക്കില്ല. മൗലികാവകാശങ്ങളിൽ അനുച്ഛേദം 14 തുല്യതയ്ക്കുള്ള അവകാശമാണ്. പൗരത്വ ഭേദഗതി ബിൽ സമയത്ത് പ്രതിപക്ഷം പ്രധാനമായും ഉന്നയിച്ചത് ഈ അനുച്ഛേദമാണ്. എല്ലാവരെയും തുല്യരായി കാണുകയെന്നത് ഓരോ പൗരന്റെയും അവകാശത്തിൽ പെട്ടതാണ്. അതുപോലെതന്നെ മൗലികാവകാശങ്ങളിൽ പ്രധാനപ്പെട്ടതാണ് അനുച്ഛേദം 15. ജാതി, മതം, വർഗം, ലിംഗം, ജനനസ്ഥലം തുടങ്ങിയവയുടെ പേരിൽ വേർതിരിച്ച് കാണാതിരിക്കാനുള്ള അവകാശമാണത്. ഒരു പൗരനെ നിർണയിക്കുന്നതിൽ മുകളിൽ സൂചിപ്പിച്ച യാതൊന്നും പരിഗണിക്കാൻ പാടില്ലെന്ന ശക്തമായ നിർദേശങ്ങൾ പൗരന്റെ മൗലികാവകാശങ്ങളിൽ തന്നെ എഴുതി ചേർക്കപ്പെട്ടിട്ടുണ്ട്.

വളരെ ശക്തമായ നിയമങ്ങൾ ഭരണഘടനയിൽ നിലവിലിരിക്കെ അതൊന്നും പരിഗണിക്കാതെ മതത്തിന്റെയും ജാതിയുടെയും പേരിൽ പൗരന്മാരെ വിഭജിക്കുകയെന്നത് ഭരണഘടനയോടും രാജ്യത്തോടും രാഷ്ട്ര ശിൽപികളോടും ചെയ്യുന്ന അപരാധമാണ്. പാർലമെന്റിൽ എത്ര വലിയ ഭൂരിപക്ഷത്തിൽ ഇത് പാസായാലും സുപ്രീം കോടതിക്ക് ഇത് അംഗീകരിക്കാൻ സാധിക്കില്ല. ബില്ലിന്റെ ചർച്ചാവേളയിൽ കോൺഗ്രസ് നേതാവ് മനീഷ് തിവാരി കേശവാനന്ദ ഭാരതി കേസിലെ സുപ്രീം കോടതി നിരീക്ഷണങ്ങൾ ഉദ്ധരിച്ചുകൊണ്ട് ഇക്കാര്യം സർക്കാരിനെ ഓർമിപ്പിക്കുകയുണ്ടായി.

അയൽ രാജ്യങ്ങളായ പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽ നിന്നു വരുന്ന കുടിയേറ്റക്കാരിൽ മുസ്‌ലിംകളല്ലാത്തവർക്ക് മാത്രം പൗരത്വം നൽകുവാനുള്ള തീരുമാനത്തിന് സർക്കാർ പറയുന്ന ന്യായീകരണം, പ്രസ്തുത രാജ്യങ്ങളെല്ലാം ഇസ്‌ലാമിക രാജ്യങ്ങളാണെന്നും അവിടങ്ങളിൽ മുസ്‌ലിംകൾക്ക് പ്രശ്നമില്ലെന്നും മറ്റു മതവിഭാഗങ്ങളിൽ പെടുന്നവർക്കാണ് പ്രശ്നങ്ങളുള്ളതെന്നുമാണ്. യഥാർഥത്തിൽ, ഒരു

സർക്കാരിൽ നിന്നും നീതി നിഷേധിക്കപ്പെട്ടു രാജ്യം വിടേണ്ടിവരുവാൻ പല കാരണങ്ങളുണ്ടാവും. അതിലൊന്ന് മാത്രമാണ് വിശ്വാസ, ആചാര സ്വാതന്ത്ര്യം ഹനിക്കപ്പെടുകയെന്നത്. വിശ്വാസ ആചാര സ്വാതന്ത്ര്യം ഹനിക്കപ്പെടുകയും അതിന്റെ പേരിൽ പീഡിപ്പിക്കപ്പെടുകയും ചെയ്യുന്നതിന്റെ പേരിലാണ് ഇന്ത്യയിൽ അഭയം നൽകുന്നതെങ്കിൽ അവിടങ്ങളിലുള്ള ശിയാ, അഹ്മദീയ തുടങ്ങിയ വിഭാഗങ്ങളിൽ പെട്ടവർക്കും പൗരത്വം നൽകേണ്ടതില്ലേ?





അതിലേറെ സുപ്രധാനമായ കാര്യം; ഒരു പ്രധാനപ്പെട്ട ഭേദഗതി അവതരിപ്പിക്കുമ്പോൾ മൂന്നു അയൽ രാജ്യങ്ങളെ മാത്രം എന്തിനു പരിഗണിക്കുന്നുവെന്നതാണ്. നേപ്പാൾ, ഭൂട്ടാൻ, ശ്രീലങ്ക, മ്യാന്മർ തുടങ്ങിയ രാജ്യങ്ങളെ എന്തുകൊണ്ട് പരിഗണിക്കുന്നില്ല? മ്യാന്മറിൽ മുസ്‌ലിംകളായതിന്റെ പേരിൽ പീഡിപ്പിക്കപ്പെടുകയും പുറത്താക്കപ്പെടുകയും ചെയ്തിട്ടുള്ള എത്രയെത്ര മനുഷ്യരുണ്ട്. അവരെ മുൻകാലങ്ങളിൽ ഇന്ത്യ സ്വീകരിച്ചു വന്നിരുന്നു. പൗരന്മാരായിട്ടല്ല, അഭയം നൽകിക്കൊണ്ട്. അതുപോലും നിഷേധിച്ച ഒരു സർക്കാരാണ് ഇപ്പോൾ ഭരിച്ചുകൊണ്ടിരിക്കുന്നത്. മ്യാന്മറിനെയും ശ്രീലങ്കയെയും ഭൂട്ടാനിനെയുമെല്ലാം പരിഗണിക്കുമ്പോൾ സ്വാഭാവികമായും തങ്ങൾ ശത്രുക്കളായി കാണുന്ന മുസ്‌ലിം സമുദായത്തെയും പരിഗണിക്കേണ്ടി വരുമെന്ന ഒരൊറ്റ കാരണമില്ലാതെ മറ്റെന്താണുള്ളത്?

ഡി. എം. കെ നേതാവ് ദയാനിധി മാരൻ ലോകസഭയിലെ ചർച്ചാവേളയിൽ ചൂണ്ടിക്കാണിച്ചത് പോലെ ഹൃദയശൂന്യമായ ബിൽ ആണിത്. ബിൽ എല്ലാ മത ന്യൂനപക്ഷങ്ങളെയും ഒരുപോലെ സംരക്ഷിക്കുന്നില്ല. വിവേചനത്തിൽ നിർമിക്കപ്പെട്ട ബില്ലാണിത്. അതുകൊണ്ടാണ് അത് ഹൃദയശൂന്യവും യുക്തിരഹിതവുമായ ബിൽ ആണെന്ന് പറയുന്നത്. മുസ്‌ലിം വിരോധമാണ് ഈ ബില്ലിന്റെ പ്രത്യക്ഷ മുഖം. അതോടൊപ്പം രാജ്യത്തെ മതന്യൂനപക്ഷങ്ങൾക്കിടയിൽ ഭിന്നത വർധിപ്പിക്കാനുള്ള കുടിലതന്ത്രം കൂടി ഈ ബില്ലിന് പിറകിലുണ്ട് എന്ന് കരുതേണ്ടിയിരിക്കുന്നു. സ്വാമി വിവേകാനന്ദൻ ഇന്ന് ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ ലോക സഭയിലെ ചർച്ച കേട്ട് അദ്ദേഹം ബോധരഹിതനാകുമായിരുന്നുവെന്ന് അഭിഷേക് ബാനർജി ചർച്ചയിൽ പറയുകയുണ്ടായി. നല്ലവരായ ഹൈന്ദവ ജനതയുടെ മനസ്സാണ് ബാനർജി അവിടെ അവതരിപ്പിച്ചത്. നെഹ്‌റുവും പട്ടേലും ആസാദുമെല്ലാം രാജ്യത്തെ ജനങ്ങളെ ഐക്യത്തിലൂടെ നയിക്കാൻ ആവശ്യമായ നിയമങ്ങളുണ്ടാക്കിയ സമുച്ചയമാണ് ഇന്ത്യൻ പാർലമെന്റ്. അവിടെയാണ് മോദിയും അമിത്ഷായും ചേർന്ന് രാജ്യത്തെ ജനങ്ങളെ ഭിന്നിപ്പിക്കാനും ഒരു സമുദായത്തെ ഉന്മൂലനം ചെയ്യാനുമുള്ള പദ്ധതികൾ ആവിഷ്‌കരിക്കുന്നതെന്നോർക്കുമ്പോൾ ലജ്ജ തോന്നുന്നു. അതോടോപ്പം ഭീതിയും പടരുന്നു.

പ്രതിപക്ഷ കക്ഷികളുടെ യോജിച്ചുള്ള മുന്നേറ്റം പ്രതീക്ഷക്ക് വക നൽകുന്നു. രാജ്യസഭയിൽ ഇത് പാസാക്കിയെടുക്കാൻ എന്ത് വൃത്തികെട്ട രാഷ്ട്രീയ നാടകങ്ങൾ സംഘടിപ്പിക്കാനും അമിത്ഷായും ബി.ജെ.പിയും മടിക്കില്ല എന്ന കാര്യം വ്യക്തമാണ്. മഹാരാഷ്ട്രയിൽ ശരത് പവാർ കാണിച്ച ആർജവം പ്രതിപക്ഷ കക്ഷികൾ കാണിക്കാൻ തയ്യാറായാൽ രാജ്യസഭയുടെ കടമ്പ കടക്കാൻ അമിത്ഷായുടെ മണി-മസിൽ പവറുകൾക്ക് ഒരിക്കലും സാധിക്കില്ല. രാഷ്ട്രത്തിന്റെ അടിസ്ഥാന ഘടകമായ പൗരൻ ആരെന്നു നിശ്ചയിക്കുന്നതിൽ മതത്തെയും രാഷ്ട്രീയത്തെയും കൂട്ടിക്കുഴക്കുന്ന ഫാസിസ്റ്റ് പ്രവണതക്കെതിരെ ലോകസഭയിൽ കണ്ടതുപോലെയുള്ള അതിശക്തമായ പൗരബോധം ഉയർന്നെങ്കിൽ മാത്രമെ രാജ്യത്തെ രക്ഷിക്കാൻ സാധിക്കൂ. മനുഷ്യത്വത്തിൽ അധിഷ്ഠിതമായതും ജാതി മത ചിന്തകൾ ഇല്ലാത്തതുമായ പൗരത്വ കാഴ്ചപ്പാടുകളെ വളർത്തിയെടുക്കാൻ സമൂഹം ഉണരേണ്ടതുണ്ട്. ●

സജ്ജാദ് ബിൻ അബ്ദുറസാക്
hikmadawah@gmail.com





# അവർ കത്തിച്ചു; ജനഹൃദയങ്ങളിൽ അത് ആളിക്കത്തി

**നോ**ർവേയിൽ ചിലയാളുകൾ ജനങ്ങളെല്ലാം നോക്കി നിൽക്കെ ക്വുർആനിന്റെ കോപ്പി കത്തിച്ചത് ഈയിടെയാണ്. ക്വുർആനിനോടുള്ള ശത്രുക്കളുടെ ഈ രീതി ഇന്നും ഇന്നലെയും തുടങ്ങിയതല്ല.

ലോക മനസ്സാക്ഷിയെ ഭീതിയുടെ ആഴങ്ങളിലേക്ക് തള്ളിയിട്ട ഒരു ദിനമാണ് 2001 സെപ്തംബർ 11. അമേരിക്കയിലെ വേൾഡ് ട്രേഡ് സെന്റർ തകർത്ത ദിവസം.

അതിന്റെ ഒമ്പതാമത്തെ വാർഷിക പരിപാടി നടക്കുകയാണ് അമേരിക്കയിൽ; 2010 സെപ്തംബർ 11ന്. 2996 പേരുടെ മരണത്തിന് കാരണമായ, 6000ൽ പരം വരുന്ന ആളുകൾ നിത്യരോഗികളായിത്തീരാൻ കാരണമായ വേൾഡ് ട്രേഡ് സെന്റർ ആക്രമണത്തിൽ കൊല്ലപ്പെട്ട ആളുകളുടെ 'ആത്മാക്കൾക്ക് നിത്യശാന്തിക്ക് വേണ്ടി പ്രാർഥിക്കാൻ' പ്രസ്തുത വാർഷിക പരിപാടിയുടെ സദസ്സിൽ വന്നവരുടെ ശ്രദ്ധ മുഴുവൻ കേന്ദ്രീകരിച്ചിരുന്നത് ഒരു വ്യക്തിയിലേക്ക് മാത്രമായിരുന്നു; ടെറി ജോൺസിലേക്ക്!

സ്വാഭാവികമായും നമുക്ക് അറിയാൻ ആഗ്രഹമുണ്ട്, ആരാണ് ഈ ടെറി ജോൺസ്?


The dove world outreach centre എന്ന പേരിൽ അമേരിക്കയിലെ ഫ്ളോറിഡയിലെ ഗൈൻസ് വില്ലയിൽ ഒരു കരിസ്മാറ്റിക് ധ്യാനകേന്ദ്രം നടത്തി വരുന്ന ഒരു സാധാരണക്കാരനായ ഒരു ക്രൈസ്തവ പുരോഹിതനാണ് അദ്ദേഹം.

2010 സെപ്തംബർ 11 എന്ന തീയതി വരെ ഇദ്ദേഹം ശ്രദ്ധിക്കപ്പെടുന്ന ഒരു വ്യക്തിയല്ലായിരുന്നു. എന്നാൽ ആ ദിവസത്തിന് ശേഷം അദ്ദേഹം ലോകത്ത് അറിയപ്പെടാൻ തുടങ്ങി. ഒമ്പതാം വാർഷികത്തിന് ഒത്തുകൂടിയ ജനങ്ങൾക്ക് മുമ്പാകെ അദ്ദേഹം പ്രഖ്യാപിച്ചു; 'നിങ്ങൾ ക്വുർആനിന്റെ കോപ്പികൾ ശേഖരിച്ച് കത്തിച്ച് ചാരമാക്കണം.'

അന്നു തന്നെ അദ്ദേഹം അതിനായി തുനിഞ്ഞെങ്കിലും ശക്തമായ എതിർപ്പുകളും സമ്മർദങ്ങളും മുഖേന ആ അജണ്ട അദ്ദേഹം താൽക്കാലികമായി ഒഴിവാക്കി. എന്നാൽ ഇവിടംകൊണ്ടൊന്നും ടെറി ജോൺസിന്റെ ക്വുർആനിനോടുള്ള വെറുപ്പിന് കടിഞ്ഞാണിടാൻ അദ്ദേഹത്തിന് തന്നെ സാധിച്ചില്ല.

2011 മാർച്ച് ഇരുപതാം തീയതി ടെറി ജോൺസ് വീണ്ടും പഴയ പദ്ധതിയുമായി രംഗത്തെത്തി. "International judge the Quran day" എന്ന പേരിൽ അദ്ദേഹം ക്വുർആനിനെ പൊതുസമൂഹത്തിൽ വെച്ച് ഒരു വിചാരണക്ക് വിധേയമാക്കുകയും പരസ്യമായി ക്വുർആനിനെ കത്തിക്കുകയും ചെയ്യണം എന്ന് പ്രഖ്യാപിക്കുന്നു. തൊട്ടടുത്ത ദിവസം അഥവാ 2011 മാർച്ച് 21ന് അദ്ദേഹം trail burn എന്ന പേരിൽ ക്വുർആനിന്റെ ഒരു കോപ്പി കയ്യിലെടുത്ത് കത്തിച്ചു! അവസാനം ശക്തമായ രൂപത്തിൽ അതിനെതിരെ പ്രതിഷേധം ഉയർന്നപ്പോൾ അദ്ദേഹം പരസ്യമായി മാപ്പ് പറയുകയും ചെയ്തു.

ക്വുർആനിനോടുള്ള അദ്ദേഹത്തിന്റെ തീവ്രമായ വിദ്വേഷം ഒരിക്കൽകൂടി അദ്ദേഹത്തെ ഈ ഒരു കാര്യവുമായി തന്നെ രംഗത്ത് വരാൻ പ്രേരിപ്പിച്ചു. 2013 സെപ്തംബർ 11ന് ടെറി ജോൺസ് അദ്ദേഹത്തിന്റെ കരിസ്മാറ്റിക് ധ്യാനകേന്ദ്രത്തിലെ മൈതാനിയിൽ വെച്ച് ക്വുർആനിന്റെ ഏകദേശം 2998 കോപ്പികൾ കത്തിക്കാനുള്ള ശ്രമം നടത്തി. എന്നാൽ അദ്ദേഹം നിയമപാലകരുടെ കൈകളാൽ അറസ്റ്റ് ചെയ്യപ്പെട്ടു. പിന്നീട് ഒറ്റയും തെറ്റയുമായെല്ലാം ഇസ്‌ലാം വിമർശനങ്ങളുമായി അദ്ദേഹം ഊരുചുറ്റിക്കൊണ്ടിരുന്നതായിട്ടാണ് നമുക്ക് കാണാൻ കഴിയുന്നത്.




**ഒന്നല്ല, ട്രില്യൺ കണക്കിന് ക്വുർആനിന്റെ കോപ്പികൾ ഒരേസമയം കത്തിച്ച് ചാരമാക്കാൻ ശ്രമിച്ചാസെക്കന്റുകൾ കൊണ്ട് തന്നെ അതേ എണ്ണം ക്വുർആനിന്റെ കോപ്പികൾ രണ്ടാമതും അച്ചടിക്കപ്പെടും. കാരണം വളർന്ന് വരുന്ന അനേകം കുഞ്ഞു മക്കളുടെ ഹൃദയാന്തരങ്ങളിൽ പോലും ക്വുർആൻ മുഴുവനായും അക്ഷരങ്ങൾക്ക് പോലും മാറ്റമില്ലാതെ കൊത്തിവെക്കപ്പെട്ടിട്ടുണ്ട്. അതിന്റെ വിപ്ലവം അത് തുടർന്ന് കൊണ്ടിരിക്കുകയും ചെയ്യും.**

ഒരു സമൂഹം വളരെയധികം പവിത്രതയോടെ കൊണ്ട് നടക്കുന്ന ഒരു വേദഗ്രന്ഥത്തെ സമൂഹമധ്യത്തിൽ വെച്ച് കത്തിക്കാൻ ഇസ്‌ലാമിന്റെ ശത്രുക്കൾക്ക് എങ്ങനെയാണ് സാധിക്കുന്നത്? Islam is of the devil എന്ന പേരിൽ ഒരു പുസ്തകമെഴുതിയ ജോൺസിന്റെ അടുത്ത് നിന്ന് ഇത്തരത്തിലുള്ള ചെയ്തികളല്ലാതെ വേറെ എന്ത് പ്രതീക്ഷിക്കാൻ!!

മാനവരാശിക്ക് സന്മാർഗദർശനമായി ലോകരക്ഷിതാവായ അല്ലാഹു അവതരിപ്പിച്ച മഹത്തായ വേദഗ്രന്ഥമാണ് ക്വുർആൻ. ആ ക്വുർആനിനെ സമൂഹമധ്യത്തിൽ വെച്ച് കത്തിച്ച് അവഹേളിക്കുന്ന ആളുകളുടെ മനസ്സുകളിൽ പടർന്ന് പന്തലിച്ച് നിൽക്കുന്ന 'ഇസ്‌ലാം വിരോധം' എത്ര ഭീകരമാണ്?

ഒരു ക്വുർആനിന്റെ കോപ്പി കത്തിച്ച് കളഞ്ഞാൽ ക്വുർആനിനെയും അത് മുന്നോട്ട് വെക്കുന്ന ആശ

**വിരോധികൾ എത്രകണ്ട് ഖുർആൻ ജനമനസ്സുകളിൽ സൃഷ്ടിക്കുന്ന വിപ്ലവത്തെ ഭയപ്പെടുന്നുവോ, അതിന് തടയിടാനായി എത്ര പരിശ്രമിക്കുന്നുവോ അത്രകണ്ട് ഖുർആനും ഇസ്‌ലാമും ലോകത്ത് ജനമനസ്സുകളിൽ സ്ഥാനം പിടിക്കുന്നുമുണ്ട്. അതാകട്ടെ ഖുർആനിനും ഇസ്‌ലാമിനും മാത്രമുള്ള ഒരു പ്രത്യേകതയാണ് താനും. അടുത്ത കാലത്ത് ഇസ്‌ലാം സ്വീകരിച്ച ജോറം വാൻ ക്ലെവറൻ 'Islam is lie Quran is poison' (ഇസ്‌ലാം നുണയാണ്, ഖുർആൻ വിഷമാണ്) എന്ന പേരിൽ ഒരു പുസ്തകം എഴുതിയ ആളാണ്. ഇന്ന് അദ്ദേഹം ഇസ്‌ലാമിനെ പരിചയപ്പെടുത്താൻ വേണ്ടി പുസ്തകങ്ങൾ രചിക്കുന്നതിന്റെ തിരക്കിലാണ്.**



യത്തെയും അത് സൃഷ്ടിക്കുന്ന വിപ്ലവത്തെയും ഇല്ലാതാക്കാൻ കഴിയും എന്നാണോ ഇവരുടെ വ്യാമോഹം?

ഒന്നല്ല, ട്രില്യൺ കണക്കിന് ഖുർആനിന്റെ കോപ്പികൾ ഒരേസമയം കത്തിച്ച് ചാരമാക്കാൻ ശ്രമിച്ചാ സെക്കന്റുകൾ കൊണ്ട് തന്നെ അതേ എണ്ണം ഖുർആനിന്റെ കോപ്പികൾ രണ്ടാമതും അച്ചടിക്കപ്പെടും. കാരണം വളർന്ന് വരുന്ന അനേകം കുഞ്ഞു മക്കളുടെ ഹൃദയാന്തരങ്ങളിൽ പോലും ഖുർആൻ മുഴുവനായും അക്ഷരങ്ങൾക്ക് പോലും മാറ്റമില്ലാതെ കൊത്തിവെക്കപ്പെട്ടിട്ടുണ്ട്. അതിന്റെ വിപ്ലവം അത് തുടർന്ന് കൊണ്ടിരിക്കുകയും ചെയ്യും.

വിരോധികൾ എത്രകണ്ട് ഖുർആൻ ജനമനസ്സുകളിൽ സൃഷ്ടിക്കുന്ന വിപ്ലവത്തെ ഭയപ്പെടുന്നുവോ, അതിന് തടയിടാനായി എത്ര പരിശ്രമിക്കുന്നുവോ അത്രകണ്ട് ഖുർആനും ഇസ്‌ലാമും ലോകത്ത് ജനമനസ്സുകളിൽ സ്ഥാനം പിടിക്കുന്നുമുണ്ട്. അതാകട്ടെ ഖുർആനിനും ഇസ്‌ലാമിനും മാത്രമുള്ള ഒരു പ്രത്യേകതയാണ് താനും. അടുത്ത കാലത്ത് ഇസ്‌ലാം സ്വീകരിച്ച ജോറം വാൻ ക്ലെവറൻ "Islam is lie Quran is poison" (ഇസ്‌ലാം നുണയാണ്, ഖുർആൻ വിഷമാണ്) എന്ന പേരിൽ ഒരു പുസ്തകം എഴുതിയ ആളാണ്. ഇന്ന് അദ്ദേഹം ഇസ്‌ലാമിനെ പരിചയപ്പെടുത്താൻ വേണ്ടി പുസ്തകങ്ങൾ രചിക്കുന്നതിന്റെ തിരക്കിലാണ്.

പ്രശസ്ത ചരിത്രകാരൻ ആർ.വി.സി.ബോർഡ്‌ലി എഴുതുന്നു: "This book transformed the simple shepherds, merchants and nomads of Arabia into warriors and empire builders."

"അറേബ്യയിലെ, ആട്ടിടയന്മാരും കച്ചവടക്കാരുമായി അലഞ്ഞുതിരിഞ്ഞ് നടന്നിരുന്ന സാധാരണക്കാരായ അറബികളെ പടയാളികളും സാമ്രാജ്യ സ്ഥാപകരുമൊക്കെയായി ആക്കിത്തീർത്തത് ഈ ഗ്രന്ഥമാണ്" (The Messenger the life of Muhammed: R.V.C Bodley Page: 239).

ഈ പ്രകാശത്തെ ഊതിക്കെടുത്താം എന്നത് വ്യാമോഹം മാത്രമാണ്. അതിനനുസരിച്ച് അത് ജനമനസ്സുകളിൽ ആളിക്കത്തും.

അല്ലാഹു പറയുന്നു: "അവർ അവരുടെ വായ കൊണ്ട് അല്ലാഹുവിന്റെ പ്രകാശം കെടുത്തിക്കളയാനാണ് ഉദ്ദേശിക്കുന്നത്. സത്യനിഷേധികൾക്ക് അനിഷ്ടകരമായാലും അല്ലാഹു അവന്റെ പ്രകാശം പൂർത്തിയാക്കുന്നവനാകുന്നു"(ഖുർആൻ 61:8).

വിശുദ്ധ ഖുർആൻ കത്തിച്ച് ചാരമാക്കിക്കളഞ്ഞാൽ പിന്നെ ഇവിടെ ഇസ്‌ലാമും ഖുർആനും അതിന്റെ സംസ്കാരവും നിലനിൽക്കില്ല എന്നാണോ ഇവർ വിചാരിക്കുന്നത്?

നബീൽ പയ്യോളി
nabeelpayyoly@gmail.com





# വെല്ലുവിളികളെ അവസരങ്ങളായി കാണുക

ഈയിടെ രണ്ട് വിദ്യാർഥിനികൾ മാധ്യമങ്ങളിൽ നിറഞ്ഞുനിന്നത് നാം കണ്ടു. വയനാട് എം.പിയും കോൺഗ്രസ്സ് നേതാവുമായ രാഹുൽ ഗാന്ധിയുടെ പ്രസംഗം പരിഭാഷപ്പെടുത്തിയാണ് ഇവർ ശ്രദ്ധാകേന്ദ്രങ്ങളായി മാറിയത്. സാധാരണയായി ദേശീയ നേതാക്കൾക്ക് പരിഭാഷകരെ മുൻകൂട്ടി നിശ്ചയിക്കുകയും സംസാരിക്കുന്ന വിഷയങ്ങൾ രേഖപ്പെടുത്തിയോ മറ്റോ പരസ്പര ധാരണയോടെ പരിഭാഷ നടത്തുകയുമാണ് ചെയ്യാറുള്ളത്. മുൻപരിചയമുള്ളവരും ഭാഷാനൈപുണ്യമുള്ളവരുമായ മുതിർന്നവരാണ് ഈ റോൾ ഏറ്റെടുക്കാറുള്ളത്. പ്രഭാഷകന്റെ ശൈലി, വാക്കുകൾ, വാചക ഘടന, വാചകങ്ങളുടെ ദൈർഘ്യം തുടങ്ങി നിരവധി ഘടകങ്ങൾ പരിഭാഷകൻ ശ്രദ്ധിക്കേണ്ടതുണ്ട്. അതിന് പ്രഭാഷകന്റെ മുൻകാല പ്രസംഗങ്ങൾ സശ്രദ്ധം കേട്ട് തയ്യാറായി വരികയാണ് പരിഭാഷകൻ ചെയ്യാറുള്ളത്. പരിചയ സമ്പന്നരാണെങ്കിൽ ഇത്തരം കാര്യങ്ങളിൽ അവർക്ക് മുൻധാരണയുണ്ടാവുകയും ചെയ്യും.

ഇതിൽ നിന്നും വിപരീതമായി അവിചാരിത പരിഭാഷകരായി എന്നതാണ് ഈ രണ്ട് വിദ്യാർഥിനികളെ വ്യത്യസ്തരാക്കുന്നത്. 'ഞാൻ ഇംഗ്ലീഷിലാണ് സംസാരിക്കാൻ പോകുന്നത്. പ്രസംഗം പരിഭാഷപ്പെടുത്താൻ ആരെങ്കിലും മുന്നോട്ടുവന്നെങ്കിൽ നന്നായിരുന്നു. ഞാൻ പറയുന്നത് പരിഭാഷപ്പെടുത്താൻ വിദ്യാർഥികളിൽ ആരെങ്കിലുമുണ്ടോ?' മലപ്പുറം ജില്ലയിലെ കരുവാരകുണ്ട്

ഗവൺമെന്റ് ഹയർ സെക്കൻഡറി സ്‌കൂളിലെ സയൻസ് ലാബ് കെട്ടിടത്തിന്റെ ഉദ്ഘാടനത്തിനെത്തിയ രാഹുൽ ഗാന്ധി സദസ്സിനോട് ചോദിച്ചു.

അൽപം നിശ്ശബ്ദമായ സദസ്സിൽ നിന്നും ആ സ്‌കൂളിലെ പ്ലസ്‌വൺ വിദ്യാർഥിനി സഫ ഫെബിൻ വെല്ലുവിളി ഏറ്റെടുത്തു മുന്നോട്ട് വന്നു. ഭംഗിയായി അവൾ ആ ദൗത്യം നിർവഹിച്ചു. വയനാട് വാകേരി ഗവ. ഹയർ സെക്കൻഡറി സ്‌കൂളിലെ പ്ലസ് വൺ വിദ്യാർഥിനി പി.വി. പൂജയാണ് മറ്റൊരു പരിഭാഷക. അപ്രതീക്ഷിതമായി കിട്ടിയ അവസരത്തിൽ ഇടക്കൊന്ന് പതറിയെങ്കിലും ആ ദൗത്യം പൂജയും ഭംഗിയായി നിർവഹിച്ചു. അതോടെ പത്ര,ദൃശ്യ,ശ്രാവ്യ,സാമുഹ്യ മാധ്യമങ്ങളിൽ ഇരു പ്രതിഭകൾക്കും അഭിനന്ദന പ്രവാഹമായിരുന്നു. മത, സാമൂഹ്യ, സാംസ്‌കാരിക, രാഷ്ട്രീയ പ്രവർത്തകരും സർക്കാരും ഇവർക്ക് പ്രോത്സാഹനവുമായി രംഗത്ത് എത്തി. വളർന്ന് വരുന്ന പ്രതിഭകൾക്ക് സമൂഹത്തിൽ നിന്ന് ലഭിക്കേണ്ടത് പ്രോത്സാഹനവും പിന്തുണയുമാണ്. അത് അവരുടെ ഇളംമനസ്സുകൾക്ക് ഊർജം പകരുകയും ഉയരങ്ങളിലേക്ക് കുതിക്കാൻ ആത്മവിശ്വാസം നൽകുകയും ചെയ്യും.

രണ്ട് വിദ്യാർഥിനികളും സമൂഹത്തിന് നൽകുന്ന സന്ദേശം വെല്ലുവിളികളെ അവസരങ്ങളായി കാണണം എന്നതാണ്. ഏതൊരു പ്രൊഫഷണൽ പരിഭാഷകനും വെല്ലുവിളിയായി നിലനിൽക്കുന്ന ഒരു ദൗത്യം തെല്ലും ടെൻഷൻ ഇല്ലാതെ നിർവഹിക്കാൻ അവർക്ക് സാധ്യമായത് വെല്ലുവിളിക്കപ്പുറം തങ്ങൾക്ക് ലഭിച്ച അവസരമായി അതിനെ കണ്ടത് തന്നെയാണ്. പ്രഭാഷകന്റെ മനസ്സറിഞ്ഞ് ആശയവും ആവേശവും ചോർന്ന് പോകാതെ സ്വതസിദ്ധമായ ശൈലിയിൽ അവർ ഭാഷാന്തരം നടത്തി. ഇത് സാധ്യമായത് തങ്ങൾക്ക് ലഭിച്ച അവസരത്തെ ക്രിയാത്മകമായി ഉപയോഗിക്കാനുള്ള അവരുടെ ആത്മാർഥമായ ആഗ്രഹം കൊണ്ട് തന്നെയാണ്. വെല്ലുവിളികളെ ഭയത്തോടെ കാണുകയും അതിനെ നേരിടാൻ കരുത്തില്ലാതെ പകച്ചു നിൽക്കുകയും ചെയ്യുന്ന പുതുതലമുറക്ക് വെളിച്ചവും ഊർജവും നൽകാൻ രണ്ട്‌പേർക്കും സാധ്യമായി എന്നത് പ്രതീക്ഷ നൽകുന്നു.

വെല്ലുവിളികൾ ഏതൊരാളുടെ ജീവിതത്തിലും അപ്രതീക്ഷിതമായി വന്നെത്തുന്ന അതിഥിയാണ്. അതിന് മുന്നിൽ ഒരു നിമിഷം നാം പകച്ചു നിന്നു പോകും; എന്ത് ചെയ്യണമെന്നറിയാതെ, പ്രതികരിക്കാൻ വാക്കുകളില്ലാതെ, കരുത്ത് നഷ്ടപ്പെട്ട്... ഏത് കരുത്തനായ മനുഷ്യനും ദുർബലനായിത്തീരുന്ന നിമിഷം!

മാനസികമായ കരുത്ത് ആർജിക്കുക തന്നെയാണ് പ്രധാനം. ആൾക്കൂട്ടത്തിന് മുന്നിൽ സത്യം വിളിച്ചു പറയാനും നീതിയുടെ പക്ഷത്ത് നിൽക്കാനും ഫലപ്രദമായ ആശയ സംവേദനത്തിനും ഈ മനക്കരുത്ത് അനിവാര്യമാണ്. നാലാളെ കാണുമ്പോൾ മുട്ട് വിറയ്ക്കുന്നവരാണ് നമ്മിൽ പലരും. സ്വന്തക്കാരോട് വാതോരാതെ സംസാരിക്കുന്നവർ ചെറിയൊരു സദസ്സിൽ ചെന്നാൽ പോലും വാക്കുകൾ കിട്ടാതെ പ്രയാസപ്പെടുന്നത് കാണാം. സ്‌കൂൾ ജീവിതം മുതൽ നമ്മൾക്ക് ലഭിച്ച അവസരങ്ങളിൽ നിന്ന് ഒളിച്ചോടിയതിന്റെ പരിണിത ഫലമാണ് ഇത്തരം പോരായ്മകൾ. ജനങ്ങളെ അഭിമുഖീകരിച്ച് സംസാരിക്കാൻ അവസരം ലഭിച്ചാൽ ധൈര്യസമേതം അത് ഉപയോഗപ്പെടുത്താൽ നമുക്ക് സാധിക്കേണ്ടതുണ്ട്. പരിശ്രമവും ആഗ്രഹവും ഉണ്ടെങ്കിലേ മാറ്റമുണ്ടാകൂ. അതിനുള്ള അവസരങ്ങൾ നമുക്ക് ചുറ്റും ധാരാളമുണ്ട്. അതിനെ എത്രത്തോളും ഉപയോഗപ്പെടുത്തുന്നു എന്നതാണ് ഓരോരുത്തരും പുനർവിചിന്തനം നടത്തേണ്ടത്.

സ്റ്റാഫ് മീറ്റിംഗുകൾ, അധ്യാപക രക്ഷാകർതൃ സംഗമങ്ങൾ, കുടുംബങ്ങളുടെ ഒത്ത് ചേരൽ, റസിഡന്റ്‌സ് അസോസിയേഷനുകളുടെ സംഗമങ്ങൾ; മത, രാഷ്ട്രീയ, സാമൂഹിക, സാംസ്‌കാരിക, ജീവകാരുണ്യ പ്രവർത്തന രംഗങ്ങളിലെ അവസരങ്ങൾ തുടങ്ങി സംസാരിക്കാനുള്ള വേദികൾ നിരവധി നമുക്ക് മുന്നിലുണ്ട്. അത് എനിക്ക് പറ്റിയ പണിയല്ല എന്ന് പറഞ്ഞ് ഓടിയൊളിക്കുകയല്ല; മറിച്ച് കഴിയും എന്ന് മനസ്സിനോട് നിരന്തരം പറയുകയും അതിനനുസരിച്ച ശ്രമങ്ങൾ ഉണ്ടാവുകയും ആണ് വേണ്ടത്. ഈ ആത്മവിശ്വാസവും ധൈര്യവും ഇല്ലെങ്കിൽ സമൂഹത്തിൽ നമുക്ക് ചെയ്യാവുന്ന പലകാര്യങ്ങളിൽ നിന്നും പിന്തിരിയാൻ അത് കാരണമാകും. മറ്റുള്ളവർക്ക് പ്രേരണയും പ്രോത്സാഹനവും നൽകുകയും ചെയ്യേണ്ടതുണ്ട്.

വെല്ലുവിളികൾക്ക് മുമ്പിൽ പതറാതെ സധൈര്യം അവയെ നേരിടാനും അവസരമായി കണ്ട് ക്രിയാത്മകമായി ഉപയോഗപ്പെടുത്താനും സാധ്യമാകണം. വിദ്യാലയങ്ങളെ അതിനനുസരിച്ചു ഉപയോഗപ്പെടുത്താൻ അധ്യാപകരും രക്ഷിതാക്കളും വിദ്യാർഥികളും ശ്രദ്ധിക്കണം. സമൂഹത്തിലെ നാനാതുറകളിൽ പ്രവർത്തിക്കുന്ന സംഘടനകളും തങ്ങളുടെ പ്രവർത്തകർക്കും അണികൾക്കും ഇത്തരം അവസരങ്ങൾ മനഃപൂർവം നൽകുകയും അവർക്ക് ധൈര്യവും ആത്മവിശ്വാസവും പ്രോത്സാഹനവും പകരാൻ മനസ്സ് കാണിക്കുകയും ചെയ്യണം. കൂടെയുള്ളവരുടെ കഴിവുകൾ തിരിച്ചറിഞ്ഞ് അതിനെ ക്രിയാത്മകമായി ഉപയോഗപ്പെടുത്തുന്നവർക്ക് മാത്രമെ മാറ്റങ്ങൾക്ക് കാരണക്കാരാവാൻ സാധ്യമാവുകയുള്ളൂ. തങ്ങളുടെ അവസരം നഷ്ടപ്പെടുമോ എന്ന ഭയം പലപ്പോഴും ഈ കാര്യത്തിൽ നിന്ന് പലരെയും പിന്തിരിപ്പിക്കാറുണ്ട്. സ്വാർഥത ഏതൊരാളെയും നാശത്തിലേക്കേ നയിക്കൂ എന്നത് വസ്തുതയാണ്.

അബ്ബാസ് ചെറുതുരുത്തി
cmabbascm@gmail.com

ലേഖനം

# അനുപമമായ ശിക്ഷണം

മദീനയിൽ എത്തിയ ശേഷം പള്ളിനിർമിച്ചതും ജൂതന്മാരെ ഇസ്ലാമിലേക്ക് ക്ഷണിച്ചതും പോലെ പ്രവാചകൻﷺ നിർവഹിച്ച മറ്റൊരു പ്രവർത്തനമായിരുന്നു മുഹാജിറുകൾക്കും അൻസ്വാറുകൾക്കുമിടയിൽ സാഹോദര്യം ഉണ്ടാക്കുക എന്നത്. പ്രവാചകന്റെ വിവേകവും പ്രവാചകത്വത്തിന്റെ പൂർണതയും ഹിക്മത്തും പൂർണമായും പ്രകടമാകുന്ന പ്രവർത്തനമായിരുന്നു അത്.

അനസ് ഇബ്നു മാലികിؓന്റെ വീട്ടിൽ വെച്ച് അവരെ പരസ്പരം പ്രവാചകൻﷺ സഹോദരങ്ങളാക്കി. അവർ 90 പുരുഷന്മാരുണ്ടായിരുന്നു; പകുതി പേർ മുഹാജിറുകളും പകുതി പേർ അൻസ്വാറുകളും. അവർക്കിടയിൽ തുല്യവും നീതിയുക്തവുമായ രീതിയിൽ സാഹോദര്യമുണ്ടാക്കി. ബദ്ർ യുദ്ധം നടക്കുന്നത് വരെ മരണശേഷം അവർ പരസ്പരം അനന്തരമെടുത്തിരുന്നു. “എന്നാൽ രക്തബന്ധമുള്ളവർ അല്ലാഹുവിന്റെ രേഖയിൽ (നിയമത്തിൽ) അന്യോന്യം കൂടുതൽ ബന്ധപ്പെട്ടവരാകുന്നു” എന്ന ക്വുർആൻ വചനമിറങ്ങിയപ്പോൾ രക്തബന്ധത്തിലേക്ക് മാത്രമായി അനന്തര സ്വത്തുക്കൾ മടക്കപ്പെട്ടു.

ജാഹിലിയ്യത്തിലെ സങ്കുചിത പക്ഷപാതിത്വങ്ങൾ അലിഞ്ഞില്ലാതായി. രാജ്യത്തിന്റെയും വർണത്തിന്റെയും കുടുംബത്തിന്റെയും പേരിലുള്ള വേർതിരിവ് ഇല്ലാതായി. ദൈവഭയത്തിന്റെയും മാനവികതയുടെയും അടിസ്ഥാനത്തിലായി ഒരാൾക്ക് മറ്റൊരാളെക്കാളുള്ള മുൻഗണന. ഇസ്‌ലാം പഠിപ്പിക്കുന്ന നീതിയും മനുഷ്യത്വവും സൽസ്വഭാവവും ശക്തമായ സാഹോദര്യമാണ് അവരുടെ മനസ്സുകളിൽ രൂഢമൂലമാക്കിയത്. അതിന്റെ ഏറ്റവും മനോഹരമായ രൂപം ഇമാം ബുഖാരി റിപ്പോർട്ട് ചെയ്യുന്ന ഒരു ഹദീഥിൽ കാണാം:

"അബ്ദുറഹ്മാൻ ഇബ്നു ഔഫിﷺനെയും സഅദ് ഇബ്നുറബീഇനെﷺയും പ്രവാചകൻﷺ പരസ്പരം സഹോദരങ്ങളാക്കി. സഅദ്ﷺ പറഞ്ഞു: 'അൻസ്വാരികളിൽ ധാരാളം സമ്പത്തുള്ള ആളാണ് ഞാൻ. എനിക്കും താങ്കൾക്കുമിടയിൽ എന്റെ സമ്പത്തിനെ നേർപകുതിയാക്കി, പകുതി താങ്കൾക്ക് നൽകാം. എനിക്ക് രണ്ടുഭാര്യമാരുണ്ട്. അവരിൽ ആരെയാണോ താങ്കൾക്ക് കൂടുതൽ ഇഷ്ടമാകുന്നത് അവളുടെ പേര് പറഞ്ഞാൽ ഞാൻ അവളെ ത്വലാക് ചൊല്ലി ഇദ്ദ കാലാവധി കഴിഞ്ഞാൽ താങ്കൾക്ക് വിവാഹം കഴിക്കാം.' അബ്ദുറഹ്മാൻﷺ പറഞ്ഞു: 'താങ്കളുടെ കുടുംബത്തിലും സമ്പത്തിലും അല്ലാഹു താങ്കൾക്ക് അനുഗ്രഹം ചെയ്യട്ടെ. നിങ്ങളുടെ അങ്ങാടി എവിടെയാണ്?' ബനൂഖൈനുകാഅ് അങ്ങാടി അദ്ദേഹത്തിന് കാണിച്ചുകൊടുത്തു. അദ്ദേഹം അവിടേക്ക് അൽപം പാൽകട്ടിയും നെയ്യുമായി പോയി. പിറ്റേദിവസം രാവിലെ അദ്ദേഹം മടങ്ങിവന്നപ്പോൾ അദ്ദേഹത്തിന്റെ വസ്ത്രത്തിൽ അത്തറിന്റെ മഞ്ഞ അടയാളം കണ്ടു. അപ്പോൾ നബിﷺ ചോദിച്ചു: 'എന്താണ് നിന്റെ വിശേഷം?' അദ്ദേഹം പറഞ്ഞു: 'ഞാൻ അൻസ്വാറുകളിൽപെട്ട ഒരു സ്ത്രീയെ വിവാഹം കഴിച്ചു.' പ്രവാചകൻﷺ പറഞ്ഞു: 'നീ എന്താണ് (മഹ്ർ) നൽകിയത്?' അദ്ദേഹം പറഞ്ഞു: 'ഒരു വിത്തിന്റെ തൂക്കം വരുന്ന സ്വർണം.' പ്രവാചകൻﷺ പറഞ്ഞു: 'ഒരു ആടിനെ അറുത്തെങ്കിലും വലീമ (വിവാഹസദ്യ) നൽകുക.' (ബുഖാരി).

പ്രവാചകൻﷺ ഉണ്ടാക്കിയ തുല്യതയില്ലാത്ത സാഹോദര്യം വലിയ ഹിക്മത്തായിരുന്നു. മുസ്‌ലിംകൾ നേരിട്ടിരുന്ന മുഴുവൻ പ്രശ്നങ്ങൾക്കും മനോഹരമായ പരിഹാരവുമായിരുന്നു.

### ഹിക്മത്തിലധിഷ്ഠിതമായ ശിക്ഷണം

പ്രവാചകൻﷺ ശിക്ഷണം നൽകുന്നതിലും മനസ്സുകളെ ശുദ്ധീകരിക്കുന്നതിലും പ്രത്യേകം ശ്രദ്ധിക്കുകയും ഉന്നത സ്വഭാവഗുണങ്ങളെ പ്രേരിപ്പിക്കുകയും സ്നേഹത്തിന്റെയും സാഹോദര്യത്തിന്റെയും ശ്രേഷ്ഠതയുടെയും ആരാധനയുടെയും അനുസരണയുടെയും മര്യാദകൾ അവരെ പഠിപ്പിക്കുകയും ചെയ്തു.

പ്രവാചകൻﷺ പറയുമായിരുന്നു: "അല്ലയോ ജനങ്ങളേ, നിങ്ങൾ സലാം പറയൽ വ്യാപിപ്പിക്കുക, ഭക്ഷണം കഴിപ്പിക്കുക, ജനങ്ങൾ ഉറങ്ങുമ്പോൾ രാത്രി എഴുന്നേറ്റ് നമസ്കരിക്കുക, സമാധാനം കൊണ്ട് സ്വർഗത്തിൽ പ്രവേശിക്കുക"(തിർമിദി).

"ഏതൊരാളുടെ അയൽവാസി തന്റെ ഉപദ്രവത്തിൽ നിന്നു നിർഭയനാകുന്നില്ലയോ എങ്കിൽ അയാൾ സ്വർഗത്തിൽ പ്രവേശിക്കുകയില്ല"(മുസ്‌ലിം).

"ഒരു മുസ്‌ലിം; അവന്റെ കയ്യിൽ നിന്നും നാവിൽ നിന്നും മറ്റു മുസ്‌ലിംകൾ സുരക്ഷിതരായിരിക്കും"(ബുഖാരി).

"താൻ ഇഷ്ടപ്പെടുന്നത് തന്റെ സഹോദരനും ഇഷ്ടപ്പെടുന്നത് വരെ നിങ്ങളിൽ ഒരാളും വിശ്വാസിയാകില്ല"(ബുഖാരി).

"ഒരു വിശ്വാസി മറ്റൊരു വിശ്വാസിക്ക് ഒരു കെട്ടിടം പോലെയാണ്; ചിലത് ചിലതിനെ ശക്തിപ്പെടുത്തുന്നു."(32)

"നിങ്ങൾ പരസ്പരം അസൂയവെക്കരുത്, നിങ്ങൾ വാങ്ങാൻ ഉദ്ദേശിക്കാത്ത വസ്തുക്കൾക്ക് മറ്റുള്ളവരെ കബളിപ്പിക്കാൻ വേണ്ടി വില കയറ്റി പറയരുത്. നിങ്ങൾ പരസ്പരം വിദ്വേഷം വെക്കരുത്. നിങ്ങൾ പരസ്പരം ശത്രുത പുലർത്തരുത്. നിങ്ങൾ അല്ലാഹുവിന്റെ ദാസന്മാരായ സഹോദരന്മാരാകുക. ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിന്റെ സഹോദരനാണ്. അവൻ അവനെ അക്രമിക്കു

**പ്രവാചകൻﷺ മുഴുവൻ അനുചരന്മാരെയും ഉത്തമ ശിക്ഷണം നൽകി വളർത്തിക്കൊണ്ട് വന്നു. നല്ല മാർഗങ്ങളിൽ ധനം ചെലവഴിക്കുന്നതിനെ പ്രോത്സാഹിപ്പിച്ചു. ഐഹികജീവിതത്തിന്റെ ആഡംബരങ്ങളോട് വിരക്തിയും ജീവിതത്തിൽ ക്ഷമയും സംതൃപ്തിയും ഉണ്ടാക്കിയെടുത്തു. അതോടൊപ്പം ആരാധനാ കർമങ്ങളിൽ ആഗ്രഹം ജനിപ്പിക്കുകയും അതിന്റെ പ്രതിഫലങ്ങളും ശ്രേഷ്ഠതയും കരസ്ഥമാക്കുന്നതിന് അവരെ പ്രാപ്തരാക്കുകയും ചെയ്തു. ഉപരിയിൽ നിന്നുള്ള ദൈവികബോധനത്തിനനുസരിച്ച് അനുചരന്മാരെ ഉറപ്പിച്ച് നിർത്തുകയും അവർക്ക് ദൈവികവചനങ്ങൾ ഓതിക്കൊടുക്കുകയും അവർ ഓതുകയും ചെയ്തു. അങ്ങനെ പ്രവാചകൻﷺ തന്റെ സമൂഹത്തെ ആദർശപരമായും ഭൗതികപരമായും ഉന്നതനിലവാരത്തിലെത്തിച്ചു.**

കയില്ല. തഖ്‌വ (ഭയഭക്തി) ഇവിടെയാണ്. (നബിﷺ തന്റെ നെഞ്ചിലേക്ക് മൂന്ന് പ്രാവശ്യം ചൂണ്ടി). ഒരു മനുഷ്യന് തിന്മയായി തന്റെ മുസ്‌ലിം സഹോദരനെ നിന്ദിക്കുന്നത് തന്നെമതി. ഓരോ മുസ്‌ലിമും മറ്റൊരു മുസ്‌ലിമിന്റെ മേൽ പവിത്രമാണ്; അവന്റെ രക്തവും ധനവും അഭിമാനവും"(മുസ്‌ലിം).

"ഒരു മുസ്‌ലിമിനും തന്റെ സഹോദരനോട് മൂന്ന് ദിവസത്തിൽ കൂടുതൽ പിണങ്ങി നിൽക്കുന്നത് അനുവദനീയമല്ല. അവർ തമ്മിൽ കണ്ടുമുട്ടുന്നു; അപ്പോൾ അവൻ തിരിഞ്ഞുകളയുന്നു. ഇവനും തിരിഞ്ഞുകളയുന്നു. അവരിൽ ഉത്തമൻ സലാം കൊണ്ട് ആരംഭിക്കുന്നവനാണ്" (മുസ്‌ലിം).

"ഒരു മുസ്‌ലിം മറ്റൊരു മുസ്‌ലിമിനോട് ചെയ്യേണ്ട കടമകൾ ആറാകുന്നു." അല്ലാഹുവിന്റെ റസൂലേ, അവ ഏതാണെന്ന് ചോദിക്കപ്പെട്ടു. അവിടുന്ന് പറഞ്ഞു: "നീ അവനെ കണ്ടുമുട്ടിയാൽ സലാം പറയുക. അവൻ നിന്നെ ക്ഷണിച്ചാൽ ഉത്തരം ചെയ്യുക. വല്ല ഉപദേശവും ആവശ്യപ്പെട്ടാൽ അവനെ ഉപദേശിക്കുക. അവൻ തുമ്മിയ ശേഷം അല്ലാഹുവിനെ സ്തുതിച്ചാൽ (അൽഹംദുലില്ലാഹ് എന്നുപറഞ്ഞാൽ) അതിനു പ്രത്യുത്തരം ചെയ്യുക. രോഗിയായാൽ അവനെ സന്ദർശിക്കുക. മരണപ്പെട്ടാൽ അവന്റെ ജനാസയെ അനുഗമിക്കുക"(മുസ്‌ലിം).

"നിങ്ങൾ സത്യവിശ്വാസികളാകുന്നത് വരെ സ്വർഗത്തിൽ പ്രവേശിക്കുകയില്ല. പരസ്പരം സ്‌നേഹിക്കുന്നത് വരെ നിങ്ങൾ സത്യവിശ്വാസികളാവുകയില്ല. ഒരു കാര്യം ഞാൻ അറിയിച്ചു തരട്ടെയോ?



അത് നിങ്ങൾ പ്രവർത്തിച്ചാൽ നിങ്ങൾക്ക് പരസ്പരം സ്‌നേഹമുണ്ടാകും. (അതായത്) നിങ്ങൾ പരസ്പരം സലാം പറയുക"(മുസ്‌ലിം).

നബിﷺ ചോദിക്കപ്പെട്ടു: "ഇസ്‌ലാമിൽ ഏറ്റവും നന്മ നിറഞ്ഞ കാര്യം എന്താണ്?" അവിടുന്ന് പറഞ്ഞു: "നീ ഭക്ഷണം നൽകുക, നിനക്ക് പരിചയമുള്ളവനും പരിചയമില്ലാത്തവനും നീ സലാം പറയുകയും ചെയ്യുക"(മുസ്‌ലിം).

"വിശ്വാസികളുടെ ഉപമ, അവരുടെ പരസ്പരമുള്ള സ്‌നേഹത്തിലും, കാരുണ്യത്തിലും കനിവിലും ഒരു ശരീരം പോലെയാണ്. ഏതെങ്കിലും ഒരു അവയവത്തിന് വല്ല അസുഖവും ബാധിച്ചാൽ ശരീരത്തിലെ മറ്റുഭാഗങ്ങൾ പനിപിടിച്ചും ഉറക്കമിളച്ചും അതിനോട് അനുഭാവം പുലർത്തും"(മുസ്‌ലിം).

"കരുണ ചെയ്യാത്തവൻ കരുണ ചെയ്യപ്പെടുകയില്ല"(മുസ്‌ലിം).

"ജനങ്ങളോട് കരുണ കാണിക്കാത്തവനോട് അല്ലാഹു കരുണകാണിക്കുകയില്ല"(മുസ്‌ലിം).

"മുസ്‌ലിമിനെ ചീത്ത വിളിക്കുന്നത് തെമ്മാടിത്തമാണ്. അവനെ കൊല്ലുന്നത് സത്യനിഷേധവും" (ബുഖാരി).

മേൽപറഞ്ഞ പ്രവാചക വചനങ്ങളെല്ലാം അൻസാറുകൾ നബിﷺയിൽ നിന്നും നേരിട്ട് കേട്ടതോ ഹിജ്‌റക്ക് മുമ്പ് നബിﷺയിൽ നിന്നും കേട്ട മുഹാജിറുകളിൽ നിന്ന് കേട്ടതോ ആണ്. ഇങ്ങനെ പ്രവാചകൻﷺ മുഴുവൻ അനുചരന്മാരെയും ഉത്തമ ശിക്ഷണം നൽകി വളർത്തിക്കൊണ്ട് വന്നു. നല്ല മാർഗങ്ങളിൽ ധനം ചെലവഴിക്കുന്നതിനെ പ്രോത്സാഹിപ്പിച്ചു. ഐഹികജീവിതത്തിന്റെ ആഡംബരങ്ങളോട് വിരക്തിയും ജീവിതത്തിൽ ക്ഷമയും സംതൃപ്തിയും ഉണ്ടാക്കിയെടുത്തു. അതോടൊപ്പം ആരാധനാകർമങ്ങളിൽ ആഗ്രഹം ജനിപ്പിക്കുകയും അതിന്റെ പ്രതിഫലങ്ങളും ശ്രേഷ്ഠതയും കരസ്ഥമാക്കുന്നതിന് അവരെ പ്രാപ്തരാക്കുകയും ചെയ്തു. ഉപരിയിൽ നിന്നുള്ള ദൈവികബോധനത്തിനനുസരിച്ച് അനുചരന്മാരെ ഉറപ്പിച്ച് നിർത്തുകയും അവർക്ക് ദൈവിക വചനങ്ങൾ ഓതിക്കൊടുക്കുകയും അവർ ഓതുകയും ചെയ്തു. അങ്ങനെ പ്രവാചകൻﷺ തന്റെ സമൂഹത്തെ ആദർശപരമായും ഭൗതികപരമായും ഉന്നതനിലവാരത്തിലെത്തിച്ചു.

ജാഹിലിയ്യത്തിന്റെ കൂരിരുട്ടിൽ നിന്നും മനോഹരവും ഉന്നതവുമായ നിലവാരത്തിലേക്ക് മുസ്‌ലിം സമൂഹത്തെ നബിﷺ കൈപിടിച്ചുയർത്തി. തങ്ങൾക്ക് ലഭിച്ചതെല്ലാം പരസ്പരം പങ്കുവെക്കുവാനും ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവാനും പ്രതിസന്ധികളെ തരണം ചെയ്തും ക്ഷമിച്ചും ജീവിക്കുവാനും അവർക്ക് സാധിച്ചു. ഏകനായ അല്ലാഹുവിനെ മാത്രം ആരാധിക്കുന്നതിലൂടെ അവർ സമൂലമായ മാറ്റത്തിന് വിധേയമാവുകയായിരുന്നു. ●

ടി.കെ.അശ്റഫ്
tkashraf100@gmail.com

കൂട്ടായ്മ



# ഇസ്‌ലാം: നിർഭയത്വത്തിന്റെ നേർവഴി

**വി**വിധ ഭയങ്ങൾ മനുഷ്യനെ വേട്ടയാടിക്കൊണ്ടിരിക്കുന്ന കാലമാണിത്. ഭയത്തിൽ നിന്ന് രക്ഷപ്പെടാൻ എന്ത് ചെയ്യണമെന്നറിയാതെ അലയുകയാണ് ആധുനിക മനുഷ്യൻ. നിർഭയത്വമില്ലെങ്കിൽ മറ്റെന്തുണ്ടായിട്ടും കാര്യമില്ലല്ലോ.

ഭയചകിതനായ മനുഷ്യനെ ചൂഷണം ചെയ്തു ജീവിക്കുന്നവരെയും നമുക്ക് കാണാം. ആത്മീയ ആചാര്യന്മാരും സിദ്ധന്മാരും അവരുടെ കേന്ദ്രങ്ങളും സാമ്പത്തികമായി തടിച്ചു കൊഴുക്കുന്നത് ജനങ്ങളുടെ ഭയമെന്ന വികാരത്തെ ചൂഷണം ചെയ്തുകൊണ്ടാണ്. ജീവിതത്തിലുണ്ടാകുന്ന തിരിച്ചടികളുടെ കാരണങ്ങൾ നിരത്തി, അതിൽ നിന്ന് രക്ഷപ്പെടാനുള്ള മാർഗമെന്ന പേരിൽ ഭീമമായ തുക ഈടാക്കി ചരടുകൾ, തകിടുകൾ, ഏലസ്സ് തുടങ്ങിയ ശരീരത്തിൽ ബന്ധിക്കുകയോ വീട്ടിൽ കുഴിച്ചിടുകയോ ചെയ്യാൻ ചൂഷകർ നിർദേശിക്കുന്നു. പ്രത്യേക സിദ്ധിയുള്ള ഈ വസ്തുക്കൾ പ്രയാസങ്ങൾ നീക്കുകയും അഭിവൃദ്ധി നൽകുകയും ചെയ്യുമെന്ന് വാഗ്ദാനത്തിൽ വിശ്വസിച്ച് പറയുന്ന തുക നൽകാൻ ജനങ്ങൾ തയ്യാറാവുകയും ചെയ്യുന്നു.

വീട് നിർമിച്ചതിന്റെ സാമ്പത്തിക ബാധ്യത മുതുകിൽ പേറുന്നവരോട് അത് പൊളിച്ച് മറ്റൊന്നുണ്ടാക്കുവാനോ അതിന്റെ ഏതെങ്കിലും ഭാഗം പൊളിച്ചു കളയുവാനോ കതകിന്റെ സ്ഥാനം മാറ്റുവാനോ ഒക്കെനിർബന്ധിക്കുന്നവരുമുണ്ട്. എന്നാലേ തങ്ങളെ ബാധിച്ച വിപത്ത് വിട്ടുപോകുകയുള്ളൂ എന്ന വിശ്വാസത്തിൽ അതൊക്കെ അംഗീകരിക്കാൻ ആളുകൾ നിർബന്ധിതരാവുകയും ചെയ്യുന്നു. അവിടെ പ്രത്യേക കർമങ്ങൾ ചെയ്യുവാനായി ആത്മീയ കച്ചവടക്കാർ വരികയും ഭീമമായ തുക കൈപ്പറ്റുകയും ചെയ്യുന്നു.

ഇങ്ങനെ ഭയമുക്തമായ ജീവിതം കൊതിച്ച് മനുഷ്യർ എന്തെല്ലാം ചെയ്യുന്നു! അതിന്റെ മാർഗത്തിൽ എന്തെല്ലാം നഷ്ടപ്പെടുത്തുന്നു! എന്നിട്ടും ഭയം ഏറിവരികയല്ലാതെ കുറയുന്നില്ല.

ഇവിടെയാണ് 'നിർഭയത്വത്തിന്റെ നേർവഴി' പ്രസക്തമാകുന്നത്.

നിർഭയത്വത്തിന്റെ നേർവഴി പഠിപ്പിക്കുന്ന മതമാണ് ഇസ്‌ലാം. ഭൗതികവും അഭൗതികവുമായ രണ്ട് തരം ഭയം മനുഷ്യനെ വേട്ടയാടാറുണ്ട്.

പാമ്പ്, തേള്, പൂച്ച, നായ തുടങ്ങിയ ജീവികളിൽ നിന്നുണ്ടാകുന്ന ഉപദ്രവങ്ങൾ, മനുഷ്യരിൽ നിന്നുണ്ടാകുന്ന അക്രമങ്ങൾ, പ്രകൃതിദുരന്തങ്ങൾ, വാഹനാപകടങ്ങൾ എന്നിവ മൂലമുണ്ടാകുന്ന ഭീതിയെ ഭൗതികമായ ഭയത്തിൽ ഉൾപ്പെടുത്താം. ഇത്തരം സന്ദർഭങ്ങളിൽ ഉണ്ടാകുന്ന ഭയത്തിൽ നിന്ന് മോചിതരാകാൻ നമ്മുടെ ശ്രദ്ധയും മുൻകരുതലുകളുമാണ് പരിഹാരമാർഗം.

കൊത്താൻ വരുന്ന പാമ്പിന്റെ കടിയേൽക്കുമെന്ന ഭയത്തിനപ്പുറം, ഈ പാമ്പിനെ പൂജിച്ചില്ലെങ്കിൽ മറ്റെന്തോ ഉപദ്രവം ഉണ്ടാകുമെന്ന് വിശ്വസിച്ചാൽ അതിനെയാണ് അഭൗതികമായ ഭയം എന്ന് പറയുന്നത്. പൂച്ച കടിക്കുമെന്ന പേടിക്കപ്പുറം, വാഹനത്തിനു മുന്നിലൂടെ കറുത്ത പൂച്ച വിലങ്ങ് പറഞ്ഞാൽ അന്നത്തെ ദിവസം എന്തെങ്കിലും ഉപദ്രവം ഉണ്ടാകും എന്ന വിശ്വാസവും അത് തന്നെയാണ്. ഇവിടെയാണ് ഇസ്‌ലാമിലെ ദൈവ വിശ്വാസം പരിഹാരമായി കടന്നുവരുന്നത്.

അഭൗതികമായ വഴിയിൽ അഥവാ കാര്യകാരണ ബന്ധങ്ങൾക്ക് അതീതമായി നമ്മെ രക്ഷിക്കാനോ ശിക്ഷിക്കാനോ ഒരു സൃഷ്ടിക്കും സാധ്യമല്ല എന്നതാണ് ഇസ്‌ലാം മുന്നോട്ട് വെക്കുന്ന നിർഭയത്വത്തിന്റെ സന്ദേശം. അഭൗതികമായ മാർഗത്തിൽ ഇടപെടാൻ പ്രപഞ്ചസ്രഷ്ടാവായ അല്ലാഹുവിന് മാത്രമെ സാധിക്കുകയുള്ളൂ. അഭൗതികമായ ഭയങ്ങളിൽ നിന്ന് രക്ഷപ്പെടാൻ സ്രഷ്ടാവിന്റെ മാർഗനിർദേശങ്ങൾ പാലിച്ചു ജീവിക്കുകയും അവനെ മാത്രം ആരാധിക്കുകയും അവനിൽ മാത്രം ഭരമേൽപിക്കുകയും ചെയ്യുകയാണ് വേണ്ടത്. അതാണ് യഥാർഥ പരിഹാരമാർഗം.

അടിയുറച്ച ഏകദൈവവിശ്വാസം സ്വീകരിക്കുന്നവനെയാണ് 'മുഅ്മിൻ' എന്ന് വിളിക്കുന്നത്. 'അംന്' എന്ന ശബ്ദധാതുവിൽ നിന്നാണ് 'വിശ്വാസം' എന്ന് അർഥമുള്ള 'ഈമാൻ' എന്ന പദത്തിന്റെ നിഷ്പത്തി. നിർഭയത്വം, സുരക്ഷിതത്വം, വിശ്വസ്തത എന്നീ അർഥങ്ങളാണ് 'അംന്' എന്ന ധാതുവിനുള്ളത്. ശുദ്ധ പ്രകൃതിയുള്ള മനുഷ്യന് നിർഭയത്വവും സുരക്ഷിതത്വവും ലഭിക്കുമ്പോൾ അവൻ എല്ലാവരോടും വിശ്വസ്തതയോടെ വർത്തിക്കുന്നു.

അടിസ്ഥാനരഹിതമായ ഭയത്തിൽനിന്ന് ഉത്ഭൂതമായതും ഭയാശങ്കകളിൽ നിന്ന് മനുഷ്യനെ മോചിപ്പിക്കാൻ സഹായകമല്ലാത്തതുമാണ് വൈവിധ്യമാർന്ന ബഹുദൈവ സങ്കൽപങ്ങൾ. മനുഷ്യരിൽ ബഹുഭൂരിപക്ഷത്തെയും ഭയമെന്ന വികാരം ഭരിച്ചുകൊണ്ടിരിക്കുന്നതിനാൽ മുട്ടുശാന്തി വാഗ്ദാനം ചെയ്യുന്ന മന്ത്രവാദികൾക്കും പുരോഹിതന്മാർക്കും ബഹുദൈവ ആരാധനകളിൽ അവരെ തളച്ചിടാൻ കഴിയുന്നു. പ്രവാചകന്മാർ പഠിപ്പിച്ച സാക്ഷാൽ ഏകദൈവ വിശ്വാസത്തിന്റെ മൗലിക ഭാഗങ്ങളിൽ ഒന്ന്, മനുഷ്യമനസ്സിൽ നിന്ന് അത് ഭയത്തെ പിഴുതെറിയുന്നുവെന്നതാണ്.

ഭയത്തിൽ നിന്നുണ്ടാകുന്നതാണ് വർധിച്ച് വരുന്ന ആത്മഹത്യ. ശാന്തിയോടെയുള്ള ശാശ്വത ജീവിതം പരലോകത്താണ് എന്ന ഇസ്‌ലാമിക വിശ്വാസം ആത്മഹത്യയിൽ നിന്ന് മനുഷ്യനെ തടയും.

ഇന്ന് ഇന്ത്യയുടെ ആകാശത്ത് ഭയചകിതമായ കാർമേഘങ്ങളാണ് ഉരുണ്ടുകൂടിയിരിക്കുന്നത്. ആൾക്കൂട്ട കൊലപാതകങ്ങളും സ്ത്രീപീഡനങ്ങളും ഒരുഭാഗത്ത് വർധിച്ചുവരുമ്പോൾ, രാജ്യത്തിന്റെ മുഖ്യധാരയിൽ നിന്ന് ഒരു പ്രത്യേക മത വിഭാഗത്തെ മാറ്റി നിർത്തുകയെന്ന അജണ്ടയോടെ നിയമങ്ങൾ പാസ്സാക്കിക്കൊണ്ടിരിക്കുകയാണ്. പൗരത്വ ഭേദഗതി ബിൽ അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്. ന്യൂനപക്ഷ വിഭാഗങ്ങളെ ഭയപ്പെടുത്തി കീഴ്പെടുത്തുക എന്ന തന്ത്രവും ഇതിന്റെ പിന്നിലുണ്ട്.

മുസ്‌ലിംകൾ വേറിട്ടുനിന്നു കൊണ്ട് കൂടുതൽ ദുർബലമാകലല്ല; മതേതര കാഴ്ചപ്പാടുള്ള മുഴുവൻ ഇന്ത്യക്കാരും ഒന്നിച്ചു നിന്നുകൊണ്ടുള്ള ജനാധിപത്യ

പോരാട്ടമാണ് ഇതിനുള്ള പരിഹാരം.

വൈകാരികമായി ചിന്തിക്കുന്ന വ്യക്തികളും സംഘങ്ങളും മുസ്‌ലിം ജനവിഭാഗത്തെ മതേതര കൂട്ടായ്മയിൽ നിന്ന് അടർത്തി മാറ്റുവാനാണ് ശ്രമിക്കുന്നത്. ഭൂരിപക്ഷ സമുദായത്തിന്റെ വർഗീയ ഏകീകരണത്തിന് സഹായകമാകുന്ന ഈ നിലപാട് നിർഭയത്വത്തിന്റെ വഴിയല്ല.

വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷന്റെ ആഭിമുഖ്യത്തിൽ 'ഇസ്‌ലാം: നിർഭയത്വത്തിന്റെ നേർവഴി' എന്ന പ്രമേയം ഉയർത്തിപ്പിടിച്ചുകൊണ്ട് 2019 ഡിസംബർ 29ന് പെരുമ്പാവൂരിൽ 'ദക്ഷിണ കേരള മുജാഹിദ് സമ്മേളനം' സംഘടിപ്പിക്കുകയാണ്.

മനുഷ്യന്റെ ആത്മീയമായ ആകുലതകളെ ചൂഷണം ചെയ്തു തടിച്ചുകൊഴുക്കുന്ന വ്യക്തികളുടെയും കേന്ദ്രങ്ങളുടെയും തടവറകളിൽ നിന്ന് സാധാരണക്കാരെ മോചിപ്പിക്കലാണ് ദക്ഷിണകേരള സമ്മേളനത്തിന്റെ മുഖ്യലക്ഷ്യം. ഇന്ത്യൻ മുസ്‌ലിംകളുടെ അരക്ഷിതാവസ്ഥ ഉയർത്തിക്കാട്ടി മുസ്‌ലിം ചെറുപ്പക്കാരെ തീവ്ര ചിന്താഗതിയിലേക്ക് തട്ടിക്കൊണ്ടുപോവുക വഴി, വർഗീയ ധ്രുവീകരണത്തിന് കാത്തിരിക്കുന്ന ഫാസിസ്റ്റുകൾക്ക് ലക്ഷ്യം എളുപ്പമാക്കുന്ന ആശയങ്ങളെ പ്രതിരോധിക്കലും സമ്മേളനത്തിന്റെ ലക്ഷ്യത്തിൽ പെടുന്നു.

വ്യക്തി, കുടുംബം, സമൂഹം, രാഷ്ട്രം എന്നിവിടങ്ങളിലെല്ലാം സമാധാനത്തോടെ നിലകൊള്ളാൻ നിർഭയത്വത്തിന്റെ നേർവഴി എല്ലാ മനുഷ്യരിലേക്കും എത്തിക്കേണ്ടതുണ്ട്. സന്മനസ്സുള്ള എല്ലാവരും ഈ സദുദ്യമത്തിൽ പങ്കാളികളാകണമെന്ന് അഭ്യർഥിക്കുന്നു. ●

peaceradio
Tune to reality

**ഈ ആഴ്ചയിലെ പ്രധാന പരിപാടികൾ**

**ഹൃദയ വസന്തം**
**സൂറ: ഖാഫ് 20**
**അനസ് സ്വലാഹി**
17.12.19 ചൊവ്വ 04:35 PM

**അടിത്തറകൾ**
**തകർന്നടിയുന്ന പ്രപഞ്ചം**
**ഫദ്‌ലുൽ ഹഖ് ഉമരി**
17.12.19 ചൊവ്വ 09:00 PM

**നബി ചരിത്രം**
**ഖുറൈഷികളുടെ നിസ്സഹകരണം**
**അബ്ദുല്ലത്വീഫ് സുല്ലമി മാറഞ്ചേരി**
17.12.19 ചൊവ്വ 09:25 AM

**ഹൃദയ വസന്തം**
**സൂറ: സ്വാഫാത്ത് 56-59**
**മുഹമ്മദ് കുട്ടി സലഫി**
18.12.19 ബുധൻ 04:35 PM

**വഴികാട്ടി**
**പാരിസ്ഥിക സംരക്ഷണവും പരിപാലനവും**
**Engr. Ibrahim Pottengal (Operational Excellence Dept. Tansee Petro chemmical's Company Jubail- KSA)**
**Ameen Ahmed (Peace Radio)**
19.12.19 ചൊവ്വ 07:10 AM

**സവിശേഷം**
**ആത്മാവ് വെടിഞ്ഞവരുടെ കൂട്ടുകാരൻ, ഭാഗം: 3**
**മഠത്തിൽ അബ്ദുൽ അസീസ്**
**ഡോ. മുബീൻ കൊടിയത്തൂർ**
**(പീസ് റേഡിയോ പ്രതിനിധി)**
22.12.19 ഞായർ 09:25 PM

**ഹൃദയ വസന്തം**
**സൂറ: ഖാഫ് 20**
**അനസ് സ്വലാഹി**
24.12.19 ചൊവ്വ 04:35 PM

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:
Search peaceradio
Search peace radio App
www.peaceradio.com
Scan QR Code

അൽത്താഫ് അമ്മാട്ടിക്കുന്ന്
althafammatikunnu@gmail.com

ലേഖനം



# ജാതീയത: ചില സമകാലിക ചിന്തകൾ

ഇന്ത്യൻ ഭരണഘടന ഭാഗം 3ലാണ് മൗലികാവകാശം പ്രതിപാദിക്കുന്നത്. മൗലികാവകാശങ്ങളിൽ ഒന്നാമത്തേതാണ് സമത്വാവകാശം. ഭരണഘടനയുടെ 17ാം വകുപ്പ് അയിത്താചാരം നിരോധിക്കുന്നു. 1955ലെ അയിത്തവിരുദ്ധനിയമ പ്രകാരം അയിത്താചരണം ശിക്ഷാർഹമാണ്.

പാലക്കാട് മെഡിക്കൽ കോളേജിൽ നടന്ന, ഒരു നടനും സംവിധായകനും തമ്മിലുള്ള സംഭവ വികാസങ്ങളുടെ പശ്ചാത്തലത്തിൽ പ്രസ്തുത സംഭവത്തിന് ജാതീയമായ മാനങ്ങൾ ഉണ്ടെന്നും അത്തരം വ്യാഖ്യാനങ്ങൾ നൽകേണ്ടതില്ല എന്നുമുള്ള രണ്ട് അഭിപ്രായങ്ങൾ വ്യത്യസ്ത കോണുകളിൽ നിന്ന് കേട്ടു.

ജാതീയ അധിക്ഷേപമാണ് അവിടെ നടന്നത് എന്ന് അഭിപ്രായമുള്ളവർ അതിവിദൂരമല്ലാത്ത സമകാലിക അപ്രിയ സംഭവങ്ങൾ ഉയർത്തിക്കാട്ടുന്നു. എന്നാൽ ഇത് പ്രതിഭാപരമായ സ്വാഭാവിക ഏറ്റുമുട്ടലാണ് എന്നാണ് എന്നാണ് മറുഭാഗം പറയാൻ ശ്രമിക്കുന്നത്. എന്തായിരുന്നാലും ജാതീയത നമ്മുടെ സമൂഹത്തിൽ ഇപ്പോഴും ശക്തമായ സ്വാധീനം ചെലുത്തുകയും സ്വചരമായ സാമൂഹികാന്തരീക്ഷത്തെ ചെറുതല്ലാത്തരീതിയിൽ മലീമസമാക്കുകയും ചെയ്യുന്നുണ്ട് എന്നത് ഒരു വസ്തുത മാത്രമാണ്.

വർണാശ്രമ വ്യവസ്ഥയിൽ അതിന്റെ ഗുണഭോക്താക്കൾ സവർണരും അതിന്റെ തിക്ത ഫലം അനുഭവിക്കുന്നവർ അസവർണരുമാണ് എന്നത് എല്ലാവരും അംഗീകരിക്കുന്ന ഒരു യാഥാർഥ്യമാണ്. എന്നാൽ പലരും അതിന് വ്യത്യസ്ത വ്യാഖ്യാനം നൽകി മനോഹരമാക്കാൻ ശ്രമിക്കാറുണ്ട്. എങ്കിലും ചരിത്രവും പുരാണങ്ങളുടെ സൂചനാ വായനകളും അധഃസ്ഥിത വിഭാഗങ്ങളുടെ അവകാശങ്ങൾ കവർന്നെടുത്ത് ജന്മം കൊണ്ട് മാത്രം ഒരു വിഭാഗം അനുഗൃഹീതരും മറുവിഭാഗം അവർക്ക് പാദസേവ ചെയ്യാൻ വിധിക്കപ്പെട്ടവരുമാണ് എന്ന് പ്രത്യക്ഷമായും ചിലപ്പോൾ പരോക്ഷമായും പറയുന്നു.

സാമൂഹികമായ ഒറ്റപ്പെടലിനും അടിച്ചമർത്തപ്പെട്ട വിഭാഗങ്ങളുടെ ഉയർച്ച തടസ്സപ്പെടുന്നതിനും ജാതീയമായ വേർത്തിരിവ് മുമ്പത്തെപ്പോലെ തന്നെ ഇപ്പോഴും പങ്ക് വഹിക്കുന്നുണ്ട് എന്നത് സാമൂഹിക ശാസ്ത്രജ്ഞർ അവരുടെ പഠനങ്ങളിൽ വ്യക്തമാക്കിയിട്ടുള്ളതാണ്.

ജി.എസ്.ഘുര്യെ (1893-1983) ഇന്ത്യൻ സോഷ്യോളജിക്കൽ സൊസൈറ്റിയുടെ സ്ഥാപക പ്രസിഡന്റായിരുന്നു. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ ജാതി ആറ് പ്രത്യേകതകൾ ഉൾകൊള്ളുന്ന ഒരു സ്ഥാപനമാണ്.

1. ഖണ്ഡവിഭജനം അടിസ്ഥാനമാക്കിയുള്ള സ്ഥാപനം.

2. ശ്രേണീ ബദ്ധമായ വിഭജനം.

3. സാമൂഹ്യ ഇടപെടലുകളിലെ വിലക്കുകളും നിയന്ത്രണങ്ങളും. (ശുദ്ധാശുദ്ധ സങ്കൽപങ്ങളാണ് ഇതിന്റെ അടിസ്ഥാനം).

4. അവകാശങ്ങളിലും ധർമങ്ങളിലുമുള്ള വേർത്തിരിവ്.

5. തൊഴിൽ തിരഞ്ഞെടുക്കുന്നതിലുള്ള നിയന്ത്രണം.

6. വിവാഹത്തിൻ മേലുള്ള നിയന്ത്രണം (ജാതി സ്വഗണ വിവാഹത്തെ മാത്രമെ അനുകൂലിക്കുന്നുള്ളു).

ഘുര്യെയെപ്പോലെ പ്രശസ്തരായ സോഷ്യോളജിസ്റ്റുകൾ വ്യക്തമാക്കിയത് പോലെ വ്യക്തമായ അലിഖിത നിയമങ്ങൾ ശക്തമായി പാലിച്ചുകൊണ്ട് ജാതീയത മാറിയ കാലത്തിനനുസരിച്ച് പ്രയോഗിക്കാൻ തക്ക രൂപത്തിൽ വ്യത്യസ്ത ഭാവങ്ങൾ സ്വീകരിച്ച് ഇന്നും സമൂഹത്തിൽ അതിന്റെ സ്വാധീനം ഉറപ്പിക്കുന്നത് നമുക്ക് കാണാനാകും.

ചരിത്രബോധവും വിവേചനശേഷിയുമുള്ളവർ മാത്രമെ ജാതീയതയുടെ നീരാളിക്കൈകളെ കുറിച്ച് ബോധവാനാകു. അല്ലാത്തവരെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായ ഒരു പ്രശ്നം എന്നതിലുപരി അതിന് യാതൊരു പ്രത്യേകതയുമില്ല. ചിലപ്പോഴൊക്കെ നിസ്സാരവൽകരിക്കാനും സാമാന്യവൽകരിച്ച് കൊണ്ട് ജാതീയമായ തരംതാഴ്ത്തലുകൾ കണ്ടില്ലെന്ന് നടിക്കാനുമാണ് ചിലരെല്ലാം ബോധപൂർവം ശ്രമിക്കുന്നത്. എത്രതന്നെ മറച്ചുവച്ചാലും ജാതീയമായ അടിച്ചമർത്തലുകൾക്ക് ചരിത്രം സാക്ഷിയാണ്. ഇത്തരം സാമൂഹിക വിവേചനങ്ങളിൽ നിന്ന് മോചനം നേടാൻ ചരിത്രം തിരുത്തപ്പെട്ടുകൊണ്ടിരിക്കുന്ന സമകാലിക സാഹചര്യത്തിൽ വിശേഷിച്ചും.

നാം അഭിമാനപൂർവം പാടിപ്പുകഴ്ത്തുന്ന നമ്മുടെ പഴയ രാജാക്കന്മാർ ജാതീയ വിവേചനത്തിനും അധഃസ്ഥിതർ അനുഭവിക്കുന്ന പീഡനത്തിനും എതിരെ എന്ത് നടപടി സ്വീകരിച്ചിരുന്നു എന്ന് ചിന്തിക്കുന്നത് കൗതുകകരമായൊരു കാര്യമാണ്. സമകാലിക രാഷ്ട്രീയത്തിലും ജാതീയതയുടെ അതിപ്രസരം കാണാൻ കഴിയും. പുരോഗമനാശയം എന്ന് മേനിനടിക്കുന്ന രാഷ്ട്രീയ പാർട്ടികളുടെ ചില നേതാക്കന്മാരുടെ പേരിനൊപ്പം ഉയർന്ന ജാതിപ്പേരുകൾ ചേർക്കുന്നത് അഭിമാനകരമായി അവർക്ക് തോന്നുന്നത് കൊണ്ടാണല്ലോ. ജാതീയതയുടെ ആനുകൂല്യങ്ങൾ ഏതെങ്കിലും രീതിയിൽ കൈപ്പറ്റാനുള്ള സവർണ സാമൂഹിക മനഃസാക്ഷിക്ക് ഉദാഹരണങ്ങൾ നിരവധിയാണ്.

മനുഷ്യരെല്ലാം ഒരു ആണിന്റെയും ഒരു പെണ്ണിന്റെയും സന്താന പരമ്പരയിൽ നിന്നുള്ളവരാണെന്നത് അടിസ്ഥാന വിശ്വാസമായി സ്വീകരിക്കുന്നതിലൂടെ മാത്രമെ ജാതീയത ഹൃദയങ്ങളിൽ നിന്ന് പുറന്തള്ളപ്പെടുകയുള്ളൂ എന്നതാണ് യാഥാർഥ്യം. ഇത് വെറുതെ പറയുന്നതല്ല. പ്രവാചകന്മാർ പ്രയോഗത്തിൽ വരുത്തിയതും ചരിത്രപരവുമാണ്. പ്രവാചകന്മാർ പച്ചയായ മനുഷ്യരോടാണ് സംവദിച്ചത്. അവസാന പ്രവാചകനായ മുഹമ്മദ്ﷺ അദ്ദേഹത്തിന്റെ വിടവാങ്ങൽ പ്രസംഗത്തിൽ പറഞ്ഞ വാക്കുകൾ വ്യക്തമാണ്: "കറുത്തവന് വെളുത്തവനെക്കാളും വെളുത്തവന് കറുത്തവനെക്കാളും ശ്രേഷ്ഠതയില്ല."

ഇന്നും ഇസ്‌ലാമിക രാജ്യങ്ങളിൽ ജോലിയാവശ്യാർഥം പോകുന്ന എത്രയോ ഹൈന്ദവരുണ്ട്. അവർക്കൊപ്പം ഭക്ഷണം കഴിക്കാനും തൊട്ടുരുമ്മി യാത്രചെയ്യാനും അറബികൾക്ക് യാതൊരു സങ്കോചവും ഇല്ല എന്നത് അനുഭവങ്ങളിലൂടെ അറിഞ്ഞവരാണ് നാം.

ഇത്തരം കാര്യങ്ങൾ നാം സൂചിപ്പിച്ചാൽ ജാതീയത എല്ലാ മതങ്ങളിലും ഉണ്ട് എന്ന് വരുത്തിത്തീർക്കാനാണ് ചിലർ ശ്രമിക്കാറ്. ഇസ്‌ലാമിൽ ജാതീയതയില്ല എന്ന് ആർജവത്തോടെ പറയാൻ കഴിയും. എല്ലാ മതങ്ങളിലും ജാതീയതയുണ്ട് എന്ന് പറഞ്ഞ് സ്വന്തം മതത്തിലെ ജാതിചിന്തയെ ന്യാ

യീകരിക്കുവാനാണോ അതോ അതിനെ വിപാടനം ചെയ്യാനാണോ ഗുണകാംക്ഷികൾ ശ്രമിക്കേണ്ടത്? സ്വന്തം വീട്ടിൽ ദാരിദ്ര്യം പിടിപെട്ടാൽ അതിന്റെ പരിഹാരം അയൽ പക്കത്തെ വീട്ടിലും ദാരിദ്ര്യം ഉണ്ടെന്ന് കരുതി സമാധാനിച്ചിരിക്കലാണോ?

ഇസ്‌ലാമിൽ ജാതീയത ഇല്ല എന്നത് എതിരാളികൾ പോലും അംഗീകരിക്കുന്ന കാര്യമാണ്. സുന്നി, മുജാഹിദ്, ജമാഅത്ത് തുടങ്ങിയ പേരുകൾ നിരത്തി അത് മുസ്‌ലിംകളിലെ ജാതികളാണ് എന്ന് ജാതി വ്യവസ്ഥയുടെ ദുരനുഭവങ്ങൾ പേറുന്ന സമൂഹത്തിലെ പാവങ്ങളെ തെറ്റിദ്ധരിപ്പിക്കുവാൻ ചില ബുദ്ധിജീവികൾ കാണിക്കുന്ന വിരുത് ചില്ലറയല്ല.

യഥാർഥത്തിൽ ഇന്ന് നിലനിൽക്കുന്ന ജാതി എന്നത് അവരുടെ വിശ്വാസ പ്രകാരം ജന്മത്തിന്റെ അടിസ്ഥാനത്തിൽ ലഭിക്കുന്നതാണ്. അതിൽ ഉയർന്നതും താഴ്ന്നതും ഉണ്ട് എന്നാണ് സങ്കൽപം. ഒരു പുലയന് നായരാകാനോ നായർക്ക് നമ്പൂതിരിയാകാനോ കഴിയില്ല. എന്നാൽ മുസ്‌ലിംകളിലെ സംഘടനാ വകഭേദങ്ങൾ ജന്മത്തിന്റെ അടിസ്ഥാനത്തിൽ ഉള്ളതല്ല. ആശയങ്ങളും പ്രമാണങ്ങളും അടിസ്ഥാനപ്പെടുത്തി രൂപീകരിക്കുന്ന, വേറിട്ട് പ്രവർത്തിക്കുന്ന സംഘടനകളാണ് അവ. വ്യഖ്യാനവ്യതിയാനങ്ങളാണ് അതിനുള്ള കാരണം. അല്ലാതെ പ്രവാചകനോ ക്വുർആനോ പഠിപ്പിക്കുന്ന ജാതിവിഭാഗമല്ല അതൊന്നും. ഒരു വീട്ടിൽ തന്നെ സുന്നിയും മുജാഹിദും ജമാഅത്തുകാരനും ഉണ്ടായേക്കാം. ഒരു സുന്നിക്ക് മുജാഹിദാവാനും മറിച്ചും യാതൊരു തടസ്സവുമില്ല. എന്നാൽ ഈ വസ്തുത സൗകര്യപൂർവം മറച്ചുപിടിക്കാനാണ് ചിലർക്ക് ഇഷ്ടം.

തോമാശ്ലീഹാ കേരളത്തിൽ വന്നപ്പോൾ ക്രിസ്തുമതം സ്വീകരിച്ച നമ്പൂതിരിമാരുടെ പിൻമുറക്കാരാണ് ഞങ്ങൾ എന്ന് അഭിമാനപൂർവം പറയുന്നവർ ജാതീയതയുടെ ദുർഗന്ധം അറിഞ്ഞോ അറിയാതെയോ പരത്തുന്നു എന്നതും മറ്റൊരു യാഥാർഥ്യമാണ്.

യേശുവിന്റെ സമീപനം വർണവിവേചനങ്ങൾക്ക് എതിരെയായിരുന്നു എന്നത് അദ്ദേഹത്തിന്റെ ശിഷ്യഗണങ്ങളെയും അധ്യാപനങ്ങളെയും പഠിച്ചറിഞ്ഞവർക്ക് വ്യക്തമാകും. എന്നാൽ പാശ്ചാത്യർ അദ്ദേഹത്തിന്റെ യഥാർഥ അധ്യാപനങ്ങൾ ഹൃദയം കൊണ്ട് സ്വീകരിക്കാത്തതിനാലാണ്, അവർക്കിടയിലെ വർണവെറിക്കും അടിമത്തത്തിനുമെതിരെ കഴിഞ്ഞ നൂറ്റാണ്ടിലെ അവസാനത്തിലും ഒരുപാട് ആക്ടിവിസ്റ്റുകൾക്ക് ഇടപെടേണ്ടിവന്നത്.

നിയമപരമായി യൂറോപ്പിൽ വർണവിവേചനം നിരോധിക്കപ്പെട്ടെങ്കിലും അത് ഉൾക്കൊള്ളാൽ ഇനിയും പലർക്കും കഴിഞ്ഞിട്ടില്ല. അതിന്റെ സമകാലിക ഉദാഹരണങ്ങളിൽ ഒന്നായിരുന്നു പ്രശസ്ത ബോക്സിംഗ്ഇതിഹാസം മുഹമ്മദലി ക്ലേ. ഒരു ക്രിസ്തീയ കുടുംബത്തിൽ ജനിച്ച അദ്ദേഹം ബോക്സിംഗിൽ ലോക പ്രശ്സ്തിയാർജിച്ചു, അത്രമേൽ പ്രശ്സ്തനായിട്ട് പോലും അദ്ദേഹം വെള്ളക്കാരുടെ ഹോട്ടലിൽ പ്രവേശിക്കുന്നത് തടയപ്പെട്ടു. മനുഷ്യനെ മനുഷ്യനായി കാണാൻ കഴിയുന്നത് ഇസ്‌ലാമിന് മാത്രമാണെന്നുള്ള തിരിച്ചറിവാണ് കാഷ്യസ് ക്ലേയെ മുഹമ്മദലി ക്ലേ ആക്കിമാറ്റിയത്. അത്കൊണ്ടാണ് നമ്മുടെ ഭരണഘടനാശിൽപിയും ഭരണഘടനയുടെ ഡ്രാഫ്റ്റിംഗ് കമ്മിറ്റി അധ്യക്ഷനുമായിരുന്ന ഡോ. ബി. അംബേദ്കർ അവർണരുടെ ബഹുമുഖങ്ങളായ പ്രയാസങ്ങൾക്ക് അറുതി ലഭിക്കണമെങ്കിൽ മത പരിവർത്തനം മാത്രമാണ് പോംവഴി എന്ന് ചിന്തിച്ചത്.

ഹിന്ദു സമൂഹത്തിന്റെ നവോത്ഥാനവും പുരോഗതിയുമാണ് തങ്ങളുടെ ലക്ഷ്യം എന്ന് അവകാശപ്പെടുന്ന രാഷ്ട്രീയ പ്രസ്ഥാനങ്ങൾ ഇവ്വിഷയകമായി എന്ത് നിലപാടാണ് എടുക്കുന്നത് എന്ന് അറിയാൻ കൗതുകമുണ്ട്. ഹിന്ദുഐക്യം ആത്മാർഥമാണെങ്കിൽ വ്യത്യസ്ത ജാതികൾ തമ്മിലുള്ള വിവാഹത്തിന് സാമുദായിക സംഘനടകൾ പ്രോത്സാഹനവും ബോധവൽകരണവും നടത്തേണ്ടതുണ്ട്. പ്രധാനപ്പെട്ട ഹൈന്ദവ ആരാധനാലയങ്ങളിൽ കാർമികത്വം വഹിക്കുന്നതിന് സാക്ഷര കേരളത്തിൽ ജാതി തന്നെയാണ് ഇപ്പോഴും അടിസ്ഥാനം. ഇത്തരം കാര്യങ്ങൾ ശ്രദ്ധയിൽ പെടുത്തിയാൽ ബന്ധപ്പെട്ടവർക്ക് പറയാനുള്ളത് ചില മഹദ് വചനങ്ങളാണ്. ബ്രാഹ്മണൻ എന്നാൽ ഒരു ജാതിയുടെ പേരല്ല എന്നും ബ്രഹ്മത്തെ അറിഞ്ഞവനാണ് ബ്രഹ്മണൻ എന്നും അറിവാണ് ബ്രഹ്മം എന്നും ആയതിനാൽ അറിവുള്ളവർ എല്ലാം തന്നെ ബ്രാഹ്മണരാണ് എന്നുമെല്ലാം പറഞ്ഞ് അവർ വാചാലരാകുന്നത് കാണാം. സുന്ദരമായ ഒരു സങ്കൽപം എന്നതിലുപരി ഈ സിദ്ധാന്തത്തിന് പ്രായോഗിക തലത്തിൽ ഒരു പ്രസക്തിയുമില്ല. താഴ്ന്ന കുലത്തിൽ ജനിച്ച് അറിവ് കൊണ്ട് ബ്രാഹ്മണനായി, അങ്ങനെ ഏതെങ്കിലും ഒരു മഠത്തിന്റെ അധിപനായ ഒരു ശങ്കരാചാര്യനെ ഇതുവരെയും കാണാൻ കഴിഞ്ഞിട്ടില്ല.

തമിഴ്നാട്ടിൽ ഈയിടെ ഒരു വീടിന്റെ ചുറ്റുമതിൽ പൊളിഞ്ഞുവീണ് 17 പേർ മരിച്ച വാർത്ത നാം കേട്ടു. ഒരു സവർണൻ ചുറ്റിലുമുള്ള അവർണരുമായുള്ള സമ്പർക്കവും അവരെ കാണുന്നതും ഒഴിവാക്കുവാൻ 20 അടി ഉയരത്തിൽ കെട്ടിയ മതിലാണ് പൊളിഞ്ഞു വീണത് എന്ന കാര്യം ചില ഓൺലൈൻ മാധ്യമങ്ങൾ മാത്രമാണ് പുറത്തുവിട്ടത്. കേരളത്തിൽ മാത്രമാണ് ജാതിവിവേചനത്തിന് അൽപമെങ്കിലും കുറവുള്ളത്, മറ്റെല്ലാ സംസ്ഥാനങ്ങളിലും ഇപ്പോഴും സ്ഥിതി ശോചനീയം തന്നെയാണ്. ●

ശമീർ മദീനി
shameermadeeni@gmail.com

ലേഖനം



# മൂന്നാം ഖലീഫയുടെ കാലത്തെ ക്വുർആൻ ക്രോഡീകരണം

**വി**ശുദ്ധ ക്വുർആൻ നബിﷺയുടെ കാലം മുതൽ പ്രധാനമായും ഹൃദയങ്ങളിൽ മനഃപാഠമായി സൂക്ഷിക്കുകയും ആവശ്യാനുസരണം പാരായണം ചെയ്യുകയുമായിരുന്നു പതിവ്. എന്നാൽ അതോടൊപ്പം തന്നെ എഴുതാനും വായിക്കാനും അറിയുമായിരുന്നവരെക്കൊണ്ട് അത് എഴുതി സൂക്ഷിക്കുകയും ചെയ്തിരുന്നു. അങ്ങനെ നബിﷺ ഈ ലോകത്തോട് വിടപറയുമ്പോഴേക്കും ആയിരക്കണക്കിന്ന് സ്വഹാബികളുടെ ഹൃദയങ്ങളിൽ മനഃപാഠമായും നിരവധി പേരുടെ പക്കൽ വരമൊഴിയായും സുരക്ഷിതമായിരുന്നു വിശുദ്ധ ക്വുർആൻ.

ശേഷം അബൂബക്കർ സ്വിദ്ദീഖിൻ്റെ ഭരണകാലത്ത് ഈ രേഖപ്പെടുത്തപ്പെട്ട് കിടക്കുന്നവ ഒരുമിച്ച് ഒരു ഗ്രന്ഥരൂപത്തിൽ രണ്ട് ചട്ടക്കുള്ളിലാക്കാനുള്ള ഉമറിൻ്റെ നിർദേശവും അതിനെ തുടർന്നുള്ള ചർച്ചയുമൊക്കെ കഴിഞ്ഞപ്പോൾ ഖലീഫയുടെ നിർദേശപ്രകാരം സൈദുബ്നു ഥാബിതിൻ്റെ മേൽ നോട്ടത്തിൽ പ്രസ്തുത ദൗത്യവും പൂർത്തിയായി. അങ്ങനെ വിശുദ്ധ ക്വുർആൻ്റെ കാര്യത്തിൽ പരിപൂർണ നിർഭയത്വത്തോടെ പഠനവും പാരായണവും പ്രചാരണവുമൊക്കെയായി ആ കാലവും കഴിഞ്ഞു. ശേഷം രണ്ടാം ഖലീഫ ഉമറുബ്നുൽ ഖത്ത്വാബിൻ്റെ കാലത്തും ഇതേ സ്ഥിതി തുടർന്നു.

എന്നാൽ മൂന്നാം ഖലീഫയായ ഉസ്മാനുബ്നുൽ അഫ്ഫാന്റെ﵁ കാലഘട്ടത്തിൽ (ഹി:24-35) ഇസ്‌ലാമിക സാമ്രാജ്യം കുറേകൂടി വിസ്തൃതമായി. കൂടുതൽ കൂടുതൽ ആളുകൾ ഇസ്‌ലാമിലേക്ക് കടന്നുവന്നുകൊണ്ടിരുന്നു. ഓരോരുത്തരും അവരവർ കേട്ടുപഠിച്ച പാഠരൂപത്തിൽ ക്വുർആൻ വചനങ്ങൾ ഓതിപ്പോന്നു. ചിലരുടെ പക്കലുള്ള വിവരങ്ങൾ മറ്റു ചിലരുടെ അടുക്കലില്ലാത്ത സ്ഥിതിയുമുണ്ടായി. ക്വുർആൻ വചനമെന്ന നിലയിൽ പാരായണം ദുർബലപ്പെടുത്തപ്പെട്ട (മൻസൂഖായ) വചനങ്ങളെ 'മൻസൂഖാ'ണെന്ന് അറിയാതെ ക്വുർആൻ സൂക്തങ്ങളെന്ന ധാരണയിൽ ഓതിവരുന്ന സ്ഥിതിവരെ ചിലർക്കിടയിലുണ്ടായി. ക്വുർആൻ പാരായണങ്ങളിലെ ഈ വ്യത്യാസങ്ങൾ ആളുകൾക്കിടയിൽ കൂടുതൽ അസ്വസ്ഥത സൃഷ്ടിക്കുകയും ചിലപ്പോഴൊക്കെ ഭിന്നത രൂക്ഷമാവുകയും ചെയ്തു.

അത്തരത്തിലൊരു ഭിന്നത ഇറാഖ്, സിറിയ നിവാസികൾക്കിടയിൽ രൂക്ഷമായി നിലനിൽക്കുന്നത് നേരിട്ടനുഭവിച്ചറിഞ്ഞ സ്വഹാബിവര്യനായ ഹുദൈഫതുബ്നുൽ യമാൻ﵁ ഖലീഫ ഉസ്മാനെ﵁ വിവരം അറിയിച്ചു. ജൂത, ക്രിസ്ത്യാനികൾ അവരുടെ വേദത്തിന്റെ കാര്യത്തിൽ ഭിന്നിച്ചതുപോലെ ഈ സമുദായം ഭിന്നിക്കാതിരിക്കാൻ വേണ്ടതു ചെയ്യണമെന്ന് ഖലീഫയോട് അദ്ദേഹം ഉണർത്തി. ഉസ്മാൻ﵁ വിഷയത്തിന്റെ ഗൗരവം മനസ്സിലാക്കി എല്ലാവരെയും വിളിച്ചുകൂട്ടി വിഷയം ചർച്ചചെയ്തു.

അങ്ങനെ അബൂബക്കറി﵁ന്റെ കാലത്ത് ക്രോഡീകരിച്ച ക്വുർആനിന്റെ കയ്യെഴുത്ത് പ്രതിയെ അടിസ്ഥാനപ്പെടുത്തി കോപ്പികൾ പകർത്തിയെഴുതി വിവിധ പ്രദേശങ്ങളിലേക്ക് അയക്കാൻ തീരുമാനമായി.

അത് പ്രകാരം ക്വുർആൻ എഴുത്തുകാരിലെ പ്രമുഖനും അബൂബക്കറി﵁ന്റെ കാലത്ത് പ്രസ്തുത ഉത്തരവാദിത്തം ഭംഗിയായി നിർവഹിച്ച വ്യക്തിയുമായ സൈദുബ്നുഥാബിതി﵁ന്റെ നേതൃത്വത്തിൽ അബ്ദുല്ലാഹിബ്നു സുബൈർ﵁, സഈദുബ്നുൽ ആസ്﵁, അബ്ദുർറഹ്മാൻ ബ്നുൽ ഹാരിഥുബ്നു ഹിശാം﵁ മുതലായവരെ ക്വുർആൻ പകർത്തി എഴുതാൻ ഖലീഫ ഉസ്മാൻ﵁ ചുമതലപ്പെടുത്തി. അങ്ങനെ ക്വുർആൻ വചനങ്ങളായി സ്ഥിരപ്പെട്ടവ മാത്രം ക്രോഡീകരിച്ച് അതിന്റെ പകർപ്പുകൾ വിവിധ സ്ഥലങ്ങളിലേക്ക് ഖലീഫ അയച്ചുകൊടുക്കുകയും ക്വുർആനുമായി ബന്ധപ്പെട്ടുള്ള അഭിപ്രായ ഭിന്നതകൾ ഈ ക്രോഡീകരിച്ചതനുസരിച്ച് പരിഹരിക്കാൻ നിർദേശിക്കുകയും ചെയ്തു.

**മറ്റുള്ളവ കത്തിച്ചത് അപരാധമോ?**

ഖലീഫ ഉസ്മാനുബ്നു അഫ്ഫാ﵁ന്റെ നിർദേശപ്രകാരം സൈദുബ്നു ഥാബിതി﵁ന്റെ നേതൃത്വത്തിലുള്ള മുസ്ഹഫിനെ അടിസ്ഥാനപ്പെടുത്തി പകർത്തിയെഴുതിയ ശേഷം മറ്റുള്ള കോപ്പികൾ കത്തിച്ചുകളയുകയും ചെയ്തു. കാരണം ക്വുർആനിക വചനങ്ങൾ മാത്രമായി ക്രോഡീകരിക്കപ്പെട്ടതാണ് ഉസ്മാന്റെ﵁ നിർദേശപ്രകാരം ക്രോഡീകരിക്കപ്പെട്ട മുസ്ഹഫ്. എന്നാൽ മറ്റുള്ള ഒറ്റപ്പെട്ട വ്യക്തികളുടെ കൈവശമുണ്ടായിരുന്ന പ്രതികളിൽ ക്വുർആനിന്ന് പുറമെ ചില വിശദീകരണങ്ങളും മറ്റും ഉൾപ്പെട്ടവയുമുണ്ടായിരുന്നു. പാരായണം ദുർബലപ്പെടുത്തപ്പെട്ട (മൻസൂഖായ) വചനങ്ങളും പ്രസ്തുത വിവരമറിയാത്തതു കൊണ്ട് ചിലർ ക്വുർആനെന്ന് ഗണിച്ച് എഴുതുകയും പാരായണം ചെയ്തുപോരുകയും ഉണ്ടായിട്ടുണ്ട്. അതുകൊണ്ടാണ് ഭാവിയിൽ വീണ്ടും പ്രശ്നങ്ങൾ ഉടലെടുക്കാതിരിക്കാൻ വേണ്ടി സ്വഹാബത്തിന്റെ സാന്നിധ്യത്തിൽ അവരുടെ കൂടി അംഗീകാരത്തോടെ ഉസ്മാൻ﵁ അപ്രകാരം ചെയ്തത്. ക്വുർആൻ വചനങ്ങളും ഹദീഥ് വചനങ്ങളുമടക്കമുള്ള ആദരിക്കപ്പെടേണ്ടതായ ഏടുകൾ അവയോട് യാതൊരു അനാദരവും വരാതിരിക്കാൻ കരിച്ചുകളയുകയായിരുന്നു. അഥവാ മറ്റ് ഏടുകൾ കത്തിച്ചുകളഞ്ഞത് അവയോടുള്ള വിദ്വേഷം കൊണ്ടോ അനാദരവ് കൊണ്ടോ ആയിരുന്നില്ല എന്ന് സാരം. ഇന്നും ഇത്തരത്തിലുള്ള പവിത്രമായ രേഖകൾ ഉപയോഗശൂന്യമായാൽ കത്തിച്ചുകളയുകയാണ് പതിവ്. ഉർവതുബ്നു സുബൈർ, ത്വാവൂസ് മുതലായ പൂർവസൂരികളായ പണ്ഡിതന്മാരടക്കം അത്തരം രീതി സ്വീകരിച്ചു വന്നതായി ഇസ്‌ലാമിക ചരിത്രം സാക്ഷ്യപ്പെടുത്തുന്നുണ്ട്.

ചുരുക്കത്തിൽ, ഉസ്മാൻ﵁ ഈ കാര്യം ചെയ്തത് സ്വന്തം ഇഷ്ടപ്രകാരമായിരുന്നില്ല; അലി﵁ അടക്കമുള്ള സ്വഹാബത്തിന്റെ സാന്നിധ്യത്തിലും അംഗീകാരത്തോടെയുമായിരുന്നു. 'ഉസ്മാന്റെ﵁ സ്ഥാനത്ത് ഞാനായിരുന്നെങ്കിൽ ഞാനും ഇങ്ങനെയാണ് ചെയ്യുക' എന്ന് അലി﵁ തന്നെ വ്യക്തമാക്കിയിട്ടുമുണ്ട്.

അല്ലാഹുവിന്റെ അപാരമായ അനുഗ്രഹത്താൽ ഉസ്മാന്റെ﵁ സന്ദർഭോചിതമായ ഇടപെടലിലൂടെ ക്വുർആനുമായി ബന്ധപ്പെട്ട് ഉടലെടുത്ത മറ്റൊരു 'ഫിത്ന' കൂടി ഇല്ലാതായി.

ഇന്ന് ഇസ്‌ലാമിക ലോകത്ത് എല്ലായിടത്തുമുള്ള ക്വുർആൻ ഒരു പോലെയാണ്. അധ്യായങ്ങളിലും സൂക്തങ്ങളിലും ഇസ്‌ലാമിക ലോകത്ത് തർക്കങ്ങളില്ല. നബി﵌യുടെയും അബൂബക്കറി﵁ന്റെയും കാലത്തുണ്ടായിരുന്ന ഏതെങ്കിലും അധ്യായമോ വചനങ്ങളോ എന്നല്ല, ഒരു പദമെങ്കിലും ഉ

ഥ്മാൻﷺ പകർത്തിയെഴുതിയപ്പോൾ ഒഴിവാക്കി (വിട്ടുപോയി) എന്ന് ചൂണ്ടിക്കാണിക്കാൻ ക്വുർആനിന്റെ എതിരാളികൾക്ക് ഇന്നോളം സാധിച്ചിട്ടില്ല.

ലോകത്ത് എവിടെയും, എഴുത്തിലോ പാരായണത്തിലോ ആർക്കെങ്കിലും മറവിയോ അബദ്ധമോ സംഭവിച്ചാൽ, ഒരു വചനത്തിലോ പദത്തിലോ പോലും പിശക് പറ്റിയാൽ ഉടനടി തിരുത്താൻ പ്രാപ്തരായ പിഞ്ചുകുട്ടികൾ മുതൽ മുതിർന്ന പണ്ഡിതന്മാർ വരെയുള്ള ലക്ഷക്കണക്കിനാളുകൾ ഇന്ന് ജീവിച്ചിരിക്കുന്നുണ്ട് എന്നതും ഏറെ അത്ഭുതകരമാണ്!

നിരവധി അത്ഭുതങ്ങളുൾക്കൊള്ളുന്ന, ദൈവികമെന്ന് ആവർത്തിച്ചാവർത്തിച്ച് ഉദ്ഘോഷിക്കുന്ന, ലോകത്ത് ഏറ്റവും കൂടുതൽ വായിക്കപ്പെടുകയും ഏറ്റവും കൂടുതൽ ചർച്ചചെയ്യപ്പെടുന്നതുമായ ഒരു ഗ്രന്ഥം നമ്മുടെയും വായനക്കും പഠനത്തിനും വിഷയമാകേണ്ടതല്ലേ എന്ന് ആത്മാർഥമായി ആലോചിക്കുക. അല്ലാഹു പറയുന്നു:

"തീർച്ചയായും ആലോചിച്ചു മനസ്സിലാക്കാൻ ക്വുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ചു മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?" (54:17).

"തീർച്ചയായും ആലോചിച്ച് മനസ്സിലാക്കുവാൻ ക്വുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ച് മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?" (54:22).

"തീർച്ചയായും ആലോചിച്ചു മനസ്സിലാക്കുവാൻ ക്വുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ച് മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?" (54:32).

"തീർച്ചയായും ആലോചിച്ചു മനസ്സിലാക്കുന്നതിന് ക്വുർആൻ നാം എളുപ്പമുള്ളതാക്കിയിരിക്കുന്നു. എന്നാൽ ആലോചിച്ച് മനസ്സിലാക്കുന്നവരായി ആരെങ്കിലുമുണ്ടോ?"(54:40). ●

### പൗരത്വ ബിൽ: മതേതര മുന്നേറ്റം ശക്തിപ്പെടുത്തണം

# വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ

കോഴിക്കോട്: കേന്ദ്ര സർക്കാർ കൊണ്ടുവരുന്ന പൗരത്വനിയമ ഭേദഗതി ബിൽ രാജ്യത്ത് അരാജകത്വം സൃഷ്ടിക്കാനുള്ള ബോധപൂർവമായ ശ്രമങ്ങളുടെ ഭാഗമാണെന്നും അപകടരമായ ഈ നീക്കത്തിനെതിരെ മതേതര മുന്നേറ്റം ശക്തിപ്പെടുത്തുകയാണ് ഏറ്റവും അനിവാര്യമെന്നും വിസ്ഡം ഇസ്‌ലാമിക് ഓർഗനൈസേഷൻ സംസ്ഥാന നേതാക്കൾ വ്യക്തമാക്കി.

പാകിസ്ഥാൻ, അഫ്ഗാനിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിലെ കുടിയേറ്റക്കാരിൽ മുസ്‌ലിംകളൊഴികെയുള്ളവർക്ക് പൗരത്വം നൽകി മുസ്‌ലിംകളെ മാത്രം മാറ്റിനിർത്താനുള്ള കേന്ദ്ര സർക്കാർ നീക്കം രാജ്യത്തെ പൗരൻമാർക്ക് ഭരണഘടന ഉറപ്പുനൽകുന്ന സമത്വം എന്ന സുപ്രധാന മൂല്യത്തിനെതിരാണെന്ന് രാജ്യത്തെ മതേതര കക്ഷികൾ തുറന്ന് പ്രഖ്യാപിച്ചത് ആശാവഹമാണ്. ആ ദിശയിലാണ് പോരാട്ടം മുന്നോട്ടു പോകേണ്ടത്. ഈ വിഷയം കേവലം ഒരു മുസ്‌ലിം പ്രശ്നമായി മാത്രം ഒറ്റപ്പെടുന്ന സമീപനങ്ങൾ ആശാസ്യമല്ല.

ഭരണഘടനയുടെ 14ാം അനുഛേദത്തെ തള്ളിക്കളയുകയും മതേതര ജനാധിപത്യ മൂല്യങ്ങളെ തകർക്കുകയും ചെയ്യുന്നതാണ് കേന്ദ്ര സർക്കാർ നീക്കമെന്ന് വ്യക്തമായിരിക്കെ, രാജ്യസ്നേഹികൾ ബാധ്യത നിർവഹിക്കാൻ രംഗത്തിറങ്ങേണ്ട സമയമാണിതെന്ന് പ്രസ്താവന തുടർന്നു. ദേശീയ തലത്തിൽ പൗരത്വപട്ടിക തയ്യാറാക്കാനുള്ള നീക്കവും മുസ്‌ലിം സമുദായത്തിന്റെ നിലനിൽപ് ചോദ്യം ചെയ്യാൻ ലക്ഷ്യം വെച്ച് രൂപപ്പെടുത്തിയതാണ്. മതാടിസ്ഥാനത്തിൽ പൗരത്വം നൽകുന്നതിനുള്ള നിയമനിർമാണം നടത്തുക വഴി രാജ്യത്തെ ലോകത്തിനു മുമ്പിൽ നാണം കെടുത്തുകയാണ് സർക്കാർ ചെയ്യുന്നത്. കുടിയേറ്റക്കാരെ മുഴുവൻ മനുഷ്യരായി പരിഗണിക്കാതിരിക്കുന്ന വിവേചനം വർഗീയ ചേരിതിരിവിലൂടെ ഭരണം നിലനിർത്താനുള്ള കപട നീക്കമായേ കാണാനാവൂ. രാജ്യത്തിന്റെ സ്വാതന്ത്ര്യ സമരത്തിൽ മുന്നിൽ നിന്ന ഒരു സമുദായത്തിന്റെ അസ്തിത്വത്തെ തന്നെ ചോദ്യം ചെയ്യുക വഴി ഭരണകൂടം രാജ്യത്തെ തന്നെ തകർക്കുകയാണ് ചെയ്യുന്നത്.

മറ്റു മുസ്‌ലിം സംഘടനകളുമായും മതേതര കക്ഷി നേതാക്കളുമായും ബന്ധപ്പെട്ട് നിയമ നടപടികൾ ഉൾപ്പെടെയുള്ള കാര്യങ്ങൾക്ക് അന്തിമരൂപം നൽകാൻ മുൻകയ്യെടുക്കുമെന്ന് വിസ്ഡം ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡന്റ് പി.എൻ അബ്ദുല്ലത്വീഫ് മദനി, ജനറൽ സെക്രട്ടറി ടി.കെ അശ്റഫ്, വിസ്ഡം യൂത്ത് ജനറൽ സെക്രട്ടറി കെ.സജ്ജാദ്, വിസ്ഡം സ്റ്റുഡന്റ്സ് ജനറൽ സെക്രട്ടറി ലുബൈബ് എന്നിവർ സംയുക്ത പ്രസ്താവനയിൽ പറഞ്ഞു.

അബ്ദുറഹ്മാൻ നാസിർ അസ്സഅദി
വിവ: ഹാരിസ് ബിൻ സലീം



അധ്യായം: 68, ഭാഗം: 1

# ഖലം (പേന)

(മക്കയിൽ അവതരിച്ചത്)

1. നൂൻ; പേനയും അവർ എഴുതുന്നതും തന്നെയാണ് സത്യം.
2. നിന്റെ രക്ഷിതാവിന്റെ അനുഗ്രഹം കൊണ്ട് നീ ഒരു ഭ്രാന്തനല്ല.
3. തീർച്ചയായും നിനക്ക് മുറിഞ്ഞ് പോകാത്ത പ്രതിഫലമുണ്ട്.
4. തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു.
5. ആകയാൽ വഴിയെ നീ കണ്ടറിയും, അവരും കണ്ടറിയും;
6. നിങ്ങളിൽ ആരാണ് കുഴപ്പത്തിലകപ്പെട്ടവനെന്ന്.
7. തീർച്ചയായും നിന്റെ രക്ഷിതാവ് അവന്റെ മാർഗം വിട്ടു പിഴച്ചുപോയവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു. സൻമാർഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനാകുന്നു.
8. അതിനാൽ സത്യനിഷേധികളെ നീ അനുസരിക്കരുത്?
9. നീ വഴങ്ങിക്കൊടുത്തിരുന്നെങ്കിൽ അവർക്കും വഴങ്ങിത്തരാമായിരുന്നു എന്നവർ ആഗ്രഹിക്കുന്നു.

نٓ ۚ وَٱلْقَلَمِ وَمَا يَسْطُرُونَ ﴿١﴾
مَآ أَنتَ بِنِعْمَةِ رَبِّكَ بِمَجْنُونٍ ﴿٢﴾
وَإِنَّ لَكَ لَأَجْرًا غَيْرَ مَمْنُونٍ ﴿٣﴾
وَإِنَّكَ لَعَلَىٰ خُلُقٍ عَظِيمٍ ﴿٤﴾
فَسَتُبْصِرُ وَيُبْصِرُونَ ﴿٥﴾
بِأَييِّكُمُ ٱلْمَفْتُونُ ﴿٦﴾
إِنَّ رَبَّكَ هُوَ أَعْلَمُ بِمَن ضَلَّ عَن سَبِيلِهِۦ
وَهُوَ أَعْلَمُ بِٱلْمُهْتَدِينَ ﴿٧﴾
فَلَا تُطِعِ ٱلْمُكَذِّبِينَ ﴿٨﴾
وَدُّوا۟ لَوْ تُدْهِنُ فَيُدْهِنُونَ ﴿٩﴾

1-2). വിവിധ തരം വിജ്ഞാനങ്ങൾ രേഖപ്പെടുത്താൻ ഉപയോഗിക്കുന്ന, സർവ എഴുത്തുപകരണങ്ങളെയും പൊതുവായി ഉൾക്കൊള്ളുന്ന ഒരു വർഗനാമമാണ് ഇവിടെ قلم (പേന) എന്നത്. ഗദ്യങ്ങളും പദ്യങ്ങളും രേഖപ്പെടുത്താൻ അത് ഉപയോഗിക്കുന്നു. ഇവിടെ പേന രേഖപ്പെടുത്തുന്നതാവട്ടെ, അല്ലാഹുവിന്റെ മഹത്തായ ദൃഷ്ടാന്തങ്ങളായ അവന്റെ വിവിധ വചനങ്ങൾ. അവ സത്യം ചെയ്ത് പറയാൻ അർഹമായവയാണ്; ശത്രുക്കൾ നബിﷺയിൽ ആരോപിക്കുന്ന ഭ്രാന്തിൽനിന്ന് അദ്ദേഹം മുക്തനാണെന്ന്. അല്ലാഹുവിന്റെ മഹത്തായ കാരുണ്യം കൊണ്ടും ഔദാര്യം കൊണ്ടും ഭ്രാന്ത് അദ്ദേഹത്തിനില്ലെന്ന് മാത്രമല്ല, തികഞ്ഞ ബുദ്ധിയും ഉന്നതമായ കാഴ്ചപ്പാടും സംശയരഹിതമായ വാക്കുകളുമാണ് അദ്ദേഹത്തിനുള്ളത്. പേനകളിൽ നിന്ന് ഉത്ഭവിച്ച, മനുഷ്യൻ എഴുതിയവയെക്കാൾ ഏറ്റവും ഉത്തമമായത് ഈ വചനങ്ങൾ തന്നെ. ഇത് ഈ ലോകത്ത് അദ്ദേഹത്തിന് ലഭിച്ച ഏറ്റവും വലിയ സൗഭാഗ്യമാണ്.

3). തുടർന്ന് അല്ലാഹു പറയുന്നത്, പരലോകത്ത് അദ്ദേഹത്തിന് ലഭിക്കുന്ന സൗഭാഗ്യത്തെക്കുറിച്ചാണ്. (തീർച്ചയായും നിനക്ക് മുറിഞ്ഞുപോകാത്ത പ്രതിഫലമുണ്ട്). മഹത്തായ പ്രതിഫലം എന്നും വാചകത്തിന്റെ പ്രയോഗത്തിൽ നിന്ന് ലഭിക്കും. അതായത് നിന്നുപോകാത്തത്, നിത്യമായി നിലനിൽക്കുന്നത് എന്നർഥം. അതെല്ലാം അദ്ദേഹം ചെയ്തുവെച്ച സൽപ്രവർത്തനങ്ങളുടെയും സമ്പൂർണ സ്വഭാവഗുണങ്ങളുടെയും നന്മകളുടെയും ഫലമായിട്ടാണ്.

4). അതാണ് തുടർന്ന് പറയുന്നത്: (തീർച്ചയായും നീ മഹത്തായ സ്വഭാവത്തിലാകുന്നു) അതായത് ഔന്നത്യമുള്ളവൻ. താങ്കൾക്ക് അല്ലാഹു കനിഞ്ഞു നൽകിയ സ്വഭാവത്തിലുണ്ടായ ഔന്നത്യം. നബിﷺയുടെ സ്വഭാവത്തെക്കുറിച്ച് ചോദിച്ച വ്യക്തിയോട് ആഇശ(റ) ആ സ്വഭാവത്തിന്റെ സംക്ഷിപ്തം വിശദീകരിച്ചിട്ടുണ്ട്. അവർ പറഞ്ഞു: 'അദ്ദേഹത്തി

ന്റെ സ്വഭാവം ക്വുർആനായിരുന്നു.' ഇത് പോലുള്ള വചനങ്ങൾ (അത് വ്യക്തമാക്കുന്നു:).

خُذِ ٱلۡعَفۡوَ وَأۡمُرۡ بِٱلۡعُرۡفِ وَأَعۡرِضۡ عَنِ ٱلۡجَٰهِلِينَ

"നീ വിട്ടുവീഴ്ച സ്വീകരിക്കുകയും സദാചാരം കൽപിക്കുകയും അവിവേകികളെ വിട്ട് തിരിഞ്ഞുകളയുകയും ചെയ്യുക" (7:199).

فَبِمَا رَحۡمَةٖ مِّنَ ٱللَّهِ لِنتَ لَهُمۡ

"അല്ലാഹുവിങ്കൽ നിന്നുള്ള കാരുണ്യം കൊണ്ടാണ് നീ അവരോട് സൗമ്യമായി പെരുമാറിയത്..." (3:159).

لَقَدۡ جَآءَكُمۡ رَسُولٞ مِّنۡ أَنفُسِكُمۡ عَزِيزٌ عَلَيۡهِ مَا عَنِتُّمۡ

"തീർച്ചയായും നിങ്ങൾക്കിതാ നിങ്ങളിൽ നിന്ന് തന്നെയുള്ള ഒരു ദൂതൻ വന്നിരിക്കുന്നു. നിങ്ങൾ കഷ്ടപ്പെടുന്നത് സഹിക്കാൻ കഴിയാത്തവൻ." (9:128).

നബിﷺ സ്വീകരിച്ച ആദരണീയമായ സ്വഭാവ ഗുണങ്ങളെയാണ് ഈ വചനങ്ങളും ഇതുപോലുള്ളവയും അറിയിക്കുന്നത്. ഇവയെല്ലാം മഹത്തായ സ്വഭാവ ഗുണങ്ങൾക്ക് പ്രേരിപ്പിക്കുന്നവ കൂടിയാണ്. ഇവയെല്ലാം പൂർണമായും ഉന്നതമായും അദ്ദേഹത്തിനും ഉണ്ടായിരുന്നു. എല്ലാ കാര്യത്തിലും ഉന്നതശ്രേണിയിലായിരുന്നു. ജനങ്ങളോട് ഏറ്റവും അടുത്തും മൃദുലമായും ലളിതമായും അദ്ദേഹം വർത്തിച്ചു. ചോദിച്ചതിനെല്ലാം ഉത്തരം നൽകിയും ആവശ്യക്കാരന്റെ ആവശ്യങ്ങൾ നിർവഹിച്ചും അന്വേഷിക്കുന്നവനെ നിരാശനാക്കാതെയും തടസ്സപ്പെടുത്താതെയും അവന്റെ മനസ്സിന് പരിഹാരം നൽകുന്നവനായി നിലകൊണ്ടു. കുറ്റകരമല്ലാത്ത ഏതു കാര്യവും തന്റെ അനുചരന്മാർ ഉദ്ദേശിച്ചാൽ അതിനോട് യോജിക്കുകയും അതു നിർവഹിക്കാൻ അവരോടൊപ്പം നിൽക്കുകയും ചെയ്യും. ഒരു കാര്യം അദ്ദേഹം തീരുമാനിച്ചാൽ സ്വേച്ഛാധിപത്യത്തോടെ നടപ്പിലാക്കലല്ല മറിച്ച് അവരോട് കൂടിയാലോചിച്ചും ചർച്ച ചെയ്തുമായിരിക്കും അത് ചെയ്യുക. അവരിൽ നന്മ ചെയ്യുന്നവരെ അദ്ദേഹം സ്വീകരിക്കുകയും അപാകതകൾ സംഭവിക്കുന്നവർക്ക് വിട്ടുവീഴ്ച നൽകുകയും ചെയ്യും. ഒരു കൂട്ടുകാരനുമായി പെരുമാറുമ്പോൾ അദ്ദേഹത്തിന്റെ പെരുമാറ്റം കുറ്റമറ്റതും നന്മ നിറഞ്ഞതുമായിരിക്കും. അദ്ദേഹം വെറുപ്പോടെ ഒരാളോടും മുഖം ചുളിക്കാറില്ല. സംസാരത്തിൽ പരുഷത കാട്ടാറില്ല. തൊലി ചുളിക്കാറില്ല. നാവിന്റെ പിഴവുകൾക്ക് നടപടി എടുക്കാറില്ല. പരുഷത കാണിക്കുന്നവരോട് ശിക്ഷാനടപടി സ്വീകരിക്കാറില്ല. മറിച്ച് അവരോടെല്ലാം അങ്ങേയറ്റത്തെ നന്മ ചെയ്യും. വലിയ സഹനം കാണിക്കുകയും ചെയ്യും.

5,6). ഈ ഉന്നത സ്ഥാനങ്ങളിൽ അല്ലാഹു എത്തിച്ചപ്പോൾ ശത്രുക്കൾ അദ്ദേഹത്തെ ഭ്രാന്തനും കുഴപ്പത്തിൽ അകപ്പെട്ടവനുമാക്കി. (ആകയാൽ വഴിയെ നീ കണ്ടറിയും. അവരും കണ്ടറിയും). ഇവിടെ വ്യക്തമാകുന്നത് നബിﷺ ജനങ്ങളിൽ ഏറ്റവും സന്മാർഗിയും സ്വന്തത്തോടും മറ്റുള്ളവരോടും നന്നായി വർത്തിച്ചവനുമാണ് എന്നാണ്. എന്നാൽ അദ്ദേഹത്തിന്റെ ശത്രുക്കളാകട്ടെ, ജനങ്ങളിൽ ഏറ്റവും വഴിപിഴച്ചവരും ആളുകളിൽ മറ്റുള്ളവരോട് ഏറ്റവും മോശമായി വർത്തിക്കുന്നവരുമാണ്. അല്ലാഹുവിന്റെ നല്ലവരായ അടിമകളെ ദ്രോഹിക്കുകയും വഴിതെറ്റിക്കുകയും ചെയ്തു. അതെല്ലാം അല്ലാഹുവിനറിയാമെന്നതു തന്നെ മതി കാരണം. അവനാണല്ലോ വിചാരണ ചെയ്യുന്ന പ്രതിഫല ദാതാവ്.

7). (തീർച്ചയായും നിന്റെ രക്ഷിതാവ് അവന്റെ മാർഗം വിട്ട് പിഴച്ചുപോകുന്നവരെപ്പറ്റി നല്ലവണ്ണം അറിയുന്നവനാകുന്നു. സന്മാർഗം പ്രാപിച്ചവരെപ്പറ്റിയും അവൻ നല്ലവണ്ണം അറിയുന്നവനാകുന്നു) ഇതിൽ വഴിപിഴച്ചവർക്കുള്ള താക്കീതും സന്മാർഗികൾക്കുള്ള വാഗ്ദാനവുമുണ്ട്. സന്മാർഗത്തിന് യോഗ്യരായവർക്ക് അവൻ മറ്റുള്ളവരിൽ നിന്ന് വിഭിന്നമായി അത് നൽകുന്നു എന്ന അല്ലാഹുവിന്റെ യുക്തിയെ വ്യക്തമാക്കുക കൂടി ചെയ്യുന്നു.

8). അല്ലാഹു തന്റെ നബിയോട് പറയുന്നു: (അതിനാൽ സത്യനിഷേധികളെ നീ അനുസരിക്കരുത്). സത്യത്തോട് ധിക്കാരം കാണിച്ചവരെയും നിന്നെ കളവാക്കിയവരെയും. കാരണം അവർ അനുസരിക്കപ്പെടാൻ യോഗ്യരല്ല. അവരുടെ മനസ്സിന്റെ ഇച്ഛകൾ മാത്രമാണവർ കൽപിക്കുന്നത്. അസത്യമാണവർ ഉദ്ദേശിക്കുന്നത്.

അവരെ അനുസരിക്കുന്നവർ തനിക്ക് ദോഷകരമായതിലേക്കാണ് വരുന്നത്. എല്ലാ നിഷേധിക്കും നിഷേധത്തിൽ നിന്നുണ്ടാകുന്ന എല്ലാ അനുസരണത്തിനും ഇത് ബാധകമാണ്; സന്ദർഭം മറ്റൊന്നാണെങ്കിലും. സന്ദർഭം ബഹുദൈവ വിശ്വാസികൾ തങ്ങളുടെ ആരാധ്യരിലും മതത്തിലും തെറ്റ് കാണുന്നതിൽ നിന്നും മൗനം ദീക്ഷിക്കാൻ ആവശ്യപ്പെടുന്നതാണ്.

9). അതാണ് അല്ലാഹു പറയുന്നത്: (അവർ ആഗ്രഹിക്കുന്നു) അതായത് ബഹുദൈവ വിശ്വാസികൾ. (നീ വഴങ്ങിക്കൊടുത്തിരുന്നുവെങ്കിൽ) അവർ പുലർത്തുന്ന ചില കാര്യങ്ങളോടെങ്കിലും യോജിപ്പ് കാണിച്ചെങ്കിൽ, വാക്കുകൊണ്ടോ പ്രവൃത്തികൊണ്ടോ; ചുരുങ്ങിയത് അതിനെക്കുറിച്ച് പറയാതെ മൗനം കൊണ്ടെങ്കിലും. എന്നാൽ (അവർക്കും വഴങ്ങിത്തരാമായിരുന്നു). എന്നാൽ നീ ചെയ്യേണ്ടത്, അല്ലാഹു കൽപിച്ചത് ഉറക്കെ പറയുക. ഇസ്‌ലാംമതത്തെ വ്യക്തമാക്കുക. അതിന്റെ വ്യക്തത പൂർണമാകുന്നത് അതിന് വിരുദ്ധമായതിന്റെ ഖണ്ഡിക്കുമ്പോഴും തെറ്റുകൾ ചൂണ്ടിക്കാണിക്കുമ്പോഴുമാണ്. ●

ഷാജഹാൻ സുറുമ, എടത്തനാട്ടുകര
shajahansuruma@gmail.com



# നന്മയുടെ ശത്രുക്കൾ

**ജീ**വിത യാത്രയിൽ നാം പല മുഖങ്ങളും കാണാറുണ്ട്. എന്നാൽ നമ്മുടെ ഓർമയിൽ തങ്ങി നിൽക്കുക മോടിയിൽ ഉടുത്തൊരുങ്ങി, ശീതീകരിച്ച കാറിൽ വന്നിറങ്ങി, മുന്തിയ ഹോട്ടലുകൾ തിരയുന്നവരെയായിരിക്കില്ല. മറിച്ച് ഒരു നേരത്തെ അന്നത്തിനായി കൈനീട്ടുന്ന പട്ടിണിക്കോലമായ മുഖങ്ങളായിരിക്കും. അങ്ങേയറ്റം പ്രയാസമനുഭവിക്കുന്ന രോഗികളെയും അംഗവൈകല്യമുള്ളവരെയും കണ്ടുകഴിഞ്ഞാൽ അവരുടെ മുഖം മനുഷ്യത്വമുള്ളവരുടെ മനസ്സിൽ ദിവസങ്ങളോളം മായാതെ നിൽക്കും.

മാസങ്ങൾക്ക് മുമ്പ് തൃശൂരിലേക്കുള്ള യാത്രയ്ക്കിടയിലാണ് ആ കാഴ്ച കണ്ടത്. സമയം ഉച്ച. റോഡിനരികിൽ ഏതാനും ഭിക്ഷാടകർ ആരെയോ പ്രതീക്ഷിച്ചെന്ന പോലെ നിൽക്കുന്നു. അവരുടെ ബോസിനെയാവും എന്ന് കരുതി, ഞാനും കൗതുകത്തോടെ അൽപനേരം കാത്ത് നിന്നു. ഭിക്ഷാടന മാഫിയ അരങ്ങ് വാഴുന്ന കാലമാണല്ലോ ഇത്.

കുറച്ചു സമയം കഴിഞ്ഞപ്പോൾ ഒരു ചെറുപ്പക്കാരൻ അവിടെ ഓട്ടോയിൽ വന്നിറങ്ങി. മുതുകിൽ ഒരു ബാഗും ഇരു കൈകളിലും ഓരോ സഞ്ചിയുമുണ്ട്. അയാൾ അവ താഴെവച്ചു. കനമുള്ള എന്തോ ആണെന്ന് വ്യക്തം. ഭിക്ഷാടകർ അയാളെ സാകൂതം നോക്കി നിൽക്കുന്നു. വൈകാതെ അയാൾ ബാഗിൽ നിന്നും ഓരോ പൊതികൾ എടുത്ത് ഭിക്ഷക്കാർക്ക് കൊടുക്കാൻ തുടങ്ങി. ആർത്തിയോടെ പൊതി തുറന്ന് അവർ കഴിക്കാൻ തുടങ്ങയപ്പോഴാണ് അത് ചോറ്റുപൊതികളാണെന്ന് മനസ്സിലായത്. കൂടുതൽ വിഭവങ്ങൾ ഒന്നുമില്ലാതെ അവർ തിന്നുന്നത് കണ്ടപ്പോൾ സ്വയമൊന്ന് വിലയിരുത്തി, കരിച്ചതും പൊരിച്ചതും ഇല്ലാതെ നമുക്കെങ്ങനെ...

ആ യുവാവ് നടന്നകലുന്നത് വളരെ വിനയത്തോടെ ചിലർ നോക്കുന്നുണ്ട്. എന്നാൽ ചിലർ അതൊന്നും നോക്കാതെ അവരുടെ വിശപ്പിന്റെ വിളിക്ക് ഉത്തരം നൽകുകയാണ്.

ഇത്തരം നന്മ ചെയ്യുന്നവരുടെ എണ്ണം വളരെ വിരളമാണ്. നന്മകളെ പ്രോത്സാഹിപ്പിക്കുന്നവരും നിരുൽസാഹപ്പെടുത്തുന്നവരുമുണ്ട്. സാധുജന സേവനം ചെയ്യാനുള്ള സന്മനസ്സില്ലാത്തവർ അത് ചെയ്യുന്നവരെ പരിഹസിക്കുന്നതാണ് പതിവ്. കാലിളകിയ ബെഞ്ചിലിരുന്ന് ഹാലിളകിയ 'യുവവൃദ്ധന്മാർ' ഒരു കോപ്പ ചായക്ക് ഒരു പരദൂഷണം എന്ന അനുപാതത്തിൽ പരദൂഷണത്തിന്റെ ഭാണ്ഡമിറക്കിവെക്കുന്നത് കാണാം ചില പ്രദേശങ്ങളിൽ. സുമനസ്സുകളെ, അവരുടെ ഉദ്ദേശ്യശുദ്ധിയെ പോസ്റ്റ്മോർട്ടം ചെയ്യലാണ് അവരുടെ പ്രധാന ജോലി.

പരദൂഷണം ഇന്ന് കൂടുതലായും നടക്കുന്നത് സാമൂഹ്യമാധ്യമങ്ങൾ വഴിയാണ്. വാട്സാപ്പ് വഴിയും ഫെയ്സ്ബുക്ക് വഴിയും അത് നിർബാധം നടക്കുന്നുണ്ട്. സുമനസ്സുകളെ ദുരാരോപണത്തിന്റെ ചാട്ടുളികൊണ്ട് എറിഞ്ഞ് വീഴ്ത്തുന്നതിൽ ഗവേഷണം നടത്തുന്നവർ ഏറെയുണ്ട്. ചിലർക്ക് അതൊരു ആത്മസുഖം ലഭിക്കുന്ന കാര്യം, അതിനപ്പുറം നന്മയെ എതിർക്കാൻ അവർക്ക് കാരണമൊന്നുമില്ല. മറ്റു ചിലർ മതവും കക്ഷിരാഷ്ട്രീയവും നോക്കിയാണ് എതിർക്കുക. നന്മചെയ്ത് ജനമനസ്സുകളിൽ കയറിക്കൂടുന്നവൻ തന്റെ പാർട്ടിക്കാരനല്ലെങ്കിൽ, തന്റെ മതക്കാരനല്ലെങ്കിൽ അന്ധമായി എതിർക്കുക; എന്നിട്ട് നന്മയിൽ നിന്ന് പിന്തിരിപ്പിക്കുക. ഇതാണ് ഇക്കൂട്ടർ ചെയ്യുക. നഷ്ടം എപ്പോഴും കഷ്ടപ്പെടുന്നവർക്ക് തന്നെ.

# വിട പറയൂ അപശബ്ദങ്ങളോട്,
# കാതോർക്കൂ ഈ അനുഭൂതിയിലേക്ക്...

- വോയ്സായും ടെക്സ്റ്റായും ആപ്പിൽ നിന്നു തന്നെ ഫീഡ്ബാക്ക് അയക്കാനുള്ള സൗകര്യം
- നോട്ടിഫിക്കേഷൻ സംവിധാനം
- ഓട്ടോ പ്ലേ ഓപ്ഷൻ...
- REWIND - കഴിഞ്ഞുപോയ പ്രോഗ്രാമുകൾ വീണ്ടും കേൾക്കാനുള്ള അവസരം

തുടങ്ങി ഒട്ടേറെ പുതിയ ഫീച്ചറുകളുമായി

24X7 സ്ട്രീമിംഗ്, 10000+ സ്ഥിരം ശ്രോതാക്കൾ...
താങ്കൾ കേട്ടു തുടങ്ങിയോ?



peaceradio
Tune to reality

ഈ ലിങ്കിൽ ക്ലിക്ക് ചെയ്ത് Update ബട്ടൺ അമർത്തുക
https://play.google.com/store/apps/detailsid=com.peaceradio

peaceradio നിങ്ങളുടെ മൊബൈലിൽ ലഭ്യമാകാൻ:

Search peaceradio

Search peace radio App

www.peaceradio.com

Office: Near Sarojini School | Sangeetha Road | Perinthalmanna PO | Malappuram | Kerala | 679322
www.peaceradio.com radioforpeace peaceradionow +91 9020840840

RNI NO: KERMAL 2015/64152
Registered NO: KL/CT/225/2019-21

Nerpatham Weekly
Published on
21 DECEMBER 2019

Licensed to post without prepayment:
No. KL/PMG/NR/WPP/67/KKD/2019-21
Price: ₹12/-

WISDOM BOOKS

**PUBLISHING || DISTRIBUTION**

Wisdom Books | E.K.P Building | Calicut
Web: www.wisdomislam.org | Email: publication@wisdomislam.org
Tel: 0495 4019437

# വിപണിയിൽ...




## പുതിയ പുസ്തകങ്ങൾ

| | |
|---|---|
| 1. പ്രകാശം പരത്തിയ പ്രവാചകന്മാർ, ഭാഗം: 2 | ഹുസൈൻ സലഫി / ₹ 120 |
| 2. സംസ്കാരം, സമൂഹം, സദാചാരം: സമകാലിക വായന | സുഫ്‌യാൻ അബ്ദുസ്സലാം / ₹ 180 |
| 3. ദേശം, ദേശീയത, വിശ്വാസം: മുസ്‌ലിമിന് പറയാനുള്ളത് | പി.വി.എ പ്രിംറോസ് / ₹ 90 |
| 4. വാടാമലരുകൾ (കുട്ടിക്കവിതകൾ) | ഉസ്മാൻ പാലക്കാഴി / ₹ 80 |
| 5. പൂമരത്തണൽ (ഗുണപാഠ കഥകൾ) | റാഷിദ ബിൻത് ഉസ്മാൻ / ₹ 100 |
| 6. തേൻതുള്ളികൾ (സാരോപദേശ കഥകൾ) | ഉസ്മാൻ പാലക്കാഴി / ₹ 100 |